Merry Christmas

&

Blessed New Year



# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Dn. Joseph Chakkalackal (Ajin)
Holy Family Church, Boy's Town
26 December 2018, 09.15 am



Dn. Thomas Chavaranal (Nikhil)
St. Mary's Church, Panavally
27 December 2018, 09.15 am



Dn. Varghese Kanippillil (Georgekutty)
St. Sebastian's Church, Adikolly
29 December 2018, 09.15 am



Dn. Sebastian Thenpalliyil (Nishwin)
St. Sebastian's Church, Vazhavatta
31 December 2018, 09.15 am

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ഡിസംബർ - 2018 ലക്കം 12**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 09
ഇടയലേഖനം........................................................ 13
സർക്കുലർ ........................................................ 19
സർക്കുലർ ........................................................ 27
രൂപതാകച്ചേരി വാർത്തകൾ ........................................ 31
*Common Programmes in the year 2019* ............................ 40
പ്രസ്ബിറ്ററൽ കൗൺസിൽ-റിപ്പോർട്ട് .................... 41
പാസ്റ്ററൽ കൗൺസിൽ-റിപ്പോർട്ട് ............................... 44
പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ .................... 47
വൈദികരുടെ മാസധ്യാനം ........................................ 54
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 55
യുവജനവർഷം ........................................................ 58
മതബോധനരംഗം ........................................................ 60
ചെറുപുഷ്പമിഷൻലീഗ് ............................................ 62
*Department of Youth Ministry* ..................................... 69
കെ.സി.വൈ.എം. ........................................................ 70
കുടുംബപ്രേഷിതത്വം ................................................ 72
സീയോൻ വാർത്തകൾ ................................................ 77
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................... 79
സാമൂഹ്യ സേവനരംഗം (WSSS) .................................. 81
ബയോവിൻ അഗ്രോ റിസർച്ച് .................................. 83
റേഡിയോ മാറ്റൊലി ................................................ 87
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ....................... 91
ജയിൽ മിനിസ്ട്രി ................................................ 93
*Mary Matha Arts & Science College* ......................... 94
*CEADOM* വിദ്യാഭ്യാസമേഖല ...................................... 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 96
ബിഷപ്സ് പ്രോഗ്രാം .............................................. 97

# സർക്കുലർ

***Circular Letter No. 07/2018***
***Prot. No. 21411/2018***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2017 ഡിസംബർ 8 ന് നമ്മുടെ രൂപതയിൽ ആരംഭിച്ച യുവജന വർഷം ഈ വരുന്ന ഡിസംബർ 8 ന് അവസാനിക്കുകയാണല്ലോ. അതേപ്പറ്റി ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. കത്തോലിക്കാസഭയുടെ ആസ്ഥാനം നിലകൊള്ളുന്ന വത്തിക്കാനിൽ ഈ വർഷം നടന്ന ആഗോളസിനഡിന്റെ പരിചിന്തനവിഷയം സഭയിലെ യുവജനങ്ങളായിരുന്നു. സമൂഹത്തിലെ മാറ്റങ്ങൾ ആദ്യം സ്വാധീനിക്കുന്നത് യുവജനങ്ങളെ ആയതിനാൽ സഭയിൽ അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അനുവർത്തിക്കേണ്ട നയങ്ങളും പദ്ധതികളുമാണ് അവിടെ ചർച്ചാവിഷയമായത്. യുവജനങ്ങളെയും യുവജന പ്രേഷിതത്വത്തെയും അവഗണിക്കുന്ന സഭാശുശ്രൂഷശൈലി സഭയുടെ ഭാവിയെ നിർണ്ണായകമായി ബാധിക്കും എന്ന ആശയം സിനഡിൽ സംബന്ധിച്ച ബഹുഭൂരിപക്ഷം പേരും പങ്കുവച്ചു. സഭയ്ക്ക് ആഗോളമാനമുണ്ടെന്നതിനാൽ ഒരു പ്രത്യേക ചട്ടക്കൂടിൽ ഈ ശൈലിയെ നിർവ്വചിക്കാനോ ഒതുക്കിനിർത്താനോ കഴിയില്ല എന്നതും സത്യമാണ്. കാരണം കാലത്തിനും ദേശത്തിനും സംസ്കാരത്തിനും എല്ലാം അനുസരിച്ചുള്ള ഒരു ശൈലിയേ ഫലവത്താകുകയുള്ളു. അതിന് വളരെയധികം ഭാവനയും ആശയങ്ങളും പ്രവർത്തിക്കാനുള്ള സന്മനസ്സും ഉള്ളവർ നേതൃത്വത്തിലേക്ക് കടന്നു വരുകയും ചെയ്യണം.

യുവജനവർഷം പ്രമാണിച്ച് നമ്മുടെ ഇടവകകളിൽ വളരെയധികം കാര്യങ്ങൾ നടത്തുകയുണ്ടായി. അവയിൽ ക്രിയാത്മകമായി സഹകരിച്ച എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളെ ഓർത്ത് ഞാൻ അഭിമാനിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ രൂപതയിലെ യൂത്ത് ഡിപ്പാർട്ട്മെന്റും സീറോ മലബാർ യുവജനസംഘടനയും (സീറോ മലബാർ യൂത്ത്മൂവ്മെന്റ് എസ്.എം.വൈ.എം. – മുമ്പ് കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് കെ.സി.വൈ.എം.) വഹിച്ച പങ്ക്

നിസ്സീമമാണ്. യൂത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ബഹുമാനപ്പെട്ട ലാൽ പെനുങ്കൽ അച്ചനും എസ്.എം.വൈ.എം ഡയറക്ടർ ബഹുമാനപ്പെട്ട റോബിൻ പടിഞ്ഞാറയിൽ അച്ചനും ജീസസ് യൂത്ത് ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് കളമ്പുകാട്ട് അച്ചനും ഫൊറോനാ ഇടവക തലത്തിൽ സഹകരിച്ച മറ്റ് ബഹുമാനപ്പെട്ട വൈദികർക്കും ആനിമേറ്റർമാരായി സ്തുത്യർഹമാംവിധം ശുശ്രൂഷ ചെയ്ത സമർപ്പിത സഹോദരിമാർക്കും യൂത്ത് മിനിസ്ട്രി അംഗങ്ങൾക്കും എസ്.എം. വൈ.എം നേതൃത്വത്തിൽ ഉള്ള യുവജന സുഹൃത്തുക്കൾക്കും ജീസസ്‌യൂത്ത് അംഗങ്ങൾക്കും വിവിധ ടീമുകളിൽ പ്രവർത്തിച്ചുകൊണ്ട് യുവജനവർഷത്തിൽ പങ്കാളികളായ മറ്റ് എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി പറയുന്നു. ഒരു പുതിയ യുവജന മുന്നേറ്റത്തിന് നിങ്ങളുടെ ഈ പ്രവർത്തനങ്ങൾ കാരണമാകട്ടെ.

ഒക്ടോബർ 18-21 തിയതികളിൽ നടത്തപ്പെട്ട യുവജനകൺവെൻഷൻ വലിയ വിജയമായിരുന്നുവെന്നത് എന്റെ മാത്രം അഭിപ്രായമല്ല; അതിൽ പങ്കെടുത്ത എല്ലാവരുടേതുമായിരുന്നു. ആരംഭ ദിവസത്തിലെ ഹർത്താലും തുടർന്നുള്ള ദിവസങ്ങളിലെ മഴയും ഒന്നും യുവജനങ്ങളുടെ ആവേശം തണുപ്പിച്ചില്ല. ഇക്കാര്യത്തിൽ നമ്മുടെ രൂപതയിലെ യുവജനങ്ങൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ആരംഭദിവസം ഹർത്താൽ ആയിരുന്നതുകൊണ്ട് തലേദിവസം തന്നെ കൺവെൻഷൻ ആരംഭിക്കേണ്ടി വന്നു. ഏതാനും മണിക്കൂർ മാത്രമാണ് അതിനുള്ള അറിയിപ്പ് കൊടുക്കാൻ സംഘാടകർക്ക് കിട്ടിയത്. എങ്കിലും എസ്.എം.എസ്. ആയും വാട്സ് ആപ്പ് സന്ദേശമായും എല്ലാം അറിയിപ്പുകൾ പോയി. രജിസ്റ്റർ ചെയ്തിരുന്നവരിൽ ആയിരത്തിഎണ്ണൂറിലധികം പേർ അന്നു തന്നെ എത്തി എന്നുള്ള വസ്തുത എല്ലാവരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ആധുനിക മാധ്യമങ്ങളുടെ ശക്തി എന്താണെന്നും അവ എങ്ങനെ നല്ല രീതിയിൽ ഉപയോഗിക്കാം എന്നും യുവജനങ്ങൾ ഈ മാധ്യമങ്ങൾ എന്തുമാത്രം ഉപയോഗിക്കുന്നു എന്നും നമ്മളെ പഠിപ്പിച്ച ഒരു സംഭവമായിരുന്നു അത്. 2500 ൽ അധികം യുവജനങ്ങളാണ് കൺവെൻഷനിൽ പങ്കെടുത്തത്. യാതൊരു പരാതിയും കൂടാതെ അസൗകര്യങ്ങളെല്ലാം അതീവക്ഷമയോടെ സഹിച്ച് കൺവെൻഷൻ വൻ വിജയമാക്കിയ യുവജനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഇരുന്നൂറിലധികം യുവജന സന്നദ്ധപ്രവർത്തകരാണ് കൺവെൻഷന്റെ ചുക്കാൻ പിടിച്ചത്. ഊണും ഉറക്കവും ഉപേക്ഷിച്ച് അവരത് നിർവ്വഹിച്ചു. പശ്ചാത്തലത്തിൽ ആരും അറിയാതെ അഖണ്ഡ

മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയവർ അനേകരാണ്. കനത്ത മഴയെപ്പോലും അവഗണിച്ച് അവർ പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു. അതാണ് കൺവെൻഷന്റെ ഒരു പ്രധാന വിജയരഹസ്യം എന്ന് ഞാൻ വിശ്വസിക്കുന്നു.

കൺവെൻഷനിൽ പ്രസംഗിച്ചവരും പങ്കെടുത്തവരെ ഒരു പുതിയ ആദ്ധ്യാത്മിക ഉണർവ്വിലേക്ക് നയിച്ചതും ക്രൈസ്റ്റ് കൾച്ചർ എന്ന പേരിൽ യുവജനശുശ്രൂഷ ചെയ്യുന്ന ഒരു സംഘമാണ്. സംഘാംഗങ്ങൾ എല്ലാവരും തന്നെ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവരും ഈ ശുശ്രൂഷ യിൽ പരിപൂർണ്ണ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരുമാണ്. അവരുടെ ജോലിയിൽ നിന്നും മറ്റും ഏതാനും ദിവസങ്ങൾ അവധിയെടുത്തിട്ടാണ് അവർ ഈ ശുശ്രൂഷ ചെയ്യുന്നത്. ഇതിനായി അവർക്ക് വരുന്ന ചെലവുകളല്ലാതെ യാതൊരുവിധ പ്രതിഫലവും അവർ പറ്റുന്നുമില്ല. സംഘാംഗങ്ങൾ എല്ലാവരും തന്നെ യുവതീ യുവാക്കളാണ് എന്നത് എടുത്തു പറയത്തക്കതാണ്. ലൗകായ തികത്വത്തിന്റെ നടുവിലും ദൈവികമായി ജീവിക്കാൻ കഴിയും എന്ന വർ കാണിച്ചുകൊടുക്കുന്നു. അത് നമ്മുടെ യുവജനങ്ങൾക്ക് ഏറെ പ്രചോദനകരമായിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു. അവരുടെ പ്രാർത്ഥനാനുഭവം പ്രത്യേകം എടുത്തു പറയത്തക്കതായിരുന്നു. അവരേയും നന്ദിപൂർവ്വം ഓർക്കുകയും അവരുടെ ശുശ്രൂഷകൾ ഫലവത്താകാൻ പ്രാർത്ഥിക്കുകയും ചെയ്യാം.

കൺവെൻഷൻ നടന്നത് നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സെന്റ് പാട്രിക്സ് ബ്രദേഴ്സിന്റെ സ്ക്കൂളിലായിരുന്നു. അവിടെയുള്ള എല്ലാ സൗകര്യങ്ങളും അവർ യുവജനങ്ങളുടെ ഉപയോഗത്തിനായി യാതൊരു പ്രതിഫലവും വാങ്ങാതെ പൂർണ്ണമായും വിട്ടുതന്നു എന്ന കാര്യം പ്രത്യേകം എടുത്തു പറയത്തക്കതാണ്. അതും കൺവെൻഷന്റെ വിജയത്തിന് കാരണമായി. സെന്റ് പാട്രിക്സ് ആശ്രമത്തിന്റെ സുപ്പീരിയർ ബഹുമാനപ്പെട്ട ബ്രദർ ജോസിനെയും സെന്റ് പാട്രിക്സ് സ്കൂൾ പ്രിൻസിപാൾ ബഹുമാനപ്പെട്ട ബ്രദർ ജോർജ്ജിനെയും മറ്റ് സഹോദരന്മാരെയും നന്ദിപൂർവ്വം ഓർക്കുന്നു.


ഏതൊരു പ്രവർത്തനത്തിനും പണം അത്യന്താപേക്ഷിതമാ ണല്ലോ. കൺവെൻഷന്റെ നടത്തിപ്പിലേക്ക് മുപ്പത്തഞ്ച് ലക്ഷത്തിലേറെ രൂപ നമുക്ക് ചെലവായി. ആ തുക മുഴുവൻ കണ്ടെത്താൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഏതാണ്ട് 10 ലക്ഷം രൂപ കൂടി കിട്ടിയാലേ കൊടുക്കാനുള്ളതെല്ലാം കൊടുത്ത് തീർക്കാൻ പറ്റുകയുള്ളു. ഇക്കാര്യ ത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും, ആശ്രമങ്ങൾ കോൺവെന്റുകൾ എന്നിവയുടെ സുപ്പീരിയർമാരുടെയും അതുപോലെ

സന്മനസ്സുള്ള എല്ലാവരുടെയും സഹായം ഞാൻ അഭ്യർത്ഥിക്കുക യാണ്. നിങ്ങളുടെ സഹായങ്ങൾ ഒന്നുകിൽ അതാത് ഇടവക വികാരി മാർ വഴി അല്ലെങ്കിൽ യൂത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ വഴി എത്രയും വേഗം കൊടുത്താൽ വലിയ ഉപകാരമായിരിക്കും. ഇതിനായി ഡിസം ബർ 16 ന് ഇടവകകളിൽ സ്തോത്രക്കാഴ്ച എടുക്കുന്നത് ഏറ്റവും ഉചിത മായിരിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം ഇടവകയിൽ അറിയിച്ച് സംഭാവനകൾ പറ്റുന്നത്ര ലഭ്യമാക്കാൻ ശ്രമിക്കണേ. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

2018 ഡിസംബർ 8 ന് യുവജനവർഷത്തിന്റെ രൂപതാതല സമാ പനമാണ്. ക്രിസ്തുമസിനോടനുബന്ധിച്ച് യുവജനങ്ങളെ ഒന്നിച്ചു ചേർക്കാവുന്ന ഏതെങ്കിലുമൊരു ദിവസം അവരുടെ പ്രത്യേക സാന്നിദ്ധ്യത്തിലും സഹകരണത്തിലും എന്തെങ്കിലും ചെറിയ പരിപാടിയോടെ ഇടവകകളിൽ യുവജനവർഷത്തിന് സമാപനം കുറി ക്കുന്നത് നല്ലതായിരിക്കും. അതിനായി ബഹുമാനപ്പെട്ട വികാരിയച്ച ന്മാർ യുവജനങ്ങളുമായി ആലോചിച്ച് വേണ്ടതുപോലെ ചെയ്യുമല്ലൊ.

നമ്മുടെ എല്ലാ ശുശ്രൂഷകളും ദൈവോന്മുഖമായി നടത്തുമ്പോഴേ അത് വിജയിക്കുകയുള്ളു എന്ന് നമുക്കറിയാം. നമ്മുടെ യുവജനവർഷ പ്രവർത്തനങ്ങളും യുവജന കൺവെൻഷനും എല്ലാം വിജയകരമായത് അതുകൊണ്ടാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. നല്ലവനായ ദൈവത്തിന്റെ മുമ്പിൽ നമുക്ക് എളിമയോടും നന്ദിയോടും കൂടി തലകുനിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരി ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 നവംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ഡിസംബർ 02 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം

***Pastoral Letter No. 02/2018***

*Prot. No. 21426/2018*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അത്മായ സഹോദരങ്ങൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ ആചരിക്കാനായി നാം നമ്മെത്തന്നെ ഒരുക്കുന്ന കാലഘട്ടമാണല്ലോ ഇരുപത്തഞ്ചു നോമ്പ്. ആ കാലഘട്ടത്തിലാണ് നാമിപ്പോൾ. ആരാധനാക്രമ വർഷത്തിൽ ഇത് മംഗളവാർത്തകാലം എന്ന് അറിയപ്പെടുന്നു. കാരണം ദൈവം വാഗ്ദാനം ചെയ്ത രക്ഷകൻ വരാൻ പോകുന്നു എന്ന നല്ല വാർത്തയുടെ ഓർമ്മയാണ് ഇവിടെ ആചരിക്കപ്പെടുന്നത്. നോമ്പാചരണത്തിന്റെ അവസാനം നമ്മൾ ഈശോയുടെ ജനനത്തിരുനാൾ ക്രിസ്തുമസ്സ് എന്ന പേരിൽ ആഘോഷിക്കും. നസ്രത്തിലെ യൗസേപ്പിന്റെയും മറിയത്തിന്റെയും മകനായി അറിയപ്പെട്ട ഈശോ എന്ന യുവാവാണ് ഉല്പത്തി പുസ്തകത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ എന്ന വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണത്. അതുകൊണ്ട് അവിടുത്തെ ജീവിതശൈലിയെപ്പറ്റിയുള്ള ഗൗരവതരമായ പരിചിന്തനവും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്താനുള്ള ആത്മാർത്ഥമായ പരിശ്രമവും ഇരുപത്തഞ്ച് നോമ്പിന്റെ അവിഭാജ്യ ഘടകമാകണം.

ഈ കാലഘട്ടത്തിൽത്തന്നെ നമ്മൾ 2018 നോട് വിട പറഞ്ഞ് 2019 നെ വരവേൽക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം നമ്മൾ എങ്ങനെ ജീവിച്ചു എന്ന് ആത്മശോധന ചെയ്ത് തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ നിരാശപ്പെടാതെ കർത്താവിന്റെ കാരുണ്യത്തിൽ ആശ്രയിച്ച് അവയെ തിരുത്തി പുതിയൊരു ഉണർവ്വോടെ പുതിയ വർഷ

ത്തിൽ ജീവിക്കാനുള്ള തീരുമാനവും ഉണ്ടാകണം. അതുപോലെ പരാജയങ്ങളെ വിജയങ്ങളാക്കി മാറ്റും എന്ന ദൃഢപ്രതിജ്ഞയും എടുക്കണം. കർത്താവിന്റെ കൃപയോടൊപ്പം നമ്മുടെ സഹകരണവും വിജയത്തിന് അനിവാര്യമാണ്.

സീറോമലബാർ സഭയുടെ ആരാധനക്രമവർഷം ക്രമപ്പെടുത്തിയിരിക്കുന്നത് നമ്മുടെ കർത്താവിന്റെ ജീവിതത്തിലെയും കർത്താവിന്റെ മൗതികശരീരമായ സഭാശരീരത്തിന്റെയും ജീവിതത്തിലെ വിവിധഘട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി ഒമ്പത് കാലങ്ങളായിട്ടാണ്. മംഗളവാർത്തക്കാലത്തിൽ തുടങ്ങി പള്ളിക്കൂദാശക്കാലത്താണ് അത് അവസാനിക്കുന്നത്. സഭാംഗങ്ങൾ മുഴുവനായും വിശുദ്ധീകരിക്കപ്പെട്ട്, ജീവിക്കുന്ന ദേവാലയങ്ങളായി മാറി, കർത്താവിനോടൊപ്പം പിതാവായ ദൈവത്തിന്റെ സന്നിധിയിൽ എത്തിച്ചേരുന്നതിന്റെ ഓർമ്മയാണത് (1 കോറി 3,16-17). ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം അതുതന്നെയാണ്.

പിതാവിന്റെ സന്നിധിയിൽ അഥവാ സ്വർഗ്ഗത്തിൽ എത്തുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത് സ്വർഗ്ഗീയമായ അനുഭവത്തിലേക്ക് ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ എത്തുകയും മരണശേഷം അതിന്റെ നിത്യതയിലേക്ക് കടക്കുകയും ചെയ്യുക എന്നതാണ്. അതിനായി നിരന്തരം നമ്മൾ കർത്താവിന്റെ കൈപിടിച്ച് നടക്കുകയും അവിടുന്ന് കടന്നു പോയ വഴികളിലൂടെ തന്നെ പോകുകയും ചെയ്യണം. അതായത് അവിടുന്ന് കാണിച്ചു തന്ന മാർഗ്ഗം മാത്രമേ സ്വർഗ്ഗസന്തോഷം അനുഭവിക്കാൻ നമ്മെ പ്രാപ്തരാക്കുകയുള്ളു. അതാകട്ടെ സ്നേഹത്തിന്റെ മാർഗ്ഗമാണ്. *ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ* (മത്താ. 5,44) എന്ന് നമ്മെ പഠിപ്പിച്ച അവിടുത്തെ മാർഗ്ഗം മാത്രമേ സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുകയുള്ളു. അങ്ങനെ ഒരു മാർഗ്ഗം അവിടുന്ന് മാത്രമേ പഠിപ്പിച്ചിട്ടുള്ളു. അവിടുന്ന് സ്വന്തം ജീവിതത്തിലൂടെയാണ് അത് നമ്മെ പഠിപ്പിച്ചത്. മരണശേഷം ഉത്ഥാനം ചെയ്ത് അവിടുത്തെ പിൻചെല്ലുന്നവർക്കും അതു തന്നെ സാധ്യമാകും എന്ന് ഉറപ്പ് നല്കുകയും ചെയ്തു.

ദൈവത്തിന്റെ ഇഷ്ടം മാനിക്കാതെ തെറ്റും ശരിയും തീരുമാനിക്കാനുള്ള അവിടുത്തെ അധികാരം കവർന്നെടുത്ത ആദവും ഹവ്വായും ചെയ്ത പാപത്തിന്റെ തലതകർക്കാൻ ഒരുവൻ വരും എന്ന് ഉല്പ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. അത് ഇപ്രകാരമാണ്: *ദൈവമായ കർത്താവ് സർപ്പത്തോട് പറഞ്ഞു: ഇതു ചെയ്തതുകൊണ്ട്*

*നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയും ഇടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവൻ നീ പൊടി തിന്നും. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും* (3,14-15). ഈ പുത്രന് ജനിക്കാൻ ഒരു ജനതയെ, ഇസ്രായേലിനെ ദൈവം ഒരുക്കികൊണ്ട് വന്നു. തന്റെ പരിശീലന പ്രക്രിയയോട് സഹകരിക്കാതെ സ്വന്തം ഇഷ്ടപ്രകാരം ജീവിച്ച ആ ജനതയോട് കാലാകാലങ്ങളിൽ തന്റെ പ്രവാചകന്മാരെയും അവസാനം സ്വന്തം പുത്രനെത്തയെും അയച്ച് അവരുടെ അനുസരണക്കേടിന്റെ പ്രത്യാഘാതത്തെപ്പറ്റി മുന്നറിയിപ്പ് നല്കി. പക്ഷേ അവരിൽ വളരെ കുറച്ചുപേർ മാത്രമേ സഹകരിച്ചുള്ളു. അവരെക്കുറിച്ച് വചനം പറയുന്നു: *അവൻ സ്വജനത്തിന്റെ അടുക്കലേക്ക് വന്നു; എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി* (യോഹ. 1, 11-12).

അവർ സ്വീകരിച്ചില്ലെങ്കിലും ഇസ്രായേലിൽപ്പെടാത്ത കോടാനുകോടി ജനങ്ങൾ അവന്റെ ക്ഷണം സ്വീകരിച്ചു. എന്നാൽ അത് അവന്റെ പീഡാസഹനത്തിനും കുരിശുമരണത്തിനും ഉയിർപ്പിനും ശേഷമാണെന്ന് മാത്രം. അവിടുന്ന് തന്നെ അത് മുൻകൂട്ടി പറഞ്ഞിട്ടുണ്ടായിരുന്നു. അത് ഇപ്രകാരമാണ്: *ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്കാകർഷിക്കും* (യോഹ. 12, 32). സ്വന്തം ഇഷ്ടത്താലാണ് അവരെല്ലാം അവനിലേക്ക് ആകർഷിക്കപ്പെട്ടത്. അവന്റെ ജനനം കണ്ടിട്ടല്ല, പ്രത്യുത, അവൻ സ്വീകരിച്ച മാർഗ്ഗവും അതിന്റെ അനന്തരഫലവും കണ്ടിട്ടാണ് അവരങ്ങനെ ആകർഷിക്കപ്പെട്ടത്. അതായത് ക്രിസ്തുമസ്സ് സന്തോഷകരമായ അവസരമാണെങ്കിലും അതല്ല നമ്മെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്ന ഘടകം. പ്രത്യുത അന്ന് ജനിച്ചവന്റെ ജീവിതശൈലിയാണ്.

അവിടുത്തെ ജനനം ആഘോഷിക്കാൻ തയ്യാറെടുക്കുന്ന നമ്മൾ അവിടുത്തെ മൗതിക ശരീരമാണ്. വി. പൗലോസ് പറയുന്നു: *ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെയാണ് ക്രിസ്തുവും* (1 കോറി. 12,12). *നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവ*

*ങ്ങളുമാണ്* (1 കോറി. 12, 27). ഈ ശരീരത്തിന്റെ ശിരസ്സ് ക്രിസ്തുവാണ്. *അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്* (കൊളോ. 1,18). അതായത് ഈ ശരീരത്തിലെ അവയവങ്ങൾ പ്രവർത്തിക്കേണ്ടത് ശിരസ്സായ ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമാണ്. അപ്പോഴെ ഈ ശരീരത്തിന്റെ ദൗത്യം നിർവ്വഹിക്കപ്പെടുന്നുള്ളു.

അവിടുത്തെ നിർദ്ദേശങ്ങളുടെ കാതൽ വളരെ ചുരുക്കി വി.യോഹന്നാൻ നമുക്ക് പറഞ്ഞു തരുന്നത് ഇപ്രകാരമാണ്: *ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും* (യോഹ. 15, 10). കർത്താവ് തന്റെ പിതാവിന്റെ കൽപനകൾ പാലിച്ചത് എപ്രകാരം എന്ന് വി. പൗലോസ് ശ്ലീഹാ നമ്മോട് പറയുന്നുണ്ട്: *ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ-അതെ കുരിശുമരണം വരെ-അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു* (ഫിലി. 2, 6-9). *ഈശോ തന്നെ പറഞ്ഞു: സ്നേഹിതർക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല* (യോഹ. 15, 13).

ഇതൊക്കെ പറയുമ്പോഴും അവിടുത്തേക്കും അനുസരണക്കേട് കാണിക്കാൻ പ്രലോഭനമുണ്ടായി എന്ന് നമുക്കറിയാം. എങ്കിലും ദൈവിക പദ്ധതിയ്ക്ക് പൂർണ്ണമായി കീഴടങ്ങുക എന്നതായിരുന്നു അവിടുത്തെ മാർഗ്ഗം. ഗത്സേമനിയിൽ വച്ച് അവിടുന്ന് ആത്മഗതം ചെയ്യുന്നുണ്ട്. *എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ. എങ്കിലും എന്റെ ഹിതം പോലെയല്ല; അവിടുത്തെ ഹിതം പോലെയാകട്ടെ* (മത്താ. 26, 39). പിതാവിന്റെ ഹിതം നിറവേറ്റുന്നതിന്റെ ആദ്യപടിയാണ് ക്രിസ്തുമസ്സ്. അതായത് ദൈവത്വംപോലും വേണ്ടെന്ന് വച്ച് മനുഷ്യനാകുക. അവിടുത്തെ ശരീരത്തിലെ അവയവങ്ങളായ നമുക്കും ചെയ്യാനുള്ളത് ഇതു തന്നെയാണ്. അന്ത്യത്താഴവേളയിലെ കാലുകഴുകലിലൂടെ അവിടുന്ന് തരുന്ന മാതൃക മറ്റൊന്നല്ല.

നോമ്പുകാലം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഇത്തരം ഒരു മനോഭാവം നമ്മളിൽ രൂപപ്പെടാനുള്ള പരിശീലനം എന്ന നിലയ്ക്കാണ്.

കർത്താവിന്റെ നാൽപത് ദിവസത്തെ ഉപവാസം അവിടുത്തെ പ്രവർത്തനത്തിനുള്ള ഒരുക്കമായിരുന്നു. ഉണ്ണിയീശോയെ സ്വീകരിക്കുക എന്ന് പറയുന്നതുകൊണ്ട് വിവക്ഷിക്കുന്നതും മറ്റൊന്നല്ല. അവിടുത്തെ സ്വീകരിക്കുക എന്നാൽ അവിടുത്തെ മനോഭാവം സ്വീകരിക്കുക എന്നാണർത്ഥം. അതിന് നോമ്പിലൂടെയും ഉപവാസത്തിലൂടെയും ആത്മാർത്ഥമായ പ്രാർത്ഥനയിലൂടെയും എല്ലാം നമ്മുടെ മനസ്സിനെ ഒരുക്കിയേ മതിയാവൂ. ഒരു ശിശുമനസ്സ് നമുക്കുണ്ടാകണം. പിള്ള മനസ്സിൽ കള്ളമില്ല എന്ന് മുതിർന്നവർ പറയുന്നത് നമ്മൾ കേട്ടിട്ടുണ്ടാകുമല്ലോ. അതു തന്നെയാണ് ഇവിടുത്തെയും വിവക്ഷ.


പക്ഷേ അത് മാത്രമല്ല വി. പൗലോസ് പറയുന്നതുപോലെ അവിടുത്തെ മനോഭാവം നമുക്കുണ്ടാകണം. അതിൽ എന്തെല്ലാം ഘടകങ്ങൾ അടങ്ങിയിരിക്കുന്നു എന്ന് വി. പൗലോസ് വിവരിക്കുന്നത് ഇപ്രകാരമാണ്: *ആകയാൽ ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ്നേഹത്തിൽ നിന്നുള്ള സാന്ത്വനമോ ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട്, ഒരേ സ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച് മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങൾക്കും ഉണ്ടായിരിക്കട്ടെ* (ഫിലി. 2, 1-5).

ഇരുപത്തഞ്ച് നോമ്പിന്റെ അവസാനം നമ്മൾ ഉണ്ണിയേശുവിനെ സ്വീകരിക്കുമ്പോഴേക്കും അവിടുത്തെ മനോഭാവം നമുക്കും ഉണ്ടാകേണ്ടതാണ്. അതായിരിക്കും ഉണ്ണിയേശുവിന് കൊടുക്കാൻ പറ്റിയ ഏറ്റവും നല്ല സമ്മാനം. അതിലേക്ക് നയിക്കുന്നതാകണം ദിവസേനയുള്ള വിശുദ്ധ കുർബ്ബാനയിലുള്ള ഭാഗഭാഗിത്വവും, ഭക്ഷണത്തിലുള്ള നിയന്ത്രണവും, പാപരഹിതമായ ജീവിതം നയിക്കാനുള്ള നമ്മുടെ പരിശ്രമങ്ങളും എല്ലാം. നമ്മുടെ വാക്കുകളിലൂടെയും പ്രതികരണങ്ങളിലൂടെയും പ്രവർത്തികളിലൂടെയും പുറത്ത് വരുന്നത് നമ്മുടെ മനോഭാവങ്ങളാണ്. ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു: *ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്* (മത്താ. 12, 34). സംസാരിക്കാൻ പഠിക്കുന്ന ഒരു കുഞ്ഞിന്റെ വായിൽ നിന്ന് ഒരിക്കലും തിന്മ പുറപ്പെടുകയില്ല. എന്നാൽ

സാവധാനം ആ കുഞ്ഞും മുതിർന്നവരുടെ തിന്മ നിറഞ്ഞ സംസാരവും പ്രവൃത്തിയും കേട്ടും കണ്ടും തന്റെ ഹൃദയത്തിലും അവയെക്കൊണ്ട് നിറക്കുകയും അവയുടെ അടിസ്ഥാനത്തിൽ പറയാനും പ്രവർത്തിക്കാനും തുടങ്ങുകയും ചെയ്യുന്നു. ഈ ക്രിസ്തുമസ്സ് കാലത്തും തുടർന്നും മുതിർന്നവർ മറ്റുള്ളവർക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക്, ഒരിക്കലും വാക്കാലോ പ്രവൃത്തിയാലോ പ്രതികരണ ത്താലോ മനോഭാവത്താലോ ദുർമാതൃക കൊടുക്കുകയില്ല എന്ന് പ്രതിജ്ഞയെടുക്കണം. അതായിരിക്കട്ടെ ഏറ്റവും വലിയ മാംസ വർജ്ജനവും പരിത്യാഗ പ്രവൃത്തിയും. അങ്ങനെ നമുക്ക് ക്രിസ്തുമസ്സ് അഘോഷിക്കാൻ ഒരുങ്ങാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 നവംബർ മാസം 20 ന് നല്കപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- **ഈ ഇടയലേഖനം ഡിസംബർ മാസം 09 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 08/2018***
***Prot. No. 21434/2018***

**മാനന്തവാടി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും ഇടവകകളിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ സഹോദരങ്ങളുടെയും സവിശേഷ ശ്രദ്ധയ്ക്ക്**

കർത്താവിൽ ഏറ്റവും പ്രിയ ബഹുമാനപ്പെട്ട സഹോദരങ്ങളേ,

2017 ഫെബ്രുവരി മാസത്തിലും 2018 ഏപ്രിൽ മാസത്തിലുമായി രണ്ട് സർക്കുലറുകൾ നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സാമ്പത്തിക ഇടപാടുകൾ നിയമാനുസൃതം നടത്തേണ്ടതിന്റെ ആവശ്യകതയെയും അതിനായി അവലംബിക്കേണ്ട രീതികളെയും പരാമർശിച്ചുകൊണ്ട് ഞാൻ എഴുതിയത് നിങ്ങൾ ഓർമ്മിക്കുമല്ലോ. അതിനു ശേഷം 2018 ഏപ്രിൽ മുതൽ നമ്മുടെ രൂപതയിൽ നടപ്പാക്കിയിരിക്കുന്ന ഓൺലൈൻ അക്കൗണ്ടിംഗ് സിസ്റ്റത്തെപ്പറ്റിയും എഴുതിയിരുന്നു. പല വേദികളിൽ ഇക്കാര്യങ്ങൾ ഞാൻ വളരെ വിശദമായി തന്നെ പറഞ്ഞിട്ടുമുണ്ട്. അവയെപ്പറ്റി ഏതാനും കാര്യങ്ങൾകൂടി നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അക്കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുമല്ലോ.

സഭയുടെ ലക്ഷ്യം സുവിശേഷ പ്രഘോഷണമാണ് എന്ന് നിങ്ങൾക്കറിയാം. സുവിശേഷ പ്രഘോഷണം എന്നാൽ ദൈവത്തിന്റെ രാജ്യം അഥവാ അവിടുത്തെ ഇഷ്ടം ഭൂമിയിൽ സംസ്ഥാപിതമാക്കാനുള്ള മാർഗ്ഗം ജനങ്ങളെ പഠിപ്പിക്കുക എന്നതാണല്ലോ. അതിലൂടെ ഈ ഭൂമി തന്നെ സ്വർഗ്ഗത്തിന്റെ അനുഭവം തരുന്ന ഒരിടമായി മാറണം. കള്ളവും കൊള്ളയും കൈക്കൂലിയും കോഴയും അഴിമതിയും ചതിയും നിയമലംഘനവും അതുപോലെയുള്ള തിന്മകൾ ഒന്നും ഇല്ലാത്ത അവസ്ഥയാണ് അതെന്നും നമുക്കറിയാം. ദൈവരാജ്യം ഭൂമിയിൽ സംജാതമാക്കാൻ ക്രിസ്ത്യാനികൾക്ക് സവിശേഷ കടപ്പാടുണ്ട്. അത

ല്ലെങ്കിൽ അർത്ഥം ചോർന്ന വസ്തുവായി കുരിശും അപ്രസക്തമായ തത്വമായി കർത്താവിന്റെ സുവിശേഷവും മാറും. ക്രിസ്ത്യാനികൾ കേവലം സ്വന്തം കാര്യം നേടിയെടുക്കാനുള്ള ഒരു സമുദായ മതശക്തിയായോ സാമ്പത്തിക സമ്മർദ്ദ ഗ്രൂപ്പായോ പ്രവർത്തിക്കേണ്ട വരല്ല. നമ്മൾ ലോകത്തിന്റെ പുളിമാവും വെളിച്ചവും ഉപ്പും പ്രചോദനവും മാതൃകയും എല്ലാം ആകേണ്ടവരാണ്. ഈ അർത്ഥത്തിൽ ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് മാതൃക കൊടുക്കുന്ന ഏറ്റവും നല്ല പൗരന്മാർ ആയിരിക്കണം. രാജ്യത്തെ നിയമങ്ങൾ കൃത്യമായി അനുസരിക്കുന്നവരും രാജ്യനന്മക്കായി പ്രവർത്തിക്കുന്നവരും ആണല്ലോ നല്ല പൗരന്മാർ. അതോടൊപ്പം നമ്മുടെ ധാർമ്മിക നിലപാടു കളിൽ നമ്മൾ വെള്ളം ചേർക്കാതെ ജീവിക്കുകയും വേണം.

നല്ല പൗരന്മാർ രാജ്യനിയമങ്ങൾ കൃത്യമായി പാലിക്കുന്നവരാണ് എന്ന് സൂചിപ്പിച്ചല്ലോ. നിയമങ്ങളുടെ കാര്യത്തിൽ സാമ്പത്തികനിയമ ങ്ങൾക്ക് ഒട്ടും ചെറുതല്ലാത്ത പ്രാധാന്യമുണ്ട്. നമ്മുടെ രാജ്യം ഇന്നത്തെ നിലയിൽ ദരിദ്രമായി തുടരുന്നതിന് പൗരന്മാരുടെ ഈ മേഖലയിലുള്ള സ്വാർത്ഥതയും ആത്മാർത്ഥതയില്ലായ്മയും സത്യസന്ധതയില്ലാ യ്മയും വലിയൊരളവുവരെ കാരണമാകുന്നുണ്ട്. നമ്മുടെ ഇടയിൽ നിന്ന് തന്നെയാണല്ലോ നമ്മുടെ പ്രതിനിധികൾ തെരഞ്ഞെടുക്ക പ്പെടുന്നതും. അപ്പോൾ അവരുടെ ഇടയിലും അത്തരം തിന്മകൾ പിടിമുറുക്കുന്നത് സ്വാഭാവികം മാത്രം. അതിന്റെ ദുർഫലം രാജ്യത്തെ ജനങ്ങൾ മുഴുവൻ അനുഭവിക്കേണ്ടി വരുകയും ചെയ്യും. സാധാരണ ക്കാരന് ജീവിതം ദുർവ്വഹമായി തീരുന്ന തരത്തിൽ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിന്റെയും കയറിക്കിടക്കാൻ വീട് നിർമ്മിക്കാനായി രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങാൻ പറ്റാത്തതിന്റെയും ഒരു പ്രധാന കാരണം കൈക്കൂലിയും കോഴയും നികുതിവെട്ടിപ്പും വഴിയായി ആളുകളുടെ കൈകളിൽ എത്തുന്ന കണക്കിൽപെടാത്ത പണമാണെന്ന് അധികമാർക്കും അറിയില്ല. മാത്രമല്ല ക്രിസ്ത്യാനികളും അങ്ങനെയെല്ലാം ചെയ്യുന്നതുവഴി സുവിശേഷത്തിന്റെ അർത്ഥം ചോർത്തിക്കളയുകയും ചെയ്യുന്നു. നമ്മുടെ വ്യക്തിജീവിതങ്ങളിലും ഇടവകകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളിലും ഇത്തരം അനാശാസ്യപ്രവണതകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവയെ നാം ഇല്ലായ്മ ചെയ്യേണ്ടത് സുവിശേഷത്തിന്റെ വിശ്വാസ്യത നിലനിർത്താൻ അത്യന്താ പേക്ഷിതമാണ്. നമ്മുടെ സാമ്പത്തിക ഇടപാടുകൾ എല്ലാം സർക്കാർ

നിയമങ്ങൾക്ക് വിധേയമായി മാത്രം നടത്തുകയും സുതാര്യമാക്കുകയും ചെയ്യണം.

നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സംഘടനകളിലും സാമ്പത്തിക ഇടപാടുകൾ നിയമാനുസൃതം നടത്തപ്പെടുന്നു എന്ന് ഉറപ്പാക്കാനായിട്ടാണ് കണക്കുകൾ ഓൺലൈൻ ആക്കണമെന്ന് നിർദ്ദേശിച്ചിരുന്നതും അതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയതും. ഇതുവരെ 80 ഇടവകകളിലും 16 സ്ഥാപനങ്ങളിലും സംഘടനകളിലും കണക്കുകൾ ഈ രീതിയിൽ തന്നെയാണ് സൂക്ഷിക്കുന്നത് എന്ന് നിങ്ങളെ അറിയിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ എന്നോട് സഹകരിച്ച എല്ലാവർക്കും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വൈദികസഹോദരന്മാർക്ക്, ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. നിങ്ങളുടെ മാതൃക ഇനിയും തുടങ്ങാത്തവർക്ക് മാർഗ്ഗദർശനവും പ്രചോദനവുമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്തുചെയ്യണം, എങ്ങനെ ചെയ്യണം എന്നറിയാതെ വിഷമിക്കുന്നവർക്ക് ഇപ്പോൾ ഈ സിസ്റ്റത്തിൽ കണക്കുകൾ സൂക്ഷിക്കുന്നവർ ഒരു കൈ സഹായം കൊടുക്കണം എന്നും അഭ്യർത്ഥിക്കുന്നു. ഏതായാലും ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോഴേയ്ക്കും എല്ലാവരും ഇതിലേക്ക് മാറണം എന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. കാരണം കടലാസിൽ എഴുതിയ തെരട്ടുകൾ ഇനി സ്വീകരിക്കുന്നതല്ല. ഇക്കാര്യം നമ്മുടെ ഓഡിറ്റർമാരും വളരെ നിർബന്ധപൂർവ്വം പറഞ്ഞിട്ടുണ്ട്.

രൂപതയിൽ ഏതെങ്കിലും തസ്തികയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികർക്കും സമർപ്പിത സമൂഹങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെ പാൻ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. അതുപോലെ സ്വതന്ത്രമായി കണക്കുകൾ സൂക്ഷിക്കുന്നതും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുന്നതും ആദായനികുതി റിട്ടേൺ സമർപ്പിക്കാൻ ബാധ്യതയുള്ളതുമായ എല്ലാ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാൻ കാർഡ് ഉണ്ടായിരിക്കണം. കാരണം ആദായനികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ സ്ഥാപനത്തിന്റെയും സ്ഥാപനമേധാവിയുടേയും പാൻ നമ്പറുകൾ കൊടുക്കേണ്ടതുണ്ട്.

നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും രജിസ്റ്റർ ചെയ്ത അല്ലെങ്കിൽ ചെയ്യാത്ത ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയ നയ്യാമിക വ്യക്തികളാണ്. അവ ജീവകാരുണ്യപ്രവൃത്തികൾക്ക് അല്ലെങ്കിൽ മതാവശ്യങ്ങൾക്കുള്ളവയുമാണ്. അതുകൊണ്ട്

അവയെ ആദായനികുതി കൊടുക്കുന്നതിൽ നിന്ന് ചില വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ആ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്:

ഒന്നാമത്തെ വ്യവസ്ഥ അതിനുള്ള അനുവാദം ആദായ നികുതി ഓഫീസിൽ നിന്ന് വാങ്ങിയിരിക്കണം എന്നതാണ്. ആദായനികുതി നിയമത്തിന്റെ 12 എ വകുപ്പുപ്രകാരമാണ് ഈ ഇളവ് അനുവദിക്കുന്നത്. അതുകൊണ്ട് ആദായനികുതി ഇളവ് നൽകിക്കൊണ്ടുള്ള അനുവാദത്തെ 12 എ സർട്ടിഫിക്കറ്റ് എന്ന് വിളിക്കുന്നു. ഈ സർട്ടിഫിക്കറ്റില്ലാത്ത ഒരു സ്ഥാപനത്തിനും ആദായനികുതി ഇളവ് ലഭിക്കുകയില്ല. അതിനർത്ഥം വർഷാവസാനം ആ സ്ഥാപനത്തിൽ ഉണ്ടായ വരവിന്റെ അടിസ്ഥാനത്തിൽ നികുതി കൊടുക്കേണ്ടിവരും എന്നതാണ്. നിർമ്മാണ പ്രവർത്തികളും മറ്റും നടത്തുന്ന ഇടവകകൾക്ക് 12 എ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ കൊടുക്കേണ്ടി വരുന്ന നികുതി എത്രമാത്രം വലുതായിരിക്കും എന്ന് ഊഹിക്കാവുന്നതാണ്. ഇല്ലാത്ത സ്ഥാപനങ്ങൾ എത്രയും പെട്ടെന്ന് 12 എ സർട്ടിഫിക്കറ്റ് എടുക്കേണ്ട താണ്.

ചില ഇടവകകൾ അവയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് 12 എ സർട്ടിഫിക്കറ്റ് ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ കണക്കുകൾ ഇടവകയുടെ കണക്കിൽപെടുത്തി രൂപതാകേന്ദ്ര ത്തിൽ തരാതിരിക്കുന്നുണ്ട്. അത് നിയമാനുസൃതമല്ല. ഒന്നുകിൽ അവയെ സ്വതന്ത്ര സ്ഥാപനങ്ങളാക്കി രജിസ്റ്റർ ചെയ്ത് ആവശ്യമായ രേഖകൾ സർക്കാരിൽ നിന്ന് വാങ്ങി കണക്കുകൾ ഓഡിറ്റ് ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയോ അല്ലെങ്കിൽ ഇടവകയുടെ കണക്കിൽ ചേർത്ത് അംഗീകാരത്തിനായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. അതുപോലെ വർഷാവസാനം രണ്ടും കൂടി ഒരുമിച്ച് ഓഡിറ്റ് ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും വേണം. മറിച്ച് ചെയ്യുന്നതിലൂടെ വരുന്ന കഷ്ടനഷ്ടങ്ങൾക്ക് രൂപതാകേന്ദ്രം ഉത്തരവാദിയാകുന്നതല്ല എന്ന് ഓർമ്മപ്പെടുത്തട്ടെ.

രണ്ടാമത്തെ വ്യവസ്ഥ ഓരോ സ്ഥാപനവും അതിന്റെ ഓരോ വർഷവും ഉള്ള വരവിന്റെ 85% തുക അതാത് വർഷം തന്നെ ചെലവാക്കിയിരിക്കണം എന്നതാണ്. അതായത് ആകെ വരവിന്റെ 15% ത്തിൽ അധികം തുക തുടർന്നുള്ള സാമ്പത്തികവർഷം തുടങ്ങുമ്പോൾ ഉണ്ടാകാൻ പാടില്ല. ഇത്തരം സ്ഥാപനങ്ങളുടെ വരവിൽ നിന്ന് വ്യക്തികൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ കടം കൊടുക്കാൻ

പാടുള്ളതല്ല. അങ്ങനെ കൊടുത്താൽ അതും മിച്ചം വയ്ക്കാവുന്ന 15% ത്തിൽപെടുത്തും. 15% ആണെങ്കിലും അതും വലിയ തുകകൾ ആകാൻ പാടില്ല. കാരണം അപ്പോൾ അത് ലാഭമായി കണക്കാക്കും. ആദായ നികുതി ഇളവുള്ള ട്രസ്റ്റുകളും സൊസൈറ്റികളും ഒന്നും ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആകാൻപാടില്ല. ഇത്തരം സൊസൈറ്റികളിൽ നിന്നും ട്രസ്റ്റുകളിൽ നിന്നും സമാനമായവയ്ക്ക് ആസ്തി വികസനഫണ്ടിലേക്ക് സംഭാവന ചെയ്യാനും പാടുള്ളതല്ല. ആ തുകകളെല്ലാം കാഷ് ബാലൻസായി കണക്കാക്കി 15% ത്തിൽപെടുത്തും. അതായത് അതെല്ലാം ഉൾപ്പെടുത്തിയായിരിക്കും 85% വരുമാനം ചെലവാക്കിയ ശേഷമുള്ള സംഖ്യ തീരുമാനിക്കപ്പെടുക.

ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി 15% ത്തിൽ അധികം തുക നീക്കി വയ്ക്കണമെങ്കിൽ അക്കാര്യത്തിന് ആദായ നികുതി ഓഫീസിൽ പ്രത്യേകം ഫോറത്തിൽ അപേക്ഷ കൊടുത്ത് മുൻകൂർ അനുവാദം വാങ്ങിയിരിക്കണം. അപ്രകാരം കൂടുതൽ വയ്ക്കുന്ന തുക ഏതു കാര്യത്തിനാണോ മിച്ചം വച്ചിരിക്കുന്നത് ആ കാര്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. തുടർന്ന് വരുന്ന അഞ്ച് കൊല്ലത്തിനുള്ളിൽ അത് ആ ആവശ്യത്തിന് ചെലവഴിച്ചിരിക്കുകയും വേണം. ചെലവഴിക്കാത്ത പക്ഷം ആദായനികുതി കൊടുക്കേണ്ടി വരും.

നമ്മുടെ സ്ഥാപനങ്ങളിൽ ലഭിക്കുന്നതും ചെലവാക്കുന്നതുമായ എല്ലാ തുകകളും കണക്കിൽ ചേർക്കേണ്ടതാണ്. അതായത് കണക്കിൽ പെടാത്ത പണം ഉണ്ടാകുന്നതും ചെലവാകുന്നതും ഒഴിവാക്കണം. എല്ലാ വരവുകൾക്കും ചെലവുകൾക്കും അനുബന്ധ രേഖകളും ഉണ്ടായിരിക്കണം. വിശ്വാസ്യത നിലനിർത്താൻ അതെല്ലാം ആവശ്യമാണ്. നിയമം പാലിക്കുന്നുണ്ട് എന്ന് ഉറപ്പാകാനും ഇടവകയിൽ സമാധാനം നിലനിർത്താനും സംശയങ്ങൾ ഒഴിവാക്കാനും അങ്ങനെ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്ത പക്ഷം അനാവശ്യമായ വിവാദങ്ങളിലേക്കും ആരോപണ പ്രത്യാരോപണങ്ങളിലേക്കും കാര്യങ്ങൾ എത്താനുള്ള സാധ്യത ഏറെയാണ്. മാത്രമല്ല, കണക്കിൽപെടാതെ പണം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നത് വലിയ അധാർമ്മിക പ്രവൃത്തിയുമാണ്. നന്മ ചെയ്യാനാണെങ്കിലും അധാർമ്മിക വഴികൾ തേടുന്നത് ന്യായീകരിക്കത്തക്കതല്ല. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു എന്ന തത്വം നമുക്ക് സ്വീകാര്യമല്ല.

സാധിക്കുന്നിടത്തോളം എല്ലാ വരവും ചെലവും, പ്രത്യേകിച്ച് വലിയ തുകകളുടെ കൈമാറ്റം, ബാങ്കിലൂടെ ആകുന്നതാണ് അഭികാമ്യം.

നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ കോൺട്രാക്ടർമാർ സ്വന്തം നിലയിൽ പണം ചെലവാക്കി പണികൾ മുമ്പോട്ട് കൊണ്ടു പോകാറുണ്ട്. പിന്നീട് ഉണ്ടാകുമ്പോഴായിരിക്കും അവർക്ക് പണം കൊടുക്കുന്നത്. അങ്ങനെ വരുന്ന സന്ദർഭങ്ങളിലും ഓരോ മാസവും അവർ ചെയ്ത പണികളുടെ ബില്ല് വാങ്ങുകയും അവർ അതിലുള്ള തുക കടം തന്നതായും അവർക്ക് ബില്ലനുസരിച്ച് കൊടുക്കേണ്ട തുക കൊടുത്തതായും കണക്കിൽ ചേർക്കേണ്ടതാണ്. ഓൺലൈനിൽ ചെയ്യു മ്പോൾ ജേർണൽ (Journal) എന്നൊരു കോളം അത്തരം തുകകളുടെ വിവരം എഴുതാൻ ലഭ്യമാണ്. ഓരോ മാസവും കണക്കുകൾ പ്രതിനിധിയോഗത്തിൽ വായിച്ച് പാസാക്കുമ്പോൾ എത്ര തുക കോൺട്രാക്ടർക്ക് കൊടുത്തു തീർക്കാനുണ്ട് എന്ന കാര്യം കമ്പ്യൂട്ടർ തന്നെ കണക്കു കൂട്ടി ചേർത്ത് കൊള്ളും. അതുപോലെ വർഷാവസാനം ആകെ കൊടുത്തു തീർക്കാനുള്ള തുക എത്രയെന്ന് പെട്ടെന്ന് കണ്ടെത്താനുമാകും. മാസാമാസം എല്ലാ വരവ് ചെലവ് കണക്കുകളും ക്രമപ്രകാരം എഴുതി ബന്ധപ്പെട്ട സമിതികളിൽ പാസാക്കി രൂപതാ കേന്ദ്രത്തിലേക്ക് തെരട്ട് അയയ്ക്കാത്തതുമൂലം വാർഷിക ഓഡിറ്റ് പോലും യഥാസമയം സർക്കാരിലേക്ക് സമർപ്പിക്കാൻ പറ്റാത്ത സംഭവങ്ങളുണ്ട്. അവ ഇനിയും ആവർത്തിക്കപ്പെടാതിരിക്കട്ടെ. മാത്രമല്ല ഇടവകയിൽ ഗൗരവതരമായ ഇടർച്ചയ്ക്കും ഒരിക്കലും തീർക്കാൻ പറ്റാത്ത വിഭാഗീയതക്കും കാരണമാകുകയും ചെയ്യുന്നു.

ഇപ്പോൾ നിലവിലുള്ള സാമ്പത്തിക നിയമങ്ങളനുസരിച്ച് ക്യാഷായി വാങ്ങാവുന്ന തുകയ്ക്ക് പരിധിയുണ്ട്. പലതരം വ്യാഖ്യാനങ്ങൾ ഇക്കാര്യത്തിൽ ലഭ്യമാണങ്കിലും സാധ്യമാകുന്നിട ത്തോളം 2000 രൂപയിൽ കൂടുതലുള്ള എല്ലാ തുകകളും ബാങ്കിലൂടെ അല്ലെങ്കിൽ ചെക്കായി കൈമാറ്റം ചെയ്യുന്നതാണ് സുരക്ഷിതം.

ചില നിശ്ചിത വരവുകളുടെ ഒഴികെ ഇടവകകളുടെ വരവിന്റെ 10% വിഹിതം രൂപതാ കേന്ദ്രത്തിലേക്ക് കൊടുക്കണം എന്നത് നമ്മുടെ രൂപതയിലെ നിയമമാണ്. അപ്രകാരം കൃത്യമായി യാതൊരു കുറവും വീഴ്ചയും വരുത്താതെ തരുന്ന ഇടവകകൾ ഉണ്ട് എന്നത് വലിയ ആശ്വാസമാണ്. അവരെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ പല ഇടവക കളിൽ നിന്നും തരുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. അത് ശരിയായ ഒരു നിലപാടല്ല എന്ന് അറിയാമല്ലൊ. പലരും രൂപതയ്ക്ക് എന്തിനാണ്


പണം എന്നാണ് ചോദിക്കുന്നത്. രൂപതാ കേന്ദ്രത്തിന്റെ നടത്തിപ്പിന് വലിയ തുകകൾ ആവശ്യമാണെങ്കിലും ഇടവകകളിൽ നിന്ന് ലഭിക്കുന്ന 10% വിഹിതം നിർദ്ധനരായ ഇടവകകൾക്ക് കൊടുക്കാൻ മാത്രമാണ് ഉപയോഗിക്കുന്നത്. ചിലരെങ്കിലും 10% തരാതിരിക്കാൻ വരവുകൾ ഇനം മാറ്റി എഴുതുകയോ കുറച്ച് എഴുതുകയോ ഒക്കെ ചെയ്യുന്നതായി മനസ്സിലാക്കുന്നു. അതെല്ലാം വളരെ അധാർമ്മികമായ പ്രവൃത്തികളാണ് എന്ന് പറയേണ്ടതില്ലല്ലൊ. മറ്റുള്ളവർക്ക് അർഹതപ്പെട്ട പണമാണല്ലൊ അത്. ധാർമ്മികത പഠിപ്പിക്കേണ്ട നമ്മൾ തന്നെ അധാർമ്മികമായി ചെയ്യുമ്പോൾ ഭാവി തലമുറയിൽ അതിന്റെ പ്രത്യാഘാതം എന്തായിരിക്കും എന്ന് നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമാണ്. രൂപതയ്ക്ക് കൊടുക്കുന്ന കാര്യത്തിൽ കള്ളത്തരം കാണിക്കാമെങ്കിൽ തങ്ങളുടെ സ്വകാര്യജീവിതത്തിൽ തങ്ങൾക്കും അത് തന്നെ ചെയ്യാൻ പാടില്ലേ എന്ന് അവർ ചിന്തിച്ചാൽ അവരെ കുറ്റം പറയാനാകുകയില്ല.

ഇടവകയിൽ എടുക്കുന്ന മറ്റ് പിരിവുകളുടെ കാര്യത്തിലും ഇത് തന്നെ പ്രസക്തമാണ്. ഒരു കാര്യത്തിന് എന്ന് പറഞ്ഞ് എടുത്തിട്ട് മറ്റൊരു കാര്യത്തിന് അത് വിനിയോഗിക്കുന്നത് അധാർമ്മികപ്രവൃത്തി എന്നതിന് പുറമെ സംഭാവന തരുന്നവരോട് ചെയ്യുന്ന അവിശ്വസ്തത യുമാണല്ലോ. ആണ്ടുവട്ടത്തിൽ പലതരത്തിലുള്ള സംഭാവനകൾ ഇടവകകളിൽ നിന്ന് സ്വീകരിക്കാറുണ്ട്. അതെല്ലാം അവ എന്തിനായി ലക്ഷ്യം വച്ചിരിക്കുന്നുവോ അതിനായി അയച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. അതൊന്നും രൂപതാ കേന്ദ്രത്തിന്റെയോ മറ്റേതെങ്കിലും സ്ഥാപനത്തിന്റെയോ ചെലവിന് എടുക്കുന്നില്ല. അത്തരം തുകകൾ ഒട്ടും കുറയാതെ തന്നെ രൂപതാ കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്. ആണ്ടവസാനം എല്ലാ ഇനത്തിലേക്കും കുറേശ്ശെ കൊണ്ടുവന്ന് അടക്കുന്നതും ആശാസ്യമല്ല. ബാങ്ക് ട്രാൻസ്ഫർ വഴി അയക്കുന്നവർ ട്രാൻസ്ഫർ ചെയ്താൽ ഉടൻതന്നെ ബഹുമാനപ്പെട്ട പ്രൊക്യുറേറ്ററച്ചനെ അല്ലെങ്കിൽ ഓഫീസിൽ സാമ്പത്തിക കണക്കുകൾ കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട സിസ്റ്ററിനെ ഫോൺ മുഖാന്തിരമോ മറ്റേതെങ്കിലും വിധത്തിലോ അക്കാര്യം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക എവിടെ നിന്ന് വന്നു എന്ന് അറിയാൻ കഴിയുകയില്ല, തത്ഫലമായി കണക്കിൽ ചേർക്കാൻ പറ്റാതെ വരുകയും ചെയ്യും.

നമ്മുടെ സ്ഥാപനങ്ങൾ വളരെ സൂക്ഷ്മമമായ നിരീക്ഷണത്തിന് വിധേയമാകുന്നുണ്ട് എന്ന വസ്തുത നമ്മൾ മറക്കാതിരിക്കേണ്ടത്

ആവശ്യമാണ്. അവയിൽ സാമ്പത്തിക കാര്യങ്ങളിൽ  വരുന്ന ഓരോ വീഴ്ചയും നമ്മുടെ സഭയുടെയും സമൂഹത്തിന്റെയും വീഴ്ചക്കും ആക്കം കൂട്ടും എന്നതും വസ്തുതയാണ്. അതിനാൽ ഇക്കാര്യങ്ങളിൽ നമ്മൾ വളരെ ശ്രദ്ധാപൂർവ്വവും നിയമാനുസൃതവുമായി മന്നോട്ട് നീങ്ങണം എന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയും നിങ്ങളുടെ അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന്  2018 നവംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ഡിസംബർ 16 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസ സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സീറോ മലബാർ മിഷൻ വാരാചരണം–സർക്കുലർ

## (2019 ജനുവരി 6–12)

Prot. No. 1911/2018

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് **കർദിനാൾ ജോർജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയുടെ ദനഹാതിരുനാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാ തിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കംകുറിക്കുകയാണല്ലോ ചെയ്തത്. പതിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതികശരീരമായ തിരുസഭയും ഈ പ്രേഷിത ദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് സഭ സ്വഭാവത്താലെ പ്രേഷിതയാണ് (AG:2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ ജനതകളിലേക്ക് എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷ പ്രഘോഷണത്തിനും പ്രേഷിത പ്രവർത്തനത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത് നമ്മിൽ ഓരോരുത്തരിലൂടെയുമാണ്. നിങ്ങൾ ലോകമെങ്ങും പോയി

സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ്:16,15) എന്നുള്ള തമ്പുരാന്റെ ആഹ്വാനം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തിന്മയുടെ ശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറി തന്ന വിശ്വാസവെളിച്ചത്തെ അണയാതെ കാക്കുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും ധീരതയും ഏതുപ്രതിസന്ധികളെയും മറികടക്കുവാൻ ശക്തി പകരുന്നുണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷവുമായി കടന്നു ചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻ വാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമക്രൈസ്തവരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെ ഇടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിത പ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപതാതലത്തിലും ഇടവകതലത്തിലും എല്ലാ ഭക്തസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിത വാരാചരണത്തെ കൂടുതൽ അർത്ഥമുള്ളതാക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലംചൂടുന്നത് നമ്മുടെ പ്രേഷിത തീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകികൊണ്ട് പ്രവർത്തിക്കുന്നു. നമ്മുടെ സഭയ്ക്ക് ഇന്ത്യമുഴുവൻ അജപാലന ശുശ്രൂഷയും സുവിശേഷ പ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നതിന്റെ ഫലമായി രൂപം കൊണ്ട ഷംഷാബാദ്, ഹോസുർ രൂപതകൾ

അജപാലന– സുവിശേഷ പ്രഘോഷണാവകാശം മറ്റ് രൂപതകളോട് ചേർന്ന് പ്രായോഗികമാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിത വാരാചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിത പ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻ തീക്ഷ്ണതയാണ്. എല്ലാമിഷനറിമാരെയും ഓർക്കേണ്ടതും അതോടൊപ്പം വിശ്വാസ തീക്ഷ്ണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായിക്കാനുമായി സീറോമലബാർ മിഷൻ എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെൻറ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന അമ്പത്തിയൊന്ന് ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻ രൂപതകളിലും മറ്റ് പ്രദേശങ്ങളിലും സേവനം ചെയ്യുവാൻവേണ്ട വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദിക വിദ്യാർത്ഥികളെയും 34 സന്യാസാർത്ഥിനികളെയും ഈ ഓഫീസ് വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻ പ്രദേശങ്ങളിൽ സുവിശേഷവത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ് ആവശ്യങ്ങളും സാധ്യമാക്കുന്നതിനായി മിഷൻ പ്രോജെക്റ്റുകളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരതയുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ നയിക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നത്. സഭയുടെ വളർച്ചയിലും മിഷൻ പ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻ വാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ നമുക്ക് അവനോടുകൂടെ പോയി മരിക്കാം (യോഹ 11:16) എന്ന വാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസ വെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ

സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായിതീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+ കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- 1) 2018 ഡിസംബർ 30 ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.**

**2) ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.**

**3) സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏൽപിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2019 ഫെബ്രുവരി 28 ന് മുമ്പായി എത്തിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഡിസംബർ 24 ന് ബഹു. അഗസ്റ്റിൻ കീലേത്തച്ചന്റെയും ഡിസം ബർ 25 ന് ബഹു. ലെയോപോൾഡ് മഠത്തിനകം അച്ചന്റെയും ചരമദി നങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർ ത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**ബൈബിൾ ഞായർ**

ഡിസംബർ 30 ഞായറാഴ്ച ബൈബിൾ ഞായറായി കേരളസഭ ആചരിക്കുകയാണല്ലോ. അന്നേദിവസം എടുക്കുന്ന പ്രത്യേക സ്തോത്ര ക്കാഴ്ച കെ.സി.ബി.സി.യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾ ക്കായി അയച്ചുകൊടുക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരണ മെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജന കൺവെൻഷൻ**

ഒക്ടോബർ 18 മുതൽ 21 വരെ സെന്റ് പാട്രിക് സ്കൂളിൽ വച്ച് നടന്ന രൂപതാ യുവജന കൺവെൻഷനിൽ 2500 ഓളം യുവജനങ്ങൾ പങ്കെടുത്തു. ആത്മീയ ഉണർവിലേക്കും ദൈവാനുഭവത്തിലേക്കും യുവജനങ്ങളെ നയിക്കാൻ കൺവെൻഷനിലൂടെ സാധിച്ചു. കൺവെൻ ഷൻ വലിയ വിജയമാക്കിത്തീർക്കാൻ അഹോരാത്രം കഷ്ടപ്പെട്ട ബഹു. ലാൽ പൈനുങ്കൽ അച്ചനേയും ബഹു. റോബിൻ പടിഞ്ഞാറയിൽ അച്ച നേയും ബഹു. ജോസഫ് കളമ്പുകാട്ട് അച്ചനേയും മറ്റ് ബഹു. വൈദി കരേയും ബഹു. സിസ്റ്റേഴ്സിനേയും യുവജന സുഹൃത്തുക്കളെയും നന്ദിയോടെ ഓർക്കുന്നു. രൂപതയുടെ പേരിലുള്ള അഭിനന്ദനങ്ങളും അ റിയിക്കുന്നു.

**അഭിനന്ദനങ്ങൾ**

റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ പ്രശസ്തമായ രീതിയിൽ ഡോക്ടറേറ്റ് നേടി തിരി ച്ചെത്തിയിരിക്കുന്ന ബഹു. ചാക്കോ പുല്ലൻകുന്നേൽ അച്ചന് രൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. പുതിയ പ്രവർത്തനമേഖല യിൽ അച്ചന് എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹങ്ങളും ആശം സിക്കുന്നു.

മിഷൻലീഗ് കഴിഞ്ഞ പ്രവർത്തനവർഷത്തെ ഏറ്റവും നല്ല രൂപതകൾക്കുള്ള സംസ്ഥാനതല Gold Star പുരസ്കാരം മാനന്തവാടി രൂപത കരസ്ഥമാക്കി. ഈ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച മിഷൻലീഗിന്റെ രൂപതാ ഡയറക്ടർ ബഹു. തോമസ് ഐക്കരക്കാനായിൽ അച്ചനും പഴയ ഡയറക്ടറായിരുന്ന ബഹു. ജോജോ ചങ്ങനാംതുണ്ടത്തിൽ അച്ചനും രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മിഷൻലീഗ് അംഗങ്ങൾ എന്നിവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

കഴിഞ്ഞ പ്രവർത്തന വർഷത്തെ മികച്ച ശാഖയ്ക്കുള്ള സംസ്ഥാനതല Gold Star പുരസ്കാരം പൂളപ്പാടം ശാഖ കരസ്ഥമാക്കി. പൂളപ്പാടം വികാരി ബഹു. ജെയിംസ് ചക്കിട്ടക്കുടി അച്ചനും, ശാഖാ ഭാരവാഹികൾ, മതാദ്ധ്യാപകർ, മിഷൻലീഗ് അംഗങ്ങൾ എന്നിവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

2018-2021 വർഷത്തെ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിന് അഭിനന്ദനങ്ങൾ നേരുന്നു. പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 4 വരെ രൂപതാകച്ചേരി അവധിയായിരിക്കും

**സീറോ മലബാർ മിഷൻവാരാചരണം: ജനുവരി 06-12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും അറിയുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സീറോ മലബാർ മിഷനെ സഹായിക്കുവാനുമായി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോ മലബാർ മിഷൻവാരാചരണം. 2019 ജനുവരി 06 മുതൽ 12 വരെയാണ് സീറോ മലബാർ മിഷൻവാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മിഷൻവാരത്തെ അധികരിച്ച് നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസം വായിക്കുകയും വേണ്ടത്ര മുൻ ഒരുക്കങ്ങളോടെ വാരാചരണം നടത്തുകയും ചെയ്യാൻ ശ്രദ്ധിക്കുകയും മിഷനുവേണ്ടി സമാഹരിച്ച തുക ജനുവരി 30-ാം തീയതിക്കകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

## New Appointments

1. Rev.Fr. Chacko Pullenkunnel - Vicar Kuttimoola & Vice Chancellor (w.e.f 25/11/2018)
2. Rev.Fr. Jose Pulinthanam - Vicar Muttiyel (w.e.f 25/11/2018)

**യുവവൈദികർക്കായുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2019 ഫെബ്രുവരി 25 തിങ്കളാഴ്ച വൈകുന്നേരം 7 മണി മുതൽ 28 വ്യാഴാഴ്ച 1 മണി വരെ യായിരിക്കും. 2010 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുട ങ്ങിയുള്ള എല്ലാ വൈദികരും ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നവർ ഉൾപ്പെടെ നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴിവ് കഴിവ് അനു വദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവക യിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടു ക്കേണ്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

| No. Rev. Fathers | No. Rev. Fathers |
|---|---|
| 1. Pullenkunnel Chacko | 17. Peechattu Joseph |
| 2. Kalambukattu Joseph | 18. Thevarkunnel Don Bosco |
| 3. Palathadathil George | 19. Kollamkunnel Varghese |
| 4. Punnackapadavil Sebastian | 20. Thekkilakattil Mathew |
| 5. Kizhakkanputhupally Varghese | 21. Chittarackal Varghese |
| 6. Kavalakkadan Varghese | 22. Vettickal John |
| 7. Madathil Sebastian | 23. Palakattu Antony |
| 8. Kattamkottil Thomas | 24. Thattuparambil Varghese |
| 9. Kalliyattu Devassia | 25. Vadassery Thomas |
| 10. Iykkarakanayil Thomas | 26. Vattukulathil Mathew |
| 11. Kattath Thomas | 27. Kalarickal Paul |
| 12. Venakuzhiyil Mathai | 28. Chakkulathil Joseph |
| 13. Elamkunnapuzha Joseph | 29. Karuthedath Mathew (Rajeesh) |
| 14. Alumkal Joseph | 30. Arackaparambil Emmanuel |
| 15. Antony Madapallikunnel | 31. Elemkunnel Joseph |
| 16. Parackal Varghese | 32. Oravaranthara Santhosh |

## 2018-2021 വർഷത്തെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

| No | Name | Designation |
|---|---|---|
| 1 | Mar Jose Porunnedom | |
| 2 | Very Rev. Fr. Abraham Nellickal | Protosyncellus |
| 3 | Rev. Fr. Jose Mecheril | Syncellus: Nilambur - Manimooly Region |
| 4 | Rev. Fr. Joseph Nedumkallel | Chancellor & Secretary |
| 5 | Rev. Fr. John Vettickal | Associate Diocesan Office Secretary |
| 6 | Rev. Fr. John Kokkandathil | Procurator |
| 7 | Rev. Fr. Shantidas Muthukattil | Judicial Vicar |
| 8 | Rev. Fr. Jose Kocharackal | PRO |
| 9 | Rev. Fr. Paul Mundolickal | Vicar, Cathedral |
| 10 | Rev. Fr. Sebastian Elemkunnel | Rector, Mount Mary College |
| 11 | Rev. Fr. John Ponparackal | Corporate Manager |
| 12 | Rev. Fr. Augustine Puthenpura | Protopresbyter, Kallody Forane |
| 13 | Rev. Fr. Kuriakose Kunnath | Protopresbyter, Manimooly Forane |
| 14 | Rev. Fr. Vincent Kalappura | Protopresbyter, Chungakunnu Forane |
| 15 | Rev. Fr. Joseph Muthirakkalayil | Protopresbyter, Nadavayal Forane |
| 16 | Rev. Fr. Chandy Punakkattu | Protopresbyter, Mullenkolly Forane |
| 17 | Rev. Fr. Mathew Perumattikkunnel | Protopresbyter, Kalpetta Forane |
| 18 | Rev. Fr. James Puthenparambil | Protopresbyter, Bathery Forane |
| 19 | Rev. Fr. Thomas Kachirayil | Protopresbyter, Nilambur Forane |
| 20 | Rev. Fr. Joy Pullenkunnel | Protopresbyter, Payyampally Forane |
| 21 | Rev. Fr. James Kunnathettu | Protopresbyter, Thariode Forane |
| 22 | Rev. Fr. Jose Thekkanady | Protopresbyter, Dwaraka Forane |
| 23 | Rev. Fr. Varghese Parackal | House Procurator, Bishop's House |
| 24 | Rev. Fr. Thomas Manakkunnel | Nilgiri Region |
| 25 | Rev. Fr. George Myladoor | Manager, Mary Matha College |
| 26 | Rev. Fr. Anto Mampallil | Director, AKCC |
| 27 | Rev. Fr. Joseph Karukappillil | Director, Radio Mattoli |
| 28 | Rev. Fr. Mathew Manjakunnel | Director, Family Apostolate |
| 29 | Rev. Fr. Paul Vazhappilly | Director, Pastoral Centre |

| | | |
|---|---|---|
| 30 | Rev. Fr. Thomas Kattuthuruthiyil | Director, Catechism |
| 31 | Rev. Fr. John Choorapuzhayil | Director, Biowin |
| 32 | Rev. Fr. Thomas Iykkarakkanayil | Director, CML |
| 33 | Rev. Fr. Mathew Padinjarayil | Director, KCYM |
| 34 | Rev. Fr. Lal Painumkal | Director, Youth Ministry |
| 35 | Rev. Fr. Abraham Madathil | Director, Madhyavirudha Samithi |
| 36 | Rev. Fr. Joseph Vazhakattu | Director, Renewal Programmes |
| 37 | Rev. Fr. Manoj Kavalakkadan | Director, St. Joseph's Hospital |
| 38 | Rev. Fr. Issac Vattukunnel | Director, Wayanad Infam & Diocesan Coordinator, Deepika |
| 39 | Rev. Fr. Joseph Chettiyasserry | Director, Media Commission |
| 40 | Rev. Fr. Lukose Maplassery | Convenor, History Book |
| 41 | Rev. Fr. John Pulinthanath | Director, Jesus Fraternity |
| 42 | Rev. Fr. Paul Koottala | Diocesan Director, Social Services |
| 43 | Rev. Fr. Joseph Kalambukattu | Director, Jesus Youth Movement |
| 44 | Rev. Fr. Varghese Thattuparambil | Director, Christeen Ministry |
| 45 | Mr. Baby Joseph Chakkalackal | Secretary, Catechetism |
| 46 | Mr. Shaji Chandanaparambil | President, CML |
| 47 | Mr. Jishin Mundakkathadathil | President, KCYM |
| 48 | Mr. George Akkanthiriyil | President, SVDP |
| 49 | Mr. Saju Kollappillil | President, AKCC |
| 50 | Mr. Johnson Thozhuthunkal | Secretary, Madhyavirudha Samithi |
| 51 | Mr. George Kochukulathinkal | Secretary, Infam |
| 52 | Mrs. Gracy Chittinappilly | President, CMA |
| 53 | Mr. Johny Ambatt | Delegate, Family Apostolate |
| 54 | Mr. Salu Abraham Mecheril | Chairman, CCF |
| 55 | Adv. Jose Kurumbalakatt | President, Pro-life |
| 56 | Mr. P. A. Jose | General Coordinator, WSSS |
| 57 | Mr. Biju Puikunnel | President, KLM |
| 58 | Mr. Joseph Vattakunnel | Organiser, Renewal Ministry |
| 59 | Ms. Mary Chellanthara | President, Marian Singles |
| 60 | Dr. Valsala Scaria | CCI Member |
| **Elected Members from Presbyteral Council** | | |
| 61 | Rev. Fr. Kurian Vazhayil | |
| 62 | Rev. Fr. Joy Pinakkatt | |
| 63 | Rev. Fr. Vincent Thamarassery | |

| | Elected Members from Forane | |
|---|---|---|
| | **Chungakunnu Forane** | **Parish** |
| 64 | Mr. Babukutty Joseph | Kelakam |
| 65 | Mr. Shanoj M Sebastian | Kottiyoor |
| 66 | Mrs. Theyyamma James | Chungakunnu |
| 67 | Mrs. Lissy Joseph | Adackathode |
| | **Dwaraka Forane** | |
| 68 | Mr. Shaiju Puthanagady | Chulliana |
| 69 | Mr. Varkey Nirappel | Dwaraka |
| 70 | Mrs. Molly Thoppil | Chulliana |
| 71 | Mrs. Lillykutty Muthirakkalayil | Thonichal |
| | **Kallody Forane** | |
| 72 | Mr. Mathew Kavuvilayil | Vanjode |
| 73 | Mr. Mathew Puthuparambil | Kallody |
| 74 | Mrs. Lilly Vellaramkattil | Vanjode |
| 75 | Mrs. Alice Parayidom | Kallody |
| | **Kalpetta Forane** | |
| 76 | Mr. Shaji Azhakanal | Nedumpala |
| 77 | Mr. Johny Pattani | Kalpetta |
| 78 | Mrs. Molly Vattakkunnel | Kalpetta |
| 79 | Mr. John Pullappilly | Vazhavatta |
| | **Mananthavady Forane** | |
| 80 | Mr. Baby Kurian veliyath | Kaniyaram |
| 81 | Mr. Akhil Thomas Mattathilanickal | Yavanarkulam |
| 82 | Mrs. Rosamma Baby Karyakkattu | Poroor |
| 83 | Mrs. Gladis Cheriyan Kumbukkal | Mananthavady Town |
| | **Manimooly Forane** | |
| 84 | Mr. Georgekutty Kottepparambil | Thalanji |
| 85 | Mr. Robin Immanuel Memadathil | Palemad |
| 86 | Mrs. Soly Elemkunnel | Narivalamunda |
| 87 | Mrs. Laisa Palakkattuthottathil | Pathiripadam |

| | | |
|---|---|---|
| | **Mullankolly Forane** | |
| 88 | Mr. Josukutty Kavalakkat | Sisumala |
| 89 | Mr. Sunil Pulikuthiyil | Padichira |
| 90 | Mrs. Lissy Magattukunnel | Mullankolly |
| 91 | Mrs. Siji Elanjikkal | Seethamount |
| | **Nadavayal Forane** | |
| 92 | Mr. MC Sebastian Madathiparambil | Panamaram |
| 93 | Mrs. Reji Sunny Payyanattu | Kurumbalakotta |
| 94 | Mrs. Lauly Joseph Illickal | Valavayal |
| 95 | Mr. Aiby Varkey Ambasseril | Chundakkara |
| | **Nilambur Forane** | |
| 96 | Mr. Joy Chachira | Nilambur |
| 97 | Mr. Joby Elukkunnel | Muttiel |
| 98 | Mrs. Daisy Sankarathil | Nilambur |
| 99 | Mrs. Jolly Arumayil | Chokkad |
| | **Payyampally Forane** | |
| 100 | Mr. Geroge Aranjaniyil | Payyampally |
| 101 | Mr. Martin Srathazhath | Martin Nagar |
| 102 | Mrs. Jancy Kunnumpurath | Padamala |
| 103 | Mrs. Cicily Aryappaly | Arattuthara |
| | **S. Bathery Forane** | |
| 104 | Mr. Benny Kainikkal | Vadakkanad |
| 105 | Mr. Vinoy Thekkumkal | Bathery |
| 106 | Mrs. Smitha Xavier Adavichira | Ambalavayal |
| 107 | Mrs. Beena Biju Nirappil | Thomattuchal |
| | **Thariode Forane** | |
| 108 | Mr. K. P. George Kochukulathinkal | Chennalode |
| 109 | Mr. Jijo P. G. Podimattathil | Kavummannam |
| 110 | Mrs. Joicy Sunny Mechery | Puthusserikkadavu |
| 111 | Mrs. Marykutty Davis Marekkadan | Kavummannam |
| | **Nilgiris Region** | |
| 112 | Mr. Tomy John Kozhimala | Arulnilayam |
| 113 | Mr. Josekuttan Koottumkal | Coonoor |
| 114 | Mrs. Seeliya Mundiyanickal | Kalpra |
| 115 | Mrs. Rani Louis Mankuzha | Panamchira |

| | | |
|---|---|---|
| | **Representatives of Men Religious Congregation** | |
| 116 | Rev. Fr. Vincent Mattummel O. Praem | Norbertine |
| 117 | Rev. Fr. Augustine Njavarakkattu | CST |
| 118 | Rev. Bro. Geo MMB | MMB |
| 119 | Rev. Bro. Joy Kakkattil CST | CST Brothers |
| | **Representatives of Women Religious Congregation** | |
| 120 | Rev. Sr. Ancitta SCV | |
| 121 | Rev. Sr. Celeena SKD | |
| 122 | Rev. Sr. Elsa SABS | |
| 123 | Rev. Sr. Stephina FCC | |
| 124 | Rev. Sr. Mercitta SH | |
| 125 | Rev. Sr. Jeesa CMC | |
| 126 | Rev. Sr. Jossy Augustin MSMI | |
| 127 | Rev. Sr. Grace Paul SD | |
| 128 | Rev. Sr. Sobha LSJ | |
| 129 | Rev. Sr. Bincy DSC | |
| 130 | Rev. Sr. Alphonsa AC | |
| | **Representatives of School Teachers** | |
| 131 | Mr. Saji John | AUPS Dwaraka |
| 132 | Mr. Mathew M. A. | HSS Kaniyaram |
| 133 | Mr. Sunny T. T. | IJMHSS Kottiyoor |
| 134 | Mr. Alex Mathew | LPS Puthiyidamkunnu |
| | **Nominated Members** | |
| 135 | Smt. Rosakutty Teacher | Bathery |
| 136 | Mr. K. L Paulose | Pulpally |
| 137 | Mr. N. D. Appachan | Theneri |
| 138 | Mrs. Mercy Aryapally | Kaniyaram |
| 139 | Dr. V. J. Sebastian | Kalpetta |
| 140 | Mr. Sebastian Palamparambil | Paralikunnu |
| 141 | Mr. Jose Pallath | Kallody |
| 142 | Mr. K. J. Jose Kadayilthattil | Bathery |
| 143 | Mr. Joshy Mathew Palarackal | Mullenkolly |
| 144 | Mr. Babu Cyriac | Ondayangadi |

| | | |
|---|---|---|
| 145 | Dr. Savio James V | Mary Matha College |
| 146 | Adv. George Jose Manimalatharappel | Bathery |
| 147 | Mrs. Maria Paulin | Karackamala |
| 148 | Mr. Baby Sebastian Valayil | Kurumbalakotta |
| 149 | Mr. Saji Narivelil | Marakadavu |
| 150 | Mr. Jose Mathew Punchayil | Karackamala |
| 151 | Mr. Vijo Kachamkodath | Manimooly |
| 152 | Mr. Sunil Avirappattu | Town Church |
| 153 | Mr. Shaji Varghese Chamakkalayil | Kaniyaram |
| 154 | Adv. Rejimol John Maniparambil | Edappetty |
| 155 | Mrs. Roshni Munduparambil | Kammana |
| 156 | Mr. Binu Mankoottathil | Nadavayal |
| 157 | Mr. Jose Punnakkuzhy | Kaniyaram |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

| Common Programmes in the year 2019 | | |
|---|---|---|
| **Date** | **Programme** | **Venue** |
| January 29 Tuesday | New Priests' Reception | Bishop's House |
| February 3 Sunday | Appointment of New Priests | |
| February 12 Tuesday | Manimooly - Joint Curia Meeting | Manimooly |
| February 19 Tuesday | Consultors' & Finance Council Meting | Bishop's House |
| February 25 Monday - 28 Thursday | Junior priests' Meet | Pastoral Centre |
| March 06 Wednesday | Presbyteral Council | Bishop's House |
| March 09 Saturday | Pastoral Council | Pastoral Centre |
| March 14 Thursday | Priest Conference | Pastoral Centre |
| March 16 Saturday | Meeting of Office Bearers of Associations | Pastoral Centre |
| April 06 Saturday | Death Anniversary of Bishop Emmanuel Pothanamuzhy | Cathedral |
| April 15 Monday | Minor Orders | MMC |
| April 23 Tuesday - 25 Thursday | Major Seminarians' Gathering | MMC |
| May 01 Wednesday | Diocesan Day | Pastoral Centre |
| May 04 Saturday | WSSS General Body Meeting | WSSS |
| May 06 Monday | Vestition of Major Seminarians | MMC |
| May 13 Monday | Minor Seminary Interview | MMC |
| May 19 Sunday | Transfer of Priests | |
| May 21 Tuesday | Golden & Silver Jubilee of Priests | Bishop's House |
| June 18 Tuesday | Meeting of Forane Vicars | Bishop's House |
| July 10 Wednesday | Manimooly - Joint Curia Meeting | Manimooly |
| September 15 Sunday- 20 Friday | Priests' Retreat | Pastoral Centre |
| September 22 Sunday- 27 Friday | Priests' Retreat | Pastoral Centre |
| October 12 Saturday | Pastoral Council meeting | Pastoral Centre |
| November 03 Sunday | Benefactors' Day | MMC |
| November 05 Tuesday | Presbyteral Council | Bishop's House |
| November 13 Wednesday | Deacons and Parents Meet | Bishop's House |
| November 21 Thursday | Home Day | MMC |
| December 10 Tuesday | Consultors' & Finance Council Meeting | Bishop's House |
| December 11 Wednesday | Priests' Conference | Pastoral Centre |

# പ്രസ്ബിറ്ററൽ കൗൺസിൽ-റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദിക സെനറ്റിന്റെ (പ്രസ്ബിറ്ററൽ കൗൺസിൽ) ഒരു യോഗം 2018 നവംബർ 13 ന് രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ ചേർന്നു. റവ. ഫാ. മാത്യു മഞ്ഞക്കുന്നേൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും യോഗത്തിന്റെ അജണ്ട അവതരിപ്പിക്കുകയും ചെയ്തു. സഭ നേരിടുന്ന ആനുകാലിക പ്രശ്നങ്ങളിൽ സമചിത്തത വെടിയാതെ ശാന്തതയോടെ സഭയോട് ചേർന്ന് നിൽക്കുവാനും വിശ്വാസ ജീവിതത്തിൽ ദൈവ ജനത്തെ ആഴപ്പെടുത്തുവാനും വൈദികരെല്ലാവരും പരിശ്രമിക്കണമെന്ന് അദ്ദേഹം തന്റെ സ്വാഗത പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ഇന്ന് സഭ നേരിടുന്ന മിക്ക പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും പിന്നിൽ നിക്ഷിപ്ത താത്പര്യങ്ങൾ ഉണ്ടെന്നും വിവേകത്തോടെ കാര്യങ്ങളെ മനസ്സിലാക്കണമെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ചിലപ്പോഴെങ്കിലും നിക്ഷിപ്ത താത്പര്യത്തോടെ പ്രവർത്തിക്കുന്നവർക്ക് ദൈവ ജനത്തിനിടയിൽ ആശയക്കുഴപ്പങ്ങളും അസ്വസ്ഥതകളും ജനിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതും സത്യമാണ്. ദൈവജനത്തെ നേർവഴിക്ക് നയിക്കാനുള്ള ഉത്തരവാദിത്വങ്ങളിൽ നിന്ന് വൈദികർ ഒരിക്കലും പിന്നോട്ട് പോകരുതെന്ന് പിതാവ് ആവശ്യപ്പെട്ടു. യോഗത്തിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചെല്ലാം പിതാവ് വിശദമായി സംസാരിച്ചു.

തുർന്ന് സ്വതന്ത്ര കുരിശുപള്ളികളായ വാളേരി, കളത്തുവയൽ എന്നിവ ഇടവകകളായി പ്രഖ്യാപിക്കുവാനുള്ള ചർച്ചകൾ നടന്നു. വാളേരി ഇടവകയെക്കുറിച്ചുള്ള ബഹു. ജേക്കബ് പൂതക്കുഴി അച്ചന്റെ റിപ്പോർട്ട് രൂപതാ ചാൻസലർ ബഹു. ജോസഫ് നെടുങ്കല്ലേൽ അച്ചനും കളത്തു വയൽ സ്വതന്ത്രകുരിശുപള്ളിയെക്കുറിച്ചുള്ള റിപ്പോർട്ട് ബഹു. ജോസഫ് ഇളംകുന്നപ്പുഴ അച്ചനും അവതരിപ്പിച്ചു. വാളേരിയുടെയും കളത്തുവയലിന്റെയും ഇടവകാതിർത്തികളെക്കുറിച്ചും, സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ചും, മറ്റ് അജപാലനപരമായ പ്രശ്നങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. വാളേരി സ്വതന്ത്ര കുരിശുപള്ളിയെയും കളത്തുവയൽ സ്വതന്ത്ര കുരിശുപള്ളിയെയും ഇടവകകളായി ഉയർത്തുവാനും തീരുമാനിച്ചു.

KCBC Guidelines for Safe Environment Programme for Church Personnel ക്കുറിച്ചും CBCI യും KCBC യും പുറത്തിറക്കിയ Gender Policy യെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. 'Church Personnel' എന്നതിൽ ആരൊക്കെയാണ് ഉൾപ്പെടുന്നത് എന്നും ഈ നിർദ്ദേശത്തെക്കുറിച്ച് എല്ലാവർക്കും വ്യക്തമായ അവഗാഹം ഉണ്ടാകേണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു. അതിനുവേണ്ടി വിവിധ തരത്തിലുള്ള ക്ലാസുകളും ചർച്ചകളും വരുംകാലങ്ങളിൽ സംഘടിപ്പിക്കണമെന്നും തീരുമാനിച്ചു.

തുടർന്ന് രൂപതയുടെ പുതിയ സംരംഭമായ Online Accounting System-ത്തെക്കുറിച്ച് ചർച്ചകൾ നടന്നു. കണക്കുകൾ കൃത്യനിഷ്ഠ യോടെ രേഖപ്പെടുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു Monitoring System ഉണ്ടാകേണ്ടതാണെന്നും യോഗം വിലയിരുത്തി. ഫൊറോനാ തലത്തിൽ ഒരു Monitoring Committee രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഇടവകകളിൽ സമയാസമയ ങ്ങളിലുള്ള ഇടപെടലുകൾ നടത്തേണ്ടതുമാണ്. ഇനിവരുന്ന വൈദിക സമ്മേളനത്തിൽ ഇതിനെക്കുറിച്ച് ചർച്ച നടത്താനും തീരുമാനിച്ചു. Syro Malabar Internet Mission ന്റെ നേതൃത്വത്തിലുള്ള Parish App നെ ക്കുറിച്ച് സെക്രട്ടറി ബഹു. പ്രകാശ് വെട്ടിക്കലച്ചൻ വിശദീകരിച്ചു. എല്ലാ ഇടവകകൾക്കും സ്വയമായി ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തി ലാണ് ഈ സംവിധാനം ക്രമപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ പ്രവർത്ത നങ്ങൾക്കായി എല്ലാ ഇടവകകളിലെയും കുടുംബനാഥന്റെ പേരും വീട്ടു പേരും മൊബൈൽ നമ്പറും യൂണിറ്റ് തിരിച്ച് നൽകേണ്ടതാണെന്നും എല്ലാവരേയും ഓർമ്മിപ്പിച്ചു. വൈദിക സമ്മേളനത്തിൽ ഇതിനെക്കുറിച്ച് വിശദീകരണം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു.

അടുത്ത കാലത്തുണ്ടായ പ്രളയക്കെടുതിയെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തി കളിൽ നിന്നും മറ്റ് അഭ്യുദയകാംക്ഷികളിൽ നിന്നും ലഭിച്ച സഹായ ങ്ങളെക്കുറിച്ചും അതിന്റെ വിതരണത്തെക്കുറിച്ചും രൂപതാ പ്രൊക്യു റേറ്റർ ബഹു. ജോൺ കോക്കണ്ടത്തിലച്ചൻ യോഗത്തിൽ വിശദീകരി ച്ചു. ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണ പദ്ധതിയു മായി മുന്നോട്ടുപോകുവാനും അതിനുവേണ്ടി രൂപതാതല കമ്മിറ്റിയെ രൂപപ്പെടുത്താനും യോഗം തീരുമാനിച്ചു.

രൂപതാ ഇടവക ഭരണസംവിധാനത്തിൽ പ്രശ്നപരിഹാരങ്ങൾ ക്കായി എവിടെയാണ് ആദ്യമായി പരാതികളും അപേക്ഷകളും സമർ പ്പിക്കേണ്ടത് എന്നതിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് സംസാരിച്ചു. അ പേക്ഷകൾക്ക് ആരംഭം കുറിക്കേണ്ടത് എവിടെയാണെന്നും എവിടെ

യാണ് അത് അവസാനിക്കേണ്ടതെന്നും വ്യക്തമായ ബോധ്യം എല്ലാവർക്കും നൽകണമെന്നും ചർച്ചയിൽ ആവശ്യപ്പെട്ടു. പൊതുവായ സംവിധാനം എല്ലാവരും പാലിക്കണമെന്നും വൈദിക സമ്മേളനത്തിൽ ഇതിനെക്കുറിച്ച് വിശദീകരണം നൽകുവാനും തീരുമാനിച്ചു. ഇടവകകളിൽ വി. കുർബ്ബാന നൽകുന്ന ബഹു. ബ്രദേഴ്സിനും ബഹു. സിസ്റ്റേഴ്സിനും രൂപതാതലത്തിൽ Training Programme സംഘടിപ്പിക്കേണ്ടതാണെന്നും അതിൽ പങ്കെടുത്തവർക്ക് Certificate നൽകേണ്ടതാണെന്നും കാലാകാലങ്ങളിൽ അത് പുതുക്കേണ്ടതാണെന്നും യോഗം ആവശ്യപ്പെട്ടു.

സമ്പദ്‌വ്യവസ്ഥയിൽ മാറി മാറി വരുന്ന പുതിയ നിയമങ്ങളെക്കുറിച്ചും സാമ്പത്തിക ഇടപെടലുകൾ ഇടവകാതലത്തിൽ നടത്തേണ്ടത് എങ്ങനെ എന്നതിനെക്കുറിച്ചും കണക്കുകൾ കൈകാര്യം ചെയ്യുന്ന വൈദികർക്കും സമർപ്പിതർക്കും അത്മായർക്കും ക്ലാസ്സുകൾ നൽകേണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു. വളരെ ക്രിയാത്മകമായ ചർച്ചകൾക്കും പര്യാലോചനകൾക്കും ശേഷം രൂപതാ ചാൻസലർ ബഹു. ജോസഫ് നെടുങ്കല്ലേൽ അച്ചൻ എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുകയും അഭിവന്ദ്യ പിതാവിന്റെ ആശീർവ്വാദ പ്രാർത്ഥനയോടെ 01.30 ന് യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# പാസ്റ്ററൽ കൗൺസിൽ-റിപ്പോർട്ട്

2018-2021 വർഷത്തേക്കായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയും പ്രഥമയോഗവും നവംബർ 10 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നോമിനേറ്റ് ചെയ്തിരിക്കുന്ന 23 അംഗങ്ങളും Ex-Officio അംഗങ്ങളായ 82 അംഗങ്ങളും കുടുംബ കൂട്ടായ്മ നിയമാവലി പ്രകാരം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട 52 അംഗങ്ങളും ഉൾപ്പെടെ 157 അംഗങ്ങൾ ഉൾപ്പെടുന്നതാണ് പുതിയ പാസ്റ്ററൽ കൗൺസിൽ. ഇതിൽ സന്യസ്തരും രൂപതാ വൈദികരുമായ 49 പേരും, 11 സിസ്റ്റേഴ്സും 97 അൽമായരും ഉൾക്കൊള്ളുന്നു. ഇതിൽ 122 പേർ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

CMC പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ജീസ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ സ്വാഗതമാശംസിക്കുകയും പാസ്റ്ററൽ കൗൺസിലിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും സഭാ നിയമത്തിന്റെയും രൂപതാ നിയമാവലിയുടെയും അടിസ്ഥാനത്തിൽ വിശദമാക്കിക്കൊണ്ട് സംസാരിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് അധ്യക്ഷത വഹിച്ച് ആമുഖ പ്രഭാഷണം നടത്തി. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എപ്രകാരമായിരുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട്, പിതാവ് മുഴുവൻ അംഗങ്ങളെയും പരിചയപ്പെടുത്തി.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുടെയും Pastoral Council Standing Committee അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടന്നു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ (പറളിക്കുന്ന്) 2018-2021 കാലഘട്ടത്തിലേക്കുള്ള പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. റവ. ഫാ. ജോർജ്ജ് മൈലാടൂർ, റവ. ഫാ. ജിൽസ് ഞവരക്കാട്ട് CST, റവ. സി. ജീസ CMC, റവ. സി. എൽസ പൈകട SABS, ശ്രീ. സജി നരിവേലിൽ (കബനിഗിരി), ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ (KCYM രൂപതാ പ്രസിഡന്റ്), ശ്രീമതി ഗ്രേസി ജേക്കബ് (പഴൂർ), ശ്രീമതി കെ. സി. റോസക്കുട്ടി (ബത്തേരി) എന്നിവരെ Standing Committee യിലേക്ക് തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പിനായി അഭിവന്ദ്യ പിതാവിന്റെ അനുവാദത്തോടെ ശ്രീ. ജോയി ചാച്ചിറ (നിലമ്പൂർ),

ശ്രീ. ടോമി കോഴിമല (അരുൾനിലയം), അഡ്വ. ജോസ് കുറുമ്പാല ക്കാട്ട് (കൽപ്പറ്റ) എന്നിവർ പ്രിസൈഡിംഗ് ഓഫീസർമാരായി പ്രവർ ത്തിച്ചു.

കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാന കൈരളി മാസികയിൽ കുമ്പസാരമെന്ന കൂദാശയെയും ബൈബിളി നെയും അവഹേളിച്ചും ആക്ഷേപിച്ചും മുഖപ്രസംഗമെഴുതിയതിനെ യോഗം അപലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു. ഇക്കാര്യ ത്തിൽ മുഖ്യമന്ത്രി ഇടപെട്ട് ലേഖനം പിൻവലിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. രൂപതാ പി.ആർ.ഒ. റവ. ഫാ. ജോസ് കൊച്ചറക്കൽ പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. പൊതുചർച്ചയിൽ ഡോ.വി.ജെ സെബാസ്റ്റ്യൻ, ശ്രീ. ജോയി ചാച്ചിറ, ശ്രീമതി റോസ ക്കുട്ടി ടീച്ചർ, ശ്രീമതി മരിയ പൗളിൻ, ശ്രീ. സാജു കൊല്ലേപ്പള്ളിൽ, ശ്രീ. ജോർജ്ജുകുട്ടി കോട്ടേപ്പറമ്പിൽ, ശ്രീ. അഖിൽ മറ്റത്തിലാനി, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. വർക്കി നിരപ്പേൽ, ശ്രീമതി ലിസി ജോസഫ്, ശ്രീമതി ഡെയ്സി ശങ്കരത്തിൽ, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ശ്രീ. സുനിൽ അവിരാപ്പാട്ട്, ശ്രീമതി മേഴ്സി ആര്യ പ്പള്ളി, ശ്രീ. ജോർജ്ജ് ആക്കാന്തരി, ശ്രീ. എം.സി. സെബാസ്റ്റ്യൻ, റവ. ഫാ. ബാബു മാപ്ലശ്ശേരി, ഫാ. ജോർജ്ജ് മൈലാടൂർ, റവ.ഫാ. ജെയിംസ് പുത്തൻപറമ്പിൽ, റവ. ഫാ. പോൾ മുണ്ടോളിക്കൽ എന്നിവർ സംസാരിച്ചു.

രൂപതാ പ്രൊക്യൂറേറ്റർ റവ.ഫാ. ജോൺ കോക്കണ്ടത്തിൽ, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത് വിശദമാക്കുകയും കണ ക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ ഭക്ഷണം, വസ്ത്രം, ഗൃഹോപകരണങ്ങൾ മുതലായവ എത്തിച്ചു നൽകിയ വകയിൽ 4 കോടി 20 ലക്ഷം രൂപയും രണ്ടാം ഘട്ടമായി ഭവനനിർമ്മാ ണത്തിനായി 2 കോടി രൂപയും മാറ്റിവച്ചിട്ടുണ്ടെന്ന് അദ്ദേഹം വിശദീ കരിച്ചു. പ്രവർത്തനങ്ങളിൽ പങ്കുചേർന്ന സംഘടനകൾ, WSSS, ഇടവ കകൾ, വൈദികർ, സന്യസ്തർ, അൽമായർ എന്നിവരെ അനുമോദി ക്കുകയും സഹായം നൽകിയവരെ നന്ദിയോടെ സ്മരിക്കുകയും ചെയ്തു.

**പ്രധാന നിർദ്ദേശങ്ങൾ**

1. സഭയ്ക്കെതിരെയും സഭാ നേതൃത്വത്തിനെതിരെയും ഉയരുന്ന ആക്ഷേപങ്ങളോട് ആശയതലത്തിലും മീഡിയതലത്തിലും പ്രതി കരിക്കണം
2. കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് പരിശീലനം നൽകി കൂട്ടായ്മ ശക്തിപ്പെടുത്തണം.

3. വിവിധ ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജസ്വല മാക്കണം.
4. തർക്കങ്ങൾക്കും, പരാതികൾക്കും സമയബന്ധിതമായി പരിഹാരം കണ്ടെത്തണം.
5. ഫൊറോന കൗൺസിൽ, പാരീഷ് കൗൺസിൽ തലങ്ങളിൽ പരിശീലനം നല്കി അറിവിലും വിശ്വാസത്തിലും ദൈവജനത്തെ ശക്തിപ്പെടുത്തണം.
6. സഭയ്ക്കെതിരെ ഉയർന്നിരിക്കുന്ന ആക്ഷേപങ്ങളും പരാതികളും സ്വയം വിലയിരുത്തലിനും നവീകരണത്തിനുമുള്ള അവസരമായി സ്വീകരിക്കണം.
7. കാർഷികമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഇടപെടലുകൾ വേണം.
8. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം

തുടർന്ന് ചർച്ചകൾക്ക് മറുപടിയും വിശദീകരണവും അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി. സമാപന സന്ദേശത്തിൽ ഇടവക, രൂപത സംവിധാനങ്ങളെ കണ്ണിചേർക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രയോജനപ്പെടുത്തണമെന്നും, പ്രശ്ന പരിഹാരങ്ങൾക്കായി CBCI, KCBC നിർദ്ദേശപ്രകാരമുള്ള വിവിധ സെല്ലുകൾ രൂപീകരിക്കണമെന്നും, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഭവനനിർമ്മാണത്തിനുമുള്ള വിവിധ മാർഗ്ഗങ്ങളെപ്പറ്റി ആരായണം എന്നും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. രൂപതയുടെ വളർച്ചയ്ക്കും, ആത്മീയ ഉന്നമനത്തിനും എല്ലാവരുടെയും സഹകരണവും പിതാവ് അഭ്യർത്ഥിച്ചു. വികാരി ജനറാൾ പെരിയ ബഹു. അബ്രാഹം നെല്ലിക്കൽ അച്ചനും മണിമൂളി നിലമ്പൂർ മേഖല സിഞ്ചെല്ലൂസ് ബഹു. ജോസ് മേച്ചേരി അച്ചനും ചർച്ച നിയന്ത്രിക്കാൻ പിതാവിനെ സഹായിച്ചു. ചാൻസലർ ബഹു. ജോസഫ് നെടുങ്കല്ലേൽ അച്ചനും ബഹു. പ്രകാശ് വെട്ടിക്കൽ അച്ചനും നടപടിക്രമങ്ങൾ ഏകോപിപ്പിച്ചു.

അടുത്ത പാസ്റ്ററൽ കൗൺസിൽ 2019 മാർച്ച് 9 ന് ആയിരിക്കുമെന്ന് പിതാവ് യോഗത്തെ അറിയിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ കൃതജ്ഞത പ്രകാശിപ്പിക്കുകയും തുടർന്ന് പ്രാർത്ഥനയോടും രൂപതാ ഗാനത്തോടുംകൂടി 02.30 ന് യോഗം സമാപിക്കുകയും ചെയ്തു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

അടുത്ത കാലത്തുണ്ടായ പ്രളയക്കെടുതിയിൽ നമ്മെ സഹായിക്കുവാനായി ഒത്തിരിയേറെപ്പേർ മുന്നോട്ടുവന്നു. വിവിധ രൂപതകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്യാസഭവനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും പണമായും സാധനങ്ങളായും പ്രളയദിനങ്ങളിൽ ലഭിക്കുകയും ഇടവകകൾ വഴി വിതരണം ചെയ്യുകയും ചെയ്തു. ഏകദേശം 3 കോടി രൂപയുടെ സാധനങ്ങൾ നമുക്ക് ലഭിച്ചു. കൂടാതെ WSSS വിവിധ ഏജൻസികൾ വഴി ഏകദേശം 3.92 കോടിയിലധികം രൂപയുടെ ഭക്ഷ്യ-ഭക്ഷ്യേതര കിറ്റുകൾ വിതരണം ചെയ്തു. വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ TSS വഴി വളർത്തുമൃഗങ്ങളെ വിതരണം ചെയ്തു. നമ്മുടെ രൂപതയിൽ 115 വീടുകൾ പൂർണ്ണമായും 241 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 2 കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ചില സന്യാസസമൂഹങ്ങളും ഏജൻസികളും ഭവനനിർമ്മാണത്തിൽ നമ്മെ സഹായിക്കുന്നുണ്ട്. ഭവനനിർമ്മാണത്തിനായി സൗജന്യമായി സ്ഥലം നൽകിയ ഇടവകകളെയും സന്യാസസമൂഹങ്ങളെയും വ്യക്തികളെയും വളരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. പ്രളയക്കെടുതിയുടെ നിർണ്ണായക നിമിഷങ്ങളിൽ സഹായഹസ്തവുമായി ഓടിയെത്തിയ അയൽ രൂപതകൾ, ഇടവകകൾ, സന്നദ്ധസംഘടനകൾ, സന്യാസസമൂഹങ്ങൾ, വിവിധ വ്യക്തികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച Camillian Task Force, St. Joseph's Hospital Mananthavady ഇവർക്കൊപ്പം പങ്കുചേർന്ന മറ്റെല്ലാവരെയും സ്നേഹത്തോടെ ഓർക്കുന്നു. പുനരധിവാസ പ്രവർത്തനങ്ങൾക്കും അവശ്യവസ്തുക്കളുടെ വിതരണത്തിനുമായി സഹായിച്ച വൈദികർ, സന്യസ്തർ, വിവിധ സംഘടനാ ഭാരവാഹികൾ, സെമിനാരി വിദ്യാർത്ഥികൾ, അത്മായ സഹോദരങ്ങൾ, യുവജനങ്ങൾ എന്നിവരെയും നേതൃത്വം വഹിച്ച WSSS നെയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**നമുക്ക് ലഭിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു**

**1. ഇടവകകളിൽ നിന്ന് ലഭിച്ച സംഭാവനകൾ**

| No | Parish | Amount |
|---|---|---|
| 1 | Adakkathode | 65000 |
| 2 | Adikolly | 72500 |
| 3 | Alattil | 10000 |
| 4 | Amarakuni | 30000 |

| | | |
|---|---|---|
| 5 | Ambalavayal | 160000 |
| 6 | Ambayathode | 35000 |
| 7 | Arinchermala | 80000 |
| 8 | Bavali | 4200 |
| 9 | Bekki | 20000 |
| 10 | Boy's Town | 15950 |
| 11 | Cheengavallam | 8500 |
| 12 | Cheengavallam | 8600 |
| 13 | Chennalode | 40000 |
| 14 | Cherukattoor | 25000 |
| 15 | Chithragiri | 110000 |
| 16 | Chokkad | 68000 |
| 17 | Chundakkara | 25000 |
| 18 | Chungakkunnu | 200000 |
| 19 | Deepthigiri | 13000 |
| 20 | Dharmagiri | 40000 |
| 21 | Dwaraka | 138070 |
| 22 | Edappetty | 25000 |
| 23 | Edivanna | 30000 |
| 24 | Elapeedika | 20000 |
| 25 | Irulam | 50000 |
| 26 | Jude's Mount | 25000 |
| 27 | Kabanigiri | 30000 |
| 28 | Kadalmad | 39310 |
| 29 | Kalathuvayal | 50000 |
| 30 | Kallody | 146714 |
| 31 | Kallumukku | 30000 |
| 32 | Kalluvayal | 50000 |
| 33 | Kalpetta | 100000 |
| 34 | Kalpra | 90000 |
| 35 | Kammana | 9800 |
| 36 | Kaniambetta | 30710 |
| 37 | Karani | 8120 |
| 38 | Karimbil | 36000 |
| 39 | Kartikulam | 30000 |
| 40 | Kayyunny | 130000 |
| 41 | Kelakam | 44880 |
| 42 | Kenichira | 100000 |
| 43 | Kolavayal | 52000 |
| 44 | Kottathara | 10000 |
| 45 | Kottiyoor | 179212 |
| 46 | Kunjhome | 12500 |
| 47 | Kunnalady | 25000 |

| | | |
|---|---|---|
| 48 | Kurumani | 42500 |
| 49 | Kurumbala | 30000 |
| 50 | Kurumbalakotta | 8000 |
| 51 | Mananthavady | 215000 |
| 52 | Mananthavady Town | 46200 |
| 53 | Mangalam | 22140 |
| 54 | Mangalassery | 10000 |
| 55 | Manimooly | 322010 |
| 56 | Manjoora | 30000 |
| 57 | Manvayal | 53000 |
| 58 | Marakkadavu | 60600 |
| 59 | Martin Nagar (Ondayangadi) | 10000 |
| 60 | Marutha | 51244 |
| 61 | Meenangadi | 10000 |
| 62 | Moolankave | 82621 |
| 63 | Mothakkara | 10000 |
| 64 | Mullenkolly | 300000 |
| 65 | Munderi | 63950 |
| 66 | Muthireri | 18000 |
| 67 | Nadavayal | 102000 |
| 68 | Narivalamunda | 100000 |
| 69 | Nedumpala | 30000 |
| 70 | Neikuppa | 10000 |
| 71 | Nilambur | 121389 |
| 72 | Niravilpuzha | 12273 |
| 73 | Ootty | 37600 |
| 74 | Ottaplavu | 10000 |
| 75 | Padamala | 10700 |
| 76 | Padichira | 65000 |
| 77 | Palankara | 241700 |
| 78 | Palchuram | 8000 |
| 79 | Palemad | 10000 |
| 80 | Panamaram | 2200 |
| 81 | Panamchira | 17000 |
| 82 | Panavally | 20000 |
| 83 | Panthipoil | 20000 |
| 84 | Paralikunnu | 25000 |
| 85 | Pathiripadam | 110420 |
| 86 | Pattanikoopp | 25000 |
| 87 | Poroor | 90000 |
| 88 | Pulpally | 50000 |
| 89 | Puthiyidamkunnu | 34000 |
| 90 | Puthusserikkadavu | 50000 |

| | | |
|---|---|---|
| 91 | Puthussery | 20000 |
| 92 | Puzhamudi | 5000 |
| 93 | Rippon | 84101 |
| 94 | Santhigiri | 21000 |
| 95 | Seethamount | 78240 |
| 96 | Sisumala | 200000 |
| 97 | Sulthan Bathery | 366070 |
| 98 | Thalanji | 145104 |
| 99 | Thalipadam | 31000 |
| 100 | Thariode | 60000 |
| 101 | Thavinjal | 31750 |
| 102 | Thelpara | 79000 |
| 103 | Theneri | 23000 |
| 104 | Thonichal | 149500 |
| 105 | Thrikkaipetta | 35000 |
| 106 | Vadakkanad | 28000 |
| 107 | Vadapuram | 55410 |
| 108 | Vakery | 5000 |
| 109 | Valad | 1715 |
| 110 | Valanchery | 9500 |
| 111 | Valavayal | 25000 |
| 112 | Valery | 26752 |
| 113 | Valiakolly | 15000 |
| 114 | Vallikett | 18665 |
| 115 | Vanjode | 10606 |
| 116 | Vazhavatta | 150000 |
| 117 | Vellamunda (Ozhukkanmoola) | 10000 |
| 118 | Vythiri | 12500 |
| 119 | Yavanarkulam | 19200 |
| | **Total** | **6826726** |

**2. മറ്റ് ഉപകാരികളിൽ നിന്ന് ലഭിച്ച സംഭാവനകൾ**

| | | |
|---|---|---|
| 1 | Amala Matha Dispensary, Shimoga | 100000 |
| 2 | Bro. George CST | 5000 |
| 3 | Camillus Sisters, Chungakunnu | 50000 |
| 4 | CML Adikolly | 2000 |
| 5 | CST Education Trust | 25000 |
| 6 | Diocese of Belthangady | 102000 |
| 7 | Diocese of Faridabad | 1000000 |
| 8 | Diocese of Mandya | 175000 |
| 9 | East Hill Church, Kozhikode | 100000 |
| 10 | FCC Provincial House Mananthavady | 200000 |
| 11 | Diocesan Social Service Society, Indore | 100000 |

| | | |
|---|---|---|
| 12 | Joby Chirackathottathil | 10000 |
| 13 | KCYM Chungakunnu Megala | 8600 |
| 14 | KCYM Adikolly | 2000 |
| 15 | KCYM Thelpara | 9000 |
| 16 | Manidukam, Thallassery Diocese | 100000 |
| 17 | Mathruvedi Adikolly | 1000 |
| 18 | Mathruvedi Pookkattumpadam | 7500 |
| 19 | Mount Mary Colloge, Mananathavdy | 15000 |
| 20 | PG Students | 20000 |
| 21 | PHJC Sisters Kenichira | 10000 |
| 22 | SWS Ambayathode Church | 10000 |
| 23 | SABS Convent, Adikolly | 3000 |
| 24 | Schoenstatt Sisters of Mary, Moolithode | 25000 |
| 25 | SH Provincial House, Dwaraka | 700000 |
| 26 | Society of Assumption, Pune | 10000 |
| 27 | Sr. Sophy S H | 1000 |
| 28 | St. Jude Syro Malabar Church Hyderabad | 75000 |
| 29 | St. Catherine Convent Marakadavu | 5000 |
| 30 | St. Paul School Indore | 200000 |
| 31 | St. Thomas Church Manakadavu | 50000 |
| 32 | Syro Malabar Mathruvedi | 75000 |
| 33 | T O R Bangalore | 25000 |
| 34 | Vimal Jyothi Engineering Colloge | 250000 |
| | **Total** | **3471100** |

**3. വൈദികരിൽ നിന്ന് ലഭിച്ച സംഭാവനകൾ**

| | | |
|---|---|---|
| 1 | Fr. Abraham Nellickal | 11000 |
| 2 | Fr. Aneesh Kattamkottil | 7000 |
| 3 | Fr. Anto Mampallil | 11000 |
| 4 | Fr. Augustine Chempalayil | 5000 |
| 5 | Fr. Augustine Kallumkatharayil | 30000 |
| 6 | Fr. Augustine Palakatt | 2000 |
| 7 | Fr. Augustine Thanniyil | 10000 |
| 8 | Fr. Bijo Karukappally | 7000 |
| 9 | Fr. Bijoy Chembakara | 20000 |
| 10 | Fr. Biju Ponparackal | 7000 |
| 11 | Fr. Biju Thuruthel | 11000 |
| 12 | Fr. Dennis Kazhuthadiyil | 11000 |
| 13 | Fr. Francis Kuthukallunkal | 7000 |
| 14 | Fr. George Mampallil | 2000 |
| 15 | Fr. Jaison Kuzhikandathil | 11000 |
| 16 | Fr. James Kulathinal | 2000 |
| 17 | Fr. James Kumbukal | 2000 |

| | | |
|---|---|---|
| 18 | Fr. James Kunnathett | 11000 |
| 19 | Fr. James Peedikapara | 4000 |
| 20 | Fr. James Puthenparambil | 11000 |
| 21 | Fr. Jibin Vattukulathil | 10000 |
| 22 | Fr. Jijo Vathelil | 10000 |
| 23 | Fr. Jilson Kokkandathil | 11000 |
| 24 | Fr. Joby Mukkattukavunkal | 10000 |
| 25 | Fr. John Choorapuzhayil | 10500 |
| 26 | Fr. John Pulinthanam | 11000 |
| 27 | Fr. John Puthenpura | 2000 |
| 28 | Fr. Johny Kallupura | 11000 |
| 29 | Fr. Johny Perumattikunnel | 11000 |
| 30 | Fr. Jojo Ouseppparampil | 1000 |
| 31 | Fr. Jose Kappiarumalayil | 11000 |
| 32 | Fr. Jose Kocharackal | 200000 |
| 33 | Fr. Jose Kuliraniyil | 1000 |
| 34 | Fr. Jose Mundackal | 11000 |
| 35 | Fr. Jose Thekkanadiyil | 10000 |
| 36 | Fr. Jose Vazhakala | 11000 |
| 37 | Fr. Joseph Paruvummel | 11000 |
| 38 | Fr. Joseph Nanthikattu | 4000 |
| 39 | Fr. Joseph Nechikatt | 6200 |
| 40 | Fr. Joseph Thuruthel | 1000 |
| 41 | Fr. Joseph Valloppilly | 1000 |
| 42 | Fr. Joshy Periappuram | 20000 |
| 43 | Fr. Justin Moonnanal | 25000 |
| 44 | Fr. Kurian Manikuttiyil | 11000 |
| 45 | Fr. Kurian Vazhayil | 11000 |
| 46 | Fr. Lal Painumkal | 7000 |
| 47 | Fr. Manoj Kakkkonal | 7000 |
| 48 | Fr. Paul Koottala | 11000 |
| 49 | Fr. Paul Mundolickal | 11000 |
| 50 | Fr. Paul Vazhappilly | 7000 |
| 51 | Fr. Prakash Vettickal | 11000 |
| 52 | Fr. Robin Padinjarayil | 7000 |
| 53 | Fr. Roy Vattakattu | 7000 |
| 54 | Fr. Saji Elayidathu | 11000 |
| 55 | Fr. Saji Kottayil | 11000 |
| 56 | Fr. Saji Nedumkallel | 11000 |
| 57 | Fr. Sebastian Koipuram | 2000 |
| 58 | Fr. Sebastian Puthen | 11000 |
| 59 | Fr. Sebastin Elemkunnel | 11000 |
| 60 | Fr. Sebastin Kakkattikalayil | 9000 |

| | | |
|---|---|---|
| 61 | Fr. Sebstian Elavanapara | 10000 |
| 62 | Fr. Shaji Moothedath | 11000 |
| 63 | Fr. Shaji Mulavelikunnel | 11000 |
| 64 | Fr. Shiju Iykkarakkanayil | 7000 |
| 65 | Fr. Sijesh Chirackathothathil | 10000 |
| 66 | Fr. Somy Vadayaparambil | 11000 |
| 67 | Fr. Sony Vazhakattu | 7000 |
| 68 | Fr. Sunny Kollarthottam | 10000 |
| 69 | Fr. Sunny Puthanapra | 2000 |
| 70 | Fr. Thomas Kachirayil | 11000 |
| 71 | Fr. Thomas Kattuthuruthiyil | 7000 |
| 72 | Fr. Thomas Manakunnel | 11000 |
| 73 | Fr. Thomas Mannur | 1000 |
| 74 | Fr. Thomas Parunthanolil | 10000 |
| 75 | Fr. Thomas Perumattikunnel | 11000 |
| 76 | Fr. Thomas Puthukulangara | 11000 |
| 77 | Fr. Thomas Vazhachalil | 10000 |
| 78 | Fr. Vincent Kalappura | 11000 |
| 79 | Fr. Vinod Madathiparambil | 50000 |
| | **Total** | **958700** |

**4. WSSS വഴി ലഭിച്ചത്**

| No | Name | Amount |
|---|---|---|
| 1 | S H Convent | 5000 |
| 2 | Assumption Hospital, Bathery | 25000 |
| 3 | Diocese of Bhadravathi | 400000 |
| 4 | United Christian Association | 100000 |
| 5 | De-Paul Public School, Kalpetta | 75000 |
| 6 | Sacred Heart School, Kayyunni | 100000 |
| | **Total** | **705000** |

**5. വിദേശ സഹായം ലഭിച്ചത് Rs. 7641728**

6. ബാങ്ക് ട്രാൻസ്ഫർവഴി ലഭിച്ച ചില തുകകളിൽ ഉറവിടം വ്യക്തമല്ലാത്തതിനാൽ കണക്കിൽ ചേർക്കാൻ സാധിച്ചിട്ടില്ല. തീയതിയും തുകയും താഴെ ചേർക്കുന്നു.

| No | Date | Amount |
|---|---|---|
| 1 | 20/8/2018 | 20000 |
| 2 | 23/8/2018 | 20000 |
| 3 | 28/8/2018 | 11000 |
| 4 | 6/9/2018 | 22000 |
| | **Total** | **53000** |

**ഫാ. ജോൺ കോക്കണ്ടത്തിൽ**
പ്രൊക്യുറേറ്റർ

## നീലഗിരി റീജിയൺ

നീലഗിരി റീജിയണിലെ ബോസ്പാറ പള്ളിയിൽ നവംബർ 1 ന് ചേർന്ന മാസധ്യാനത്തിൽ ഇടവക വികാരി റവ. ഫാ. ബിനോയി കാശാംകുറ്റിയിൽ എല്ലാവരെയും സ്വാഗതം ചെയ്ത്, ധ്യാനചിന്തകൾ പങ്കുവെച്ചു. 17 വൈദികർ പങ്കെടുത്ത മാസധ്യാന മീറ്റിംഗിന് റീജിയണൽ ഡയറക്ടർ റവ.ഫാ.തോമസ് മണക്കുന്നേൽ നേതൃത്വം നൽകുകയും, സൺഡേസ്കൂൾ പരീക്ഷ, മേഖലാ +2 പ്രതിഭാസംഗമം, +1 രൂപതാസംഗമം എന്നിവയെക്കുറിച്ച് സംസാരിച്ചു. സി.എം.എൽ മേഖലാ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് സജി ഇളയിടത്തച്ചനും, മാതൃവേദി രൂപതാ വാർഷികം, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എന്നിവയെക്കുറിച്ച് സജി പുതുകുളങ്ങരയച്ചനും, രൂപതാ യുവജനവർഷ സമാപനത്തെക്കുറിച്ച് ജയൻ മണ്ണുകുളത്തച്ചനും, NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കുടനിർമ്മാണം, ഇൻഷുറൻസ് പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് ബിനോയി കാശാംകുറ്റിയിലച്ചനും, മികവുറ്റ കുരിശുപ്രയാണം, തെരഞ്ഞെടുക്കപ്പെട്ട സോണൽ സർവ്വീസ് ടീം എന്നിവയെക്കുറിച്ച് ജെയിംസ് മാങ്കോട്ടിലച്ചനും വിശദീകരണം നൽകി. അടുത്ത മാസധ്യാനം ഡിസംബർ 11 ന് മണ്ണുവയൽ പള്ളിയിൽ ചേരുവാൻ തീരുമാനിച്ചു.

**ഫാ. ജിബിൻ വട്ടുകുളത്തിൽ**
സെക്രട്ടറി

## മാനന്തവാടി മേഖല

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം നവംബർ 1 ന് പോരൂർ ഇടവകയിൽ വച്ച് നടന്നു. ഫൊറോന വികാരി ബഹു. പോൾ മുണ്ടോളിക്കലച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു. വൈദികർ കരുണയുള്ളവരും വിശുദ്ധരുമായിരിക്കണം എന്ന് അദ്ദേഹം പങ്കുവച്ചു. തുടർന്നുള്ള മീറ്റിംഗിൽ മാതൃസംഘടനയുടെ മേഖലാ വാർഷികം നവംബർ 21 ന് പാറത്തോട്ടം ഇടവകയിൽ വച്ചും +2 വേദപാഠ വിദ്യാർത്ഥികൾക്കായുള്ള സംഗമം ഡിസംബർ 9 നും മതാദ്ധ്യാപക സംഗമം ഡിസംബർ 15 നും കണിയാരത്ത് വെച്ചും നടക്കുമെന്ന് മേഖലാ ഡയറക്ടർമാർ അറിയിച്ചു. നവംബർ 4 ന് നടക്കാനിരിക്കുന്ന വേദപാഠ പരീക്ഷയെക്കുറിച്ചും നവംബർ 11 ന് മതാദ്ധ്യാപകദിനാചരണത്തെക്കുറിച്ചും ഡയറക്ടർ ഓർമ്മിപ്പിച്ചു.

**ഫാ. ജോഫ്രി പോൾ കളരിക്കൽ**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

സ്നേഹമുള്ള അച്ചന്മാരെ,

ലോഗോസ് 2018 ന് നൽകിയ എല്ലാ സഹായ സഹകരണങ്ങൾക്കും പ്രോത്സാഹനത്തിനും നന്ദി. ലോഗോസ് 2018 രൂപതാതല മത്സര വിജയികൾക്ക് അനുമോദനങ്ങൾ. നവംബർ 11 ന് നടന്ന സംസ്ഥാനതല മത്സരത്തിൽ നമ്മുടെ രൂപതയിൽ നിന്നും 'C' ഗ്രൂപ്പിലെ ആഗിൻ മരിയ അഴകനാൽ (നെടുമ്പാല), സി. ബ്ലെസ്സി മരിയ SH (ദ്വാരക) എന്നിവർ നവംബർ 23 ന് നടക്കുന്ന സംസ്ഥാനതല ടിവി ഗ്രൂപ്പ് ഫൈനൽ മത്സരത്തിന് അർഹത നേടിയിരിക്കുന്നു. ഫാമിലി ക്വിസ് വിഭാഗത്തിൽ മണക്കാട്ട് ഫാമിലിയും (ചുങ്കക്കുന്ന്) അർഹത നേടിയിരിക്കുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

രൂപതാതല മൽസര വിജയികൾക്കുള്ള ക്യാഷ് അവാർഡ്, ട്രോഫി, സർട്ടിഫിക്കേറ്റ് എന്നിവ 2018 ഡിസംബർ 15 ന് രാവിലെ 11.30 ന് വിതരണം ചെയ്യുന്നതാണ്. വികാരിയച്ചന്മാർ മത്സര വിജയികളെ ഇക്കാര്യം അറിയിക്കുമല്ലോ.

**രൂപതാതല വിജയികളുടെ ലിസ്റ്റ്**

**A Group**

| | | | |
|---|---|---|---|
| 1. | ആൻ മരിയ ചിറമുഖത്ത് | - പോരൂർ | - മാർക്ക് 86 |
| 2. | ജോയൽ രാമപുരത്ത് | - മക്കിയാട് | - മാർക്ക് 81 |
| 3. | ബെൻസൻ മാത്യു | - മക്കിയാട് | - മാർക്ക് 80 |

**B Group**

| | | | |
|---|---|---|---|
| 1. | അഞ്ജന ചെറുതറപ്പേൽ | - കയ്യൂന്നി | - മാർക്ക് 91 |
| 2. | ലെനി നാത്തനാംതുണ്ടത്തിൽ | - തോമാട്ടുച്ചാൽ | - മാർക്ക് 87 |
| 3. | സ്നേഹ സാബു മലേക്കുടി | - പനംച്ചിറ | - മാർക്ക് 86 |

**C Group**

| | | | |
|---|---|---|---|
| 1. | ആഗിൻ മരിയ അഴകനാൽ | - നെടുമ്പാല | - മാർക്ക് 100 |
| 2. | സി. ബ്ലെസ്സി മരിയ എസ്.എച്ച്. | - ദ്വാരക | - മാർക്ക് 99 |
| 3. | ബെഞ്ചമിൻ അനുഗ്രഹ | - ചുങ്കക്കുന്ന് | - മാർക്ക് 97 |

**D Group**

| | | | |
|---|---|---|---|
| 1. | ജോളി വടക്കേക്കാലായിൽ | - വിളമ്പുകണ്ടം | - മാർക്ക് 100 |
| 2. | സാലി പാപ്പനശ്ശേരിൽ | - ചുങ്കക്കുന്ന് | - മാർക്ക് 97 |
| 3. | ദീപ വടക്കേത്തോട്ടം | - കയ്യൂന്നി | - മാർക്ക് 94 |

## E Group

1. ഓമന സൈമൺ കിടങ്ങൻ - കുന്നൂർ - മാർക്ക് 92
2. മോളി ആനിക്കുഴി - മൊതക്കര - മാർക്ക് 91
3. മേരി ബേബി പുതിയിടത്ത് - നടവയൽ - മാർക്ക് 89

## F Group

1. തോമസ്സ് മംഗലത്ത് - ചുങ്കക്കുന്ന് - മാർക്ക് 92
2. അച്ചാമ്മ തോമസ്സ് കുന്നംങ്കേരി - ഞാറപ്പാടം - മാർക്ക് 92
3. റോസമ്മ കൊച്ചറയ്ക്കൽ - വാഴവറ്റ - മാർക്ക് 92

**ബൈബിൾ മാസാചരണം**

സഭാംഗങ്ങളിലും പൊതുസമൂഹത്തിലും വിശുദ്ധഗ്രന്ഥത്തോട് കൂടുതൽ അടുപ്പവും ആഭിമുഖ്യവും വളർത്താൻ ലക്ഷ്യമിട്ട് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിക്കുന്നു. വചനം വായിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും സ്ഥാപനങ്ങൾക്കും സഹായകരമാകും വിധം ബൈബിൾ വായനാകലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. കലണ്ടർ ചുവടെ ചേർക്കുന്നു.

**സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ**
**(ഡിസംബർ : ബൈബിൾ പാരായണമാസം)**

| തീയതി | വായന | തീയതി | വായന |
|---|---|---|---|
| 01 | ഉത്പ 1–38 | 09 | 1 രാജാ 18–22 |
| 02 | ഉത്പ 39–50 | | 2 രാജ 1–25 |
| | പുറ 1–27 | | 1 ദിന 1–6 |
| 03 | പുറ 28–40 | 10 | 1 ദിന 7–29 |
| | ലേവ്യ 1–23 | | 2 ദിന 1–19 |
| 04 | ലേവ്യ 24–27 | 11 | 2 ദിന 20–36 |
| | സംഖ്യ 1–28 | | എസ്രാ 1–10 |
| 05 | സംഖ്യ 29–36 | | നെഹെ 1–13 |
| | നിയ 1–31 | | തോബി 1–3 |
| 06 | നിയ 32–34 | 12 | തോബി 4–14 |
| | ജോഷ്വ 1–24 | | യൂദി 1–16 |
| | ന്യായാ 1–13 | | എസ്തേ 1–16 |
| 07 | ന്യായ 14–21 | | 1 മക്ക 1–5 |
| | റൂത്ത് 1–4 | 13 | 1 മക്ക 6–16 |
| | 1 സാമു 1–31 | | 2 മക്ക 1–15 |
| | 2 സാമു 1–6 | 14 | ജോബ് 1–42 |
| 08 | 2 സാമു 7–24 | 15 | സങ്കീ 1–76 |
| | 1 രാജാ 1–17 | 16 | സങ്കീ 77–134 |

| | | | |
|---|---|---|---|
| 17 | സങ്കീ 135–150 | 26 | മത്താ 1–28 |
| | സുഭാ 1–31 | | മർക്കോ 1–7 |
| | സഭാ 1–3 | 27 | മർക്കോ 8–16 |
| 18 | സഭാ 4–12 | | ലൂക്ക 1–24 |
| | ഉത്ത 1–8 | 28 | യോഹ 1–21 |
| | ജ്ഞാനം 1–19 | | അപ്പ 1–13 |
| | പ്രഭാ 1–17 | 29 | അപ്പ 14–28 |
| 19 | പ്രഭാ 18–51 | | റോമ 1–16 |
| | ഏശ 1–8 | | 1 കോറി 1–16 |
| 20 | ഏശ 9–66 | 30 | 2 കോറി 1–13 |
| 21 | ജറെ 1–47 | | ഗലാ 1–6 |
| 22 | ജറെ 48–52 | | എഫേ 1–6 |
| | വിലാ 1–5 | | ഫിലി 1–4 |
| | ബാറൂ 1–6 | | കൊളോ 1–4 |
| | എസെ 1–22 | | 1 തെസ 1–5 |
| | ബാറു 1–6 | | 2 തെസ 1–3 |
| | എസെ 1–22 | | 1 തിമോ 1–6 |
| 23 | എസെ 23–48 | | 2 തിമോ 1–4 |
| | ദാനി 1–14 | | തീത്തോ 1–3 |
| 24 | ഹോസി 1–14 | | ഫിലേ 1 |
| | ജോയേ 1–3 | 31 | ഹെബ്രാ 1–13 |
| | ആമോ 1–9 | | യാക്കോ 1–5 |
| | ഒബാ 1 | | 1 പത്രോ 1–5 |
| | യോനാ 1–4 | | 2 പത്രോ 1–3 |
| | മിക്ക 1–7 | | 1 യോഹ 1–5 |
| | നാഹും 1–3 | | 2 യോഹ 1 |
| | ഹബ 1–3 | | 3 യോഹ 1 |
| | സെഫാ 1–3 | | യൂദാ 1 |
| | ഹഗ്ഗാ 1–2 | | വെളി 1–22 |
| | സഖ 1–14 | | |
| | മല 1–4 | | |

**ബൈബിൾ ഞായർ**

ഈ വർഷം ബൈബിൾ ഞായർ ഡിസംബർ 30 ന് ആണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അന്നത്തെ സ്ത്രോത്ര കാഴ്ച്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ ഉപകരിക്കുമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ഫാ. പോൾ വാഴപ്പള്ളി**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

**Above 2018: The Great Youth Convention Follow Up**

**ഡിസംബർ 8 ശനിയാഴ്ച രാവിലെ 9 മുതൽ രാത്രി 12 വരെ**

കൺവെൻഷനിൽ പങ്കെടുത്ത താത്പര്യമുള്ള യുവജനങ്ങൾക്കു വേണ്ടിയാണ് ഈ പ്രോഗ്രാം. 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പേരുകൾ ഡിസംബർ 3 നു മുമ്പായി രൂപതയിൽ രജിസ്റ്റർ ചെയ്യണം. മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യാത്തവർക്ക് ഈ പരിപാടിയിൽ പ്രവേശനം ഉണ്ടായിരിക്കുകയില്ല. കുമ്പസാരത്തിനും കൗൺസിലിംഗിനും സൗകര്യം ഉണ്ടായിരിക്കും.

**Youth Year Awards**

യുവജനവർഷത്തിൽ വ്യത്യസ്ത മേഖലകളിൽ (കല-കായികം-പഠനം-ഉദ്യോഗം-പൊതുപ്രവർത്തനം-വിശ്വാസ ജീവിതം-സംഘടനാപ്രവർത്തനം-ജീവകാരുണ്യം -കണ്ടുപിടുത്തങ്ങൾ -സർക്കാർ ജോലി-കഠിനാധ്വാനം-മാതൃകാപരമായ ജീവിതം തുടങ്ങിയവ) വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള യുവജനങ്ങളെ ആദരിക്കുന്നു. ഇടവകകൾക്കോ വ്യക്തികൾക്കോ ഇടവക വികാരിയുടെ ശുപാർശയോടെ ഡിസംബർ 3 ന് മുമ്പായി പേരുകൾ നൽകാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന യുവജനങ്ങൾക്ക് യുവജനവർഷ സമാപനമായ ഡിസംബർ 8 ന് നടത്തുന്ന പൊതുമീറ്റിംഗിൽ വെച്ച് പ്രത്യേകമായ ആദരം നൽകുന്നതാണ്.

**യുവജനവർഷ സമാപനം**

മാനന്തവാടി രൂപതയിലെ യുവജനവർഷ സമാപനം ഡിസംബർ 8-ാം തീയതി രണ്ടാം ശനിയാഴ്ച ദ്വാരക സീയോൻ ഹാളിൽ വെച്ച് നടത്തപ്പെടുന്നു. യുവജന കൺവെൻഷനിൽ പങ്കെടുത്തിട്ടുള്ള യുവജനങ്ങൾക്കുവേണ്ടി മാത്രമായുള്ള ഒരു പ്രോഗ്രാമോടുകൂടിയാണ് യുവജനവർഷ സമാപനം.

ഇടവകകളിലെ യുവജനവർഷ സമാപനം ഡിസംബർ 26 നാണ് നിർദ്ദേശം നൽകിയിരുന്നത്. യുവജനങ്ങൾക്ക് ഇടവകയിൽ വന്നു ചേരാവുന്ന സൗകര്യപ്രദമായ ഒരു ദിനത്തിൽ ഇടവക യുവജനവർഷ സമാപനം ക്രമീകരിക്കാവുന്നതാണ്.

**വോളണ്ടിയേഴ്സ് സംഗമം**

ദ ഗ്രേറ്റ് യുവജന കൺവെൻഷന് സഹായിച്ച വോളണ്ടിയേഴ്സിന്റെ സംഗമം ദ്വാരക യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് നവംബർ 10 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 01.30 മുതൽ 4 മണി വരെ നടന്നു. അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം എല്ലാവർക്കും നന്ദി അർപ്പിച്ച് സംസാരിച്ചു. യുവജനങ്ങളുടെയും സിസ്റ്റേഴ്സിന്റെയും അനുഭവങ്ങൾ അഭിവന്ദ്യ പിതാവ് ശ്രദ്ധയോടെ കേൾക്കുകയും എല്ലാ വരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പെരിയ ബഹുമാനപ്പെട്ട വികാരി ജനറാൾ അബ്രഹാം നെല്ലിക്കലച്ചൻ എല്ലാ വോളന്റി യേഴ്സിനെയും അഭിനന്ദിച്ച് സംസാരിച്ചു. ചാൻസിലർ ബഹു. ഫാ. ജോസഫ് നെടുങ്കല്ലേൽ, ഫാ. പ്രകാശ് വെട്ടിക്കൽ, ഫാ. ബിജോ കറുകപ്പള്ളി, ഫാ. റോബിൻ പടിഞ്ഞാറയിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സംഗമത്തിന് യൂത്ത് മിനിസ്ട്രി ടീം സി. ലിൻസി SCV, സി. ആൻസി CMC, സി. നോയൽ മരിയ SABS, ലിൻഷ, ടെർമിൻ, അൽജോസ് തുടങ്ങിയവർ നേതൃത്വം നൽകി. വോളന്റിയേഴ്സിനെ പ്രതിനിധീകരിച്ച് ശ്രീ. ആന്റണി മങ്കടപ്ര എല്ലാവർക്കും നന്ദി പറഞ്ഞ് സംസാരിച്ചു. യുവജനങ്ങളുടെ താത്പര്യം പരിഗണിച്ച് Above 2018 യുവജന കൺവെൻഷനിൽ പങ്കെടുത്ത എല്ലാവരുടെയും Follow up പ്രോഗ്രാം ഡിസംബർ 8 ശനിയാഴ്ച രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെ നടത്താൻ തീരുമാനിച്ചു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
യുവജനവർഷ ജനറൽ കൺവീനർ

**രൂപതാ +1 വിദ്യാർത്ഥി സംഗമം**

ഡിസംബർ 16-ാം തിയതി ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ +1 വിദ്യാർത്ഥി സംഗമം നടത്തപ്പെടുന്നു. +1 വിശ്വാസപരിശീലനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളേയും +1 ക്ലാസ് അധ്യാപകരേയും ഏറെ സന്തോഷത്തോടെ രൂപതാ മതബോധന കേന്ദ്രം ഈ കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു. എല്ലാ +1 വിദ്യാർത്ഥികളും നിർബന്ധമായും ഈ കൺവെൻഷനിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക. കൺവെൻഷനുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രൂപതയിൽ +1 ൽ വിശ്വാസ പരിശീലനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളും ഒന്നുചേരുന്ന സംഗമമാണിത്. 12 വർഷത്തെ വിശ്വാസ പരിശീലനത്തിനിടയിൽ ഒരിക്കൽ എങ്കിലും രൂപതയിൽ ഒത്തുചേരുവാനുള്ള അവസരമൊരുക്കുക, കൗമാരപ്രായക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന വിശ്വാസ പ്രതിസന്ധികൾ ചർച്ചയ്ക്ക് വിധേയമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഈ ഏകദിന കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയാണ്. രജിസ്ട്രേഷൻ ഫോം കത്തിനൊപ്പം അയക്കുന്നതാണ്. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് രജിസ്ട്രേഷൻ ഫീസിനൊപ്പം HM, PP Conference ന് വരുമ്പോൾ ഓഫീസിൽ ഏൽപ്പിച്ചാൽ മതി. അന്നത്തെ പ്രോഗ്രാം ക്രമീകരണം താഴെപറയും വിധമായിരിക്കും.

| | | |
|---|---|---|
| 09.00 am | - | Registration |
| 09.30 am | - | Holy Mass |
| 11.15 am | - | Class |
| 01.00 pm | - | Lunch |
| 01.45 pm | - | Interaction |
| 04.15 pm | - | Departure |

**HM, PP കോൺഫ്രൻസ് ഡിസംബർ 8**

ഈ അദ്ധ്യയന വർഷത്തെ രണ്ടാമത്തെ HM, PP കോൺഫ്രൻസ് ഡിസംബർ 8-ാം തീയതി രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പ്രധാനാധ്യാപകർ അന്നേദിവസം വരു

മ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ വില കൊണ്ടുവരണം. അതോടൊപ്പം +1 സംഗമത്തിന്റെ രജിസ്ട്രേഷൻ ഫീസും ഓഫീസിൽ ഏൽപ്പിക്കണം. ഒരാൾക്ക് 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഡിപ്ലോമ (X) സ്കോളർഷിപ്പ് (IV,VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് (in English Capital Letters) ഓഫീസിൽ ഏൽപ്പിക്കണം. HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

**HDC കോൺടാക്റ്റ് ക്ലാസ്സ്**

HDC രണ്ടാം വർഷക്കാരുടെ ക്ലാസ്സ് (പ്രൊജക്ട് സംശയ നിവാരണം) ഡിസംബർ 8-ാം തിയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും.

**+2 വിദ്യാർത്ഥി സംഗമം**

ഡിസംബർ 2 ന് പയ്യംമ്പള്ളി ഫൊറോനയിലും ഡിസംബർ 9 ന് മാനന്തവാടി ഫൊറോനയിലും +2 സംഗമങ്ങൾ നടക്കുന്നതോടെ ഈ വർഷത്തെ +2 സംഗമങ്ങൾ പൂർത്തിയാവുകയാണ്. പ്രത്യേകം ശ്രദ്ധിക്കുക, +2 സംഗമത്തിൽ പങ്കെടുക്കാത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷ എഴുതാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ സാധിക്കാത്തവർ ഉണ്ടെങ്കിൽ ഈ ഫൊറോനകളിൽ വച്ച് നടക്കുന്ന +2 സംഗമത്തിൽ പങ്കെടുക്കുക. ഹാജരാകാത്ത വിദ്യാർത്ഥികൾക്കായി മറ്റൊരു സംഗമം ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരം മറ്റു ഫൊറോനകളിലെ സംഗമങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്. അതോടൊപ്പം സംഗമങ്ങൾ നടക്കുന്ന ഫൊറോനയിലെ മേഖലാ സെക്രട്ടറിയെ പങ്കെടുക്കുന്ന കുട്ടിയുടെ ഹെഡ്മാസ്റ്റർ മുൻകൂട്ടി വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

**+2 പ്രതിഭാ സംഗമം**

മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട +2 പ്രതിഭകളുടെ രൂപതാ പ്രതിഭാസംഗമം ഡിസംബർ 9-ാം തിയതി രാവിലെ 10 മണി മുതൽ 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മേഖലാ സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ. ഇവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമായിരിക്കും ഡിസംബർ അവസാനം കാക്കനാട് വച്ച് നടക്കുന്ന സംസ്ഥാനതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കുക.

**DCC II Year കോൺടാക്ട് ക്ലാസ്സ് ഡിസംബർ 26 ന്**

2017-2019 ബാച്ചിന്റെ അടുത്ത കോൺടാക്റ്റ് ക്ലാസ്സ് ഡിസംബർ 26 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

തൂമഞ്ഞിന്റെ അകമ്പടിയോടെ ക്രിസ്തുമസ്സ് ഇതാ ആഗതമായി. സന്തോഷത്തിന്റെ ദിനം ആഘോഷങ്ങളുടെ രാവ്... സമ്മാനങ്ങളുടെ നിറപ്പകിട്ടിൽ ഒളിച്ചു നിൽക്കുന്ന ഈറൻ നിലാവുള്ള രാത്രി...

ഓരോ ക്രിസ്തുമസ്സും ഈശോയെ ലോകത്തിനു പരിചയപ്പെടുത്തുവാനുള്ള സന്ദർഭമാണ്. അവിടുന്ന് സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണല്ലോ. മാത്രവുമല്ല, ലോകത്തിന്റെ മുഴുവൻ പാപവും നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ലോകം അറിയുക തന്നെ വേണം. സൗജന്യമായി രക്ഷിക്കുന്ന, പാപിയോടു കരുണ കാണിക്കുന്ന ഈ ദൈവപുത്രന്റെ ജനനം ലോകം മുഴുവൻ ആഘോഷിക്കുമ്പോൾ നമുക്കും ഉണ്ണീശോയുടെ കൈ പിടിച്ച് സഞ്ചരിക്കാം. ലീമായിലെ വി.റോസയുടെ കൂട്ടുകാരൻ ഉണ്ണീശോ ആയിരുന്നു. കുഞ്ഞു റോസയെ എഴുതാനും വായിക്കാനും പോലും പഠിപ്പിച്ചത് ഉണ്ണിശോയായിരുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യ ഒരിക്കൽ കോൺവെന്റിന്റെ പടികൾ ഇറങ്ങി വരുമ്പോൾ സുന്ദരനായ ഒരു കൊച്ചുകുട്ടി നിൽക്കുന്നതുകണ്ട് അവൾ തന്നെതന്നെ പരിചയപ്പെടുത്തി! 'ഞാൻ ഈശോയുടെ ത്രേസ്യായാണ്' അപ്പോൾ ആ കുട്ടി പറഞ്ഞു! 'ഞാൻ ത്രേസ്യയുടെ ഈശോയാണ്' ഇതുപോലെ ഈശോയുമായി കൂട്ടുകൂടിയവർ ഒരുപാടു പേരുണ്ട്. ഈ ക്രിസ്തുമസ്സിന് നമുക്കും ഈശോയുമായി കൂട്ടുകൂടാം. നമ്മുടെ കൂടെ കളിക്കാനും വിശേഷങ്ങൾ പങ്കുവയ്ക്കാനും 'അടിച്ചു പൊളിക്കാനും' റെഡിയായി നിൽക്കുന്ന നമ്മുടെ സ്വന്തം 'ചങ്ക് ബ്രോ'.

ഇത്തവണത്തെ ക്രിസ്തുമസ്സ് ഒരുക്കം ചില വ്യത്യസ്ത ചലഞ്ചുകളോടെയാണ് ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥനയിലൂടെയും, പ്രവർത്തനത്തിലൂടെയും, നമ്മുടെ ജീവിതത്തിലും, പരിസരങ്ങളിലും, മറ്റുള്ളവരിലും ക്രിസ്തുമസ്സ് ശോഭ പരത്താൻ നമുക്ക് സാധിക്കണം. അതിനായി 25 ദിനങ്ങൾ നീണ്ടു നിൽക്കുന്ന ക്രിസ്തുമസ്സ് STAR ചലഞ്ചാണ് ഈ വർഷം നമ്മൾ ഒരുക്കുന്നത്. വിശദ വിവരങ്ങൾ വികാരിയച്ചന്മാർക്ക് അയച്ചു തരുന്നതാണ്. സ്നേഹ, ത്യാഗ, സമ്പന്നമായ ക്രിസ്തുമസ്സ് ഏവർക്കും ആശംസിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ, **ഷിജു അച്ചൻ**

**ബഹു.ഷിജു ഐക്കരക്കാനായിൽ അച്ചൻ-സംസ്ഥാന വൈസ്ഡയറക്ടർ**

സി.എം.എൽ. സംസ്ഥാന വൈസ്ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട CML മാനന്തവാടി രൂപത ഡയറക്ടർ ബഹു.ഷിജു ഐക്കരക്കാനായിൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാ മംഗളങ്ങളും.

**ഡിസംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

പ്രാർത്ഥനാ മലരുകൾ - 71 പരിശുദ്ധരാജ്ഞി

മിഷൻ പ്രയർബാങ്ക് - കല്യാൺ രൂപത (മുള്ളൻകൊല്ലി മേഖലയിലെ ശാഖകൾ)

**രൂപതാ വാർഷികവും പ്രേഷിതറാലിയും ബത്തേരിയിൽ: –** CML രൂപതാ വാർഷികവും പ്രേഷിതറാലിയും 2019 ജനുവരി 2 ബുധനാഴ്ച ബത്തേരി അസംപ്ഷൻ ഫൊറോനാ പള്ളിയിൽ (02.30 pm പ്രേഷിതറാലി – 05 pm സമാപനം) വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**മഴവില്ല്:–** നേതൃത്വ ക്യാമ്പും അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റിയും ഡിസംബർ 7 വെള്ളിയാഴ്ച വൈകിട്ട് 6 മണി മുതൽ 8 ശനിയാഴ്ച ഉച്ചയ്ക്ക് 1 മണി വരെ നടക്കുന്നതാണ്. എല്ലാ മേഖലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**'SMART – 2020':–** കഴിഞ്ഞവർഷം നാം നടത്തിയ സ്മാർട്ട് ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ അടുത്തഘട്ട പരിശീലനം ഡിസംബർ 28 ന് വൈകുന്നേരം 4 മണി മുതൽ 29 ന് വൈകുന്നേരം 3 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**'YES':–** ദൈവവിളി സെമിനാറും സംഗമവും – 10, 12, ഡിഗ്രി ക്ലാസ്സുകളിൽ പഠിക്കുന്ന പൗരോഹിത്യ- സന്യാസ ദൈവവിളി ആഭിമുഖ്യമുള്ളവരുടെ സംഗമവും സെമിനാറും ഡിസംബർ 26 ബുധനാഴ്ച രാവിലെ 09.30 മുതൽ വൈകുന്നേരം 03.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 75 രൂപ ആയിരിക്കും. വരുന്നവരുടെ പേര് വിവരം ഡിസംബർ 10 ന് മുമ്പ് ഓഫീസിൽ അറിയിക്കുമല്ലോ.

**രൂപതാതല തിരുബാലസഖ്യ മത്സരം – 2019 ഫെബ്രുവരി 9 ശനി**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 9 ന് ദ്വാരകയിൽ വച്ച് രാവിലെ 09.30 ന് ആരംഭിക്കുന്നു. മത്സര നിബന്ധനകൾക്കും ഇനങ്ങൾക്കും മാർഗരേഖ പേജ് 43 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാലസഖ്യ അംഗങ്ങൾ.

**മത്സര ഇനങ്ങൾ:– പൂമ്പാറ്റ–1**

ബൈബിൾ കഥ (5 മിനിറ്റ്), പ്രസംഗ വിഷയം – **'ഈശോ എന്റെ കൂട്ടുകാരൻ'** (3 മിനിറ്റ്), സംഗീതം, ക്രയോൺ കളറിങ്ങ്.

**മത്സര ഇനങ്ങൾ:– പൂമ്പാറ്റ–2**

ബൈബിൾ കഥ (5 മിനിറ്റ്), പ്രസംഗ വിഷയം:– **'ഞാൻ ഒരു മിഷനറി'** (4 മിനിറ്റ്), സംഗീതം, ബൈബിൾ വായന – യോഹന്നാൻ 6,7,8, വചനം എഴുത്ത് – വി.യോഹന്നാന്റെ സുവിശേഷം, ചിത്രരചന.

**പൊതുവായത്**

ആക്ഷൻ സോങ്ങ് – 7 മിനിറ്റ്, 7 പേർ.

**വിജ്ഞാന ദീപിക ടെലികിസ്സ്** – ഡിസംബർ 23 ഞായറാഴ്ച 3 മണി മുതൽ 4 മണി വരെ.

**പ്രവർത്തന റിപ്പോർട്ടുകൾ: ഏറ്റവും മികച്ച പ്രവർത്തന രൂപത**

2017–2018 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച പ്രവർത്തന രൂപതയായി മാനന്തവാടി രൂപത തിരഞ്ഞെടുക്കപ്പെട്ടു. രൂപതയുടെ വിജയത്തിനായി പ്രവർത്തിച്ച ശാഖാ, മേഖലാ, രൂപതാ ഭാരവാഹികളെയും പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാനതല അംഗീകാരം:–** 2017–2018 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച ശാഖയായി പൂളപ്പാടം ശാഖ തിരഞ്ഞെടുക്കപ്പെട്ടു. വിജയത്തിനായി പ്രവർത്തിച്ച ശാഖാ ഡയറക്ടർ റവ.ഫാ. ജെയിംസ് ചക്കിട്ടുകുടിയിൽ,

ജോയിന്റ് ഡയറക്ടർ റവ. സി. വിൻസി എഫ്.സി.സി, പ്രസിഡണ്ട് നിഖിൽ പേരെക്കാട്ട്, സെക്രട്ടറി അമലി ജെറി മാവേലി തുടങ്ങിയ എല്ലാ ഭാരവാഹികൾക്കും, ശാഖാ പ്രവർത്തകർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**മിഷൻ പ്രയർ ബാങ്ക്:-** മണ്ഡ്യ രൂപതക്കുവേണ്ടി മാനന്തവാടി മേഖലയിലെ ശാഖാംഗങ്ങൾ 2018 ഒക്ടോബർ മാസത്തിൽ സമർപ്പിച്ച സുകൃതങ്ങൾ: വി.കുർബാന-13790, വി.കുർബാന സ്വീകരണം-12570, വി.കുർബാന സന്ദർശനം-14925, ജപമാല-20512, സുകൃതജപം-62400, ബൈബിൾ വായന-18432, ആശയടക്കം-7945, പരോപകാര പ്രവൃത്തി-9248. മാനന്തവാടി മേഖലയിലെ എല്ലാ ശാഖാ പ്രവർത്തകർക്കും, മേഖലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**ശാഖാ സന്ദർശനം:-** പറളിക്കുന്ന്, കൽപ്പറ്റ, നെടുമ്പാല എന്നീ ശാഖകളിൽ സന്ദർശനവും സെമിനാറും നടത്തി. നേതൃത്വം നൽകിയവർക്കും സഹകരിച്ചവർക്കും നന്ദി.

**നവജ്യോതി ഫണ്ട് കൈമാറി:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ഭവന പുനരുദ്ധാരണ പദ്ധതിയായ 'നവജ്യോതി' ഫണ്ടിലേയ്ക്ക് പയ്യമ്പള്ളി മേഖല ഏഴായിരത്തി ഇരുന്നൂറ്റി അൻപത് (7250) രൂപയും നടവയൽ മേഖല ഇരുപതിനായിരം (20,000) രൂപയും മണിമൂളി മേഖല ഇരുപത്തിയേഴായിരം (27,000) രൂപയും നിലമ്പൂർ മേഖല ഇരുപത്തിമൂവായിരം (23,000) രൂപയും രൂപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചന് കൈമാറി. സഹകരിച്ച മേഖലാ, ശാഖാ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങളും നന്ദിയും.

**മിഷൻഞായർ ആഘോഷം:-** രൂപതാ സമിതിയുടെയും തരിയോട് മേഖലാ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ കാവുംമന്ദം ശാഖയിൽ വെച്ച് മിഷൻഞായർ ആഘോഷം നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴി, ജനറൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, രൂപതാ എക്സിക്യൂട്ടീവ് അംഗം അരുൺ പ്ലാത്തോട്ടം എന്നിവർ പങ്കെടുത്തു. നേതൃത്വം നൽകിയ തരിയോട് മേഖലാ ഡയറക്ടർ റവ.ഫാ. ബിജു മാവറ, ജോയിന്റ് ഡയറക്ടർ സി. ഷാരോൺ സി.എം.സി. എന്നിവർക്കും മേഖലയിലെ എല്ലാ ഭാരവാഹികൾക്കും എല്ലാ ശാഖാ ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, ഭാരവാഹികൾ അംഗങ്ങൾ എന്നിവർക്കും അഭിനന്ദനങ്ങൾ.

**'INSIGHT'- 2018 അൾത്താര ബാലികാ ബാലന്മാരുടെ സംഗമം**

മണിമൂളി മേഖലയിലെ റീജണൽ പാസ്റ്ററൽ സെന്ററിൽ വെച്ച് അൾത്താര ബാലികാ ബാലന്മാരുടെ സംഗമം നടത്തപ്പെട്ടു. മേഖലാ ഡയറക്ടർ റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, രൂപതാ ജോയിന്റ് ഡയറക്ടർ സി. പ്രശാന്തി MSMI രൂപതാ ടീം അംഗം സി.ക്ലാരറ്റ് MSMI, സി.റെയ്നി MSMI എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പങ്കെടുത്തവർക്കും നേതൃത്വം നൽകിയവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**'ഒപ്പം' വ്യക്തിത്വ വികസന ക്യാമ്പ്:-** തരിയോട് ശാഖയിൽ വെച്ച് നടന്ന ശാഖാ ക്യാമ്പിന് രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ, ശ്രീ. അരുൺ പേഴക്കാട്ടിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പങ്കെടുത്തവർക്കും നേതൃത്വം നൽകിയവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**ക്രിസ്തു എനിക്ക് ആര്?:-** യുവജനങ്ങൾക്കായി രൂപതാ തലത്തിൽ നടത്തിയ വീഡിയോ പ്രസംഗമത്സരം വിജയികൾ: 1.ബിബിൻ ആലക്കൽ -

കയ്യൂന്നി, 2.റോസ് മരിയ കുന്നത്തുകുടി - അപ്പപ്പാറ, 3. അബിൻ ചക്കിട്ടമുറി - പാറത്തോട്ടം

**'കിളിക്കൊഞ്ചൽ':-** തിരുബാലസഖ്യാംഗങ്ങൾക്കായി റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് നടത്തിയ കഥപറച്ചിൽ മത്സരത്തിലെ വിജയികൾ:-1. നിയ ബെന്നി - തെനേരി, 2. അഥീല മരിയ പെരുംകുഴി - കമ്മന, 3. അന്ന മരിയ പൂമലപ്പറമ്പിൽ - മീനങ്ങാടി.

**ജീവകാരുണ്യനിധി (സംഭാവന കൂപ്പൺ) വിജയികൾ:-** 1. മണി തൊണ്ടുപാളി -കൊളവയൽ, 2. അന്ന കോക്കാട്ട് - വടപുറം, 3. ഫ്രാൻസിസ് ആറുപറയിൽ - മുള്ളൻകൊല്ലി.

**രൂപതാ സാഹിത്യമത്സര ഫലങ്ങൾ 2018-19**

**ജൂണിയർ ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| റിച്ചാർഡ് പൂവൻ | പയ്യമ്പള്ളി | പയ്യമ്പള്ളി | I A |
| ലെറ്റീഷ് പീക്കുന്നേൽ | മാനന്തവാടി | പോരൂർ | II B |
| ജോയൽ മാടശ്ശേരി | ദ്വാരക | ദ്വാരക | II B |

**ജൂണിയർ ആൺകുട്ടികൾ - കഥ**

| | | | |
|---|---|---|---|
| ജോയൽ പുത്തൻപുരയ്ക്കൽ | മുള്ളൻകൊല്ലി | പുൽപ്പള്ളി | I B |
| ആൽവിൻ മുണ്ടൻചിറ | നിലമ്പൂർ | പൂളപ്പാടം | II B |
| അലൻ കിഴക്കേൽ | മാനന്തവാടി | കണിയാരം | II B |
| സച്ചു നെടുമ്പാറ | ബത്തേരി | ചുള്ളിയോട് | III B |

**ജൂണിയർ ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| ഡെനിൽ പാറയിൽ | തരിയോട് | തരിയോട് | I B |
| ആൽബിൻ പൊക്കാട്ടുവയലിൽ | മാനന്തവാടി | പാറത്തോട്ടം | II B |
| നിഖിൽ മാന്ദാംകരി | മണിമൂളി | പാലേമാട് | III B |

**ജൂണിയർ പെൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| എയ്ഞ്ചൽ വെള്ളമറ്റത്തിൽ | ബത്തേരി | പഴൂർ | I A |
| റ്റെൽമ തലമുടിത്തറയിൽ | മുള്ളൻകൊല്ലി | ശിശുമല | II A |
| ആൻറോസ് പുളിക്കത്തടത്തിൽ | നിലമ്പൂർ | വടപുറം | III A |

**ജൂണിയർ പെൺകുട്ടികൾ - കഥ**

| | | | |
|---|---|---|---|
| ലെനി നത്തനാംതുണ്ടത്തിൽ | ബത്തേരി | തോമാട്ടുചാൽ | I A |
| ഡെനീറ്റ ചാമക്കാലായിൽ | നടവയൽ | ചുണ്ടക്കര | II A |
| ട്രീസ തലച്ചിറ | മണിമൂളി | പാലേമാട് | II A |
| ആൻമരിയ പൊട്ടങ്കൽ | ചുങ്കക്കുന്ന് | ഒറ്റപ്ലാവ് | III B |

**ജൂണിയർ പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| അനുട്രീസ പാറേക്കാട്ടിൽ | തരിയോട് | മഞ്ഞൂറ | I B |
| അലീന വലിയതൊട്ടി | ദ്വാരക | മംഗ്ഗലശ്ശേരി | II B |
| സയന മുട്ടത്തുകുന്നേൽ | കല്ലോടി | കല്ലോടി | III B |

**സീനിയർ ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| ഡോൺ ഞൊണ്ടൻമാക്കൽ | മുള്ളൻകൊല്ലി | കബനിഗിരി | I A |
| അരുൺ ചേറാടിയിൽ | മണിമൂളി | പാലാങ്കര | II A |
| തദ്ദേവൂസ് ചേറാടിയിൽ | മണിമൂളി | പാലേമാട് | III A |

**സീനിയർ ആൺകുട്ടികൾ - കഥ**

| | | | |
|---|---|---|---|
| ആൽബിൻ മാനാന്തടത്തിൽ | നിലമ്പൂർ | പൂളപ്പാടം | I B |
| അഭിൻ വേങ്ങമറ്റത്തിൽ | കൽപ്പറ്റ | തെനേരി | II B |
| ഗോഡ്സ ഊരക്കാട്ടിൽ | കല്ലോടി | കുഞ്ഞോം | III B |
| വിമൽ കൊളവേലിൽ | മുള്ളൻകൊല്ലി | മരകാവ് | III B |

**സീനിയർ ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| ക്രിസ്റ്റോ വടക്കേക്കര | ചുങ്കക്കുന്ന് | ഒറ്റപ്ലാവ് | I A |
| അമൽ വാക്കേകണ്ടം | തരിയോട് | തരിയോട് | II A |
| ജോബിൻ കോയിക്കര | മണിമൂളി | നരിവാലമുണ്ട | III A |

**സീനിയർ പെൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| അഞ്ജന ചെറുതറപ്പേൽ | നീലഗിരി | കയ്യൂന്നി | I A |
| തേജസ്സ് പള്ളത്ത് | നടവയൽ | നടവയൽ | II A |
| അശ്വനി കൊച്ചാനിചുവട്ടിൽ | നീലഗിരി | ധർമ്മഗിരി | III A |

**സീനിയർ പെൺകുട്ടികൾ - കഥ**

| | | | |
|---|---|---|---|
| എവ്‌ലിൻ മരിയ പുത്തൻപുര | മുള്ളൻകൊല്ലി | മരകാവ് | I A |
| അനുഷ മൂത്തേടത്ത് | തരിയോട് | തരിയോട് | II A |
| ജോസ്ന കപ്പലുമാക്കൽ | മാനന്തവാടി | കരിമാനി | III A |

**സീനിയർ പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| മെറീന കരീക്കാട്ടിൽ | കല്ലോടി | കല്ലോടി | I A |
| അലീന കൂട്ടുങ്കൽ | ചുങ്കക്കുന്ന് | അടയ്ക്കാത്തോട് | II A |
| അനുഷ മൂത്തേടത്ത് | തരിയോട് | തരിയോട് | III A |

**സൂപ്പർസീനിയർ ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| ജെയിംസ് കൊച്ചുവേലിക്കകത്ത് | ചുങ്കക്കുന്ന് | കൊട്ടിയൂർ | I A |
| സിനീഷ് ആപ്പുഴയിൽ | നടവയൽ | ചെറുകാട്ടൂർ | II A |
| പ്രതീഷ് കൊല്ലംകുന്നേൽ | തരിയോട് | കാവുംമന്ദം | III A |

**സൂപ്പർസീനിയർ ആൺകുട്ടികൾ - കഥ**

| | | | |
|---|---|---|---|
| സജി വട്ടയ്ക്കാമുകുളേൽ | കൽപ്പറ്റ | കൽപ്പറ്റ | I A |
| കിഷോർ പന്തയ്ക്കൽ | പയ്യമ്പള്ളി | കമ്മന | II A |
| ജെയ്മോൻ ഇഞ്ചത്താനത്ത് | നടവയൽ | കല്ലുവയൽ | III A |

**സൂപ്പർസീനിയർ ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| ആന്റണി പള്ളിക്കാതൊട്ടി | ബത്തേരി | പഴൂർ | I A |
| ഷിജു വളവി | തരിയോട് | മഞ്ഞൂറ | II A |
| റോബി താണികുന്നേൽ | മാനന്തവാടി | കണിയാരം | III A |

**സൂപ്പർസീനിയർ പെൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| ഏലിയാമ്മ ചെമ്പകശ്ശേരി | നിലമ്പൂർ | വടപുറം | I A |
| ബിൻസി പട്ടർമഠത്തിൽ | കല്ലോടി | പുതിയിടംകുന്ന് | II A |
| ടീന വട്ടുക്കുളം | തരിയോട് | തരിയോട് | III A |

**സൂപ്പർസീനിയർ പെൺകുട്ടികൾ - കഥ**

| | | | |
|---|---|---|---|
| അപർണ്ണ കുറുമ്പാലക്കാട്ട് | മുള്ളൻകൊല്ലി | ആടിക്കൊല്ലി | I A |
| ലിസ മുണ്ടയ്ക്കാത്തടത്തിൽ | കൽപ്പറ്റ | ചാരിറ്റി | II A |
| ഷീന പാലത്തുംതലക്കൽ | മാനന്തവാടി | മുതിരേരി | III A |

**സൂപ്പർസീനിയർ പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| മഞ്ചു ഇഞ്ചപ്ലാക്കൽ | കല്ലോടി | പുതിയിടംകുന്ന് | I A |
| അനില നെല്ലൂർ | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് | II A |
| ലിറ്റി ബിനീഷ് വണ്ടന്നൂർ | മാനന്തവാടി | കണിയാരം | III A |

**മേഖലാ വാർത്തകൾ**

**തരിയോട് മേഖല:-** മേഖലാ ഭാരവാഹികൾ ഒക്ടോബർ മാസത്തിലെ എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്തു.

**കൽപ്പറ്റ മേഖല:-** ഡി പോൾ പള്ളിയിൽ വെച്ച് അൾത്താരബാല സംഗമം

നടത്തി. റവ.ഫാ. വിമൽ, സി. ആഷ്ലി സി.എം.സി. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ശാഖാ വാർത്തകൾ**

*കുറുമ്പാല:-* പച്ചക്കറിവിത്ത് സമാഹരണം - വിതരണം, തപാൽദിനം, ദൈവ വിളിദിനം എന്നിവ നടത്തി.

*കുറുമണി:-* ശുചിത്വ പ്രേഷിത പ്രതിജ്ഞ എടുത്തു.

*ബത്തേരി:-* തപാൽദിനത്തിൽ സി.എം.എൽ. അംഗങ്ങൾ ബത്തേരി പോസ്റ്റോഫീസിൽ പോയി ജീവനക്കാരെ ആദരിച്ചു.

*അമ്പലവയൽ:-* നടവയൽ ഓസാനഭവൻ സന്ദർശിക്കുകയും അരി വിത രണം ചെയ്യുകയും ചെയ്തു.

*പ്രശാന്തഗിരി:-* മിഷൻഞായർ ആഘോഷിച്ചു. മിഷൻറാലി, മിഷൻപിരിവ് എന്നിവ നടത്തി.

*നെടുമ്പാല:-* റോഡുകളിലെ പ്ലാസ്റ്റിക് സാധനങ്ങൾ ശേഖരിച്ച് പരിസര ശുചീകരണം നടത്തി.

*മഞ്ഞൂറ:-* വിയാനിഭവൻ, ചുങ്കക്കുന്ന് ആശുപത്രി, കുഴിനിലം സ്പെഷ്യൽ സ്കൂൾ എന്നിവ സന്ദർശിച്ചു.

ഒറ്റപ്ലാവ്:- പ്രളയസഹായമായി-1500 രൂപ, ചികിത്സാസഹായം-2000 രൂപ, വസ്ത്രസഹായം-2050 രൂപ എന്നിവ നൽകി.

*ചുങ്കക്കുന്ന്:-* മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകി.

കയ്യൂന്നി:- മിഷൻ ടെലികിസ്, മിഷൻ പ്രദർശനം എന്നിവ നടത്തുകയും 65 വയസ്സിനു മുകളിൽ പ്രായമുള്ള ദമ്പതികളെ ആദരിക്കുകയും ചെയ്തു.

*കൽപ്ര:-* ദൈവവിളിയെകുറിച്ച് സി.ലിസ എസ്.കെ.ഡി ക്ലാസ്സെടുത്തു.

*പനംചിറ:-* രോഗികളും വൃദ്ധരുമായവരുടെ ഭവനങ്ങൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*കുന്നൂർ:-* കാഴ്ചസമർപ്പണം നടത്തി, മധുരപലഹാരം വിതരണം ചെയ്തു.

*മൺവയൽ:-* മിഷൻ വിളംബരജാഥ, ലഹരിക്കെതിരെ സൈക്കിൾ - ബൈക്ക് റാലി എന്നിവ നടത്തി.

*വിമലഗിരി:-* ഇടവകയിലെ വൃദ്ധരായ മാതാപിതാക്കളെ സന്ദർശിച്ച് പ്രാർത്ഥി ക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

*ബോസ്പാറ:-* മിഷനറിമാർക്കുവേണ്ടി വീടുകളിൽ ജപമാല മഞ്ജരി.

*വൈത്തിരി:-* ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മാനന്തവാടി ജയിൽ സന്ദർശി ക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

*കാട്ടിക്കുളം:-* അംഗത്വ നവീകരണം - സ്വീകരണം, കലാപരിപാടികൾ, മിഷൻ പിരിവ്, മിഷൻറാലി എന്നിവ നടത്തി.

*തൃശ്ശിലേരി:-* ഒക്ടോബർ മാസം എല്ലാ ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി.

*സീതാമൗണ്ട്:-* ദൈവവിളി പ്രോത്സാഹനാർത്ഥം ഇടവകയിലെ വൈദിക രുടേയും സമർപ്പിതരുടേയും മാതാപിതാക്കളെ ആദരിച്ച് മെമന്റോ നൽകി.

*തെനേരി:-* ക്ലാസ്സ് അടിസ്ഥാനത്തിൽ വി.കൊച്ചുത്രേസ്യായുടെ രൂപത്തിന് മുൻപിൽ സുകൃതമഞ്ജരി സമർപ്പണം, പ്രത്യേകപ്രാർത്ഥന, പതാകവന്ദനം, വിശുദ്ധരുടെ ജീവചരിത്ര പ്രദർശനം (നോട്ടീസ് ബോർഡിൽ) എന്നിവയും നടത്തപ്പെട്ടു.

*പുതുശ്ശേരിക്കടവ്:-* മിഷൻഞായർ ആചരണം. മിഷൻമാസത്തിൽ എല്ലാ ദിവ സവും പള്ളിയിൽ വന്ന് പതാക വന്ദനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനം നൽകി.

*പന്തിപൊയിൽ*:- ഒക്ടോബർ മാസം മുഴുവൻ അംഗങ്ങൾ സുകൃതജപങ്ങൾ ചൊല്ലുകയും പുതിയനിയമം മുഴുവൻ വായിച്ച് മിഷൻ ഗ്രാമങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.
*പാറത്തോട്ടം*:- ഗ്രൂപ്പ് അടിസ്ഥാനത്തിൽ മുദ്രാവാക്യമത്സരം നടത്തി 1,2 സ്ഥാനങ്ങൾ ലഭിച്ചവർക്ക് 701, 501 രൂപ സമ്മാനമായി നൽകി.
*ചുണ്ടക്കര*:- പ്രകൃതി സംരക്ഷണം, ജീവസന്ദേശം, ലഹരിവിരുദ്ധം എന്നിവയുടെ പോസ്റ്ററുകൾ സ്ഥാപിച്ചു.
*നടവയൽ*:- നടവയൽ ടൗൺ ബസ്റ്റാന്റ് വൃത്തിയാക്കി.
*പടമല*:- കരുണാഭവനിൽ ഭക്ഷണസഹായം, രോഗീസഹായമായി 2000 രൂപ എന്നിവ നൽകി.
*അരിഞ്ചേർമല*:- പരിസ്ഥിതിദിനം ആചരിച്ച് പരിസര ശുചീകരണത്തിന്റെ പോസ്റ്ററുകൾ സ്ഥാപിച്ചു.
*ഇടിവണ്ണ*:- ചോക്കാട് അഗതിമന്ദിരം സന്ദർശിച്ച് 11000 രൂപയും പച്ചക്കറികളും നൽകുകയും കുട്ടികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
*വഞ്ഞോട്*:- ഇടവകയിലെ വൃദ്ധഭവനം സന്ദർശിച്ച് വീടും പരിസരവും വൃത്തിയാക്കി.
*വെള്ളൂന്നി*:- മിഷൻമാസത്തിൽ 'വിശ്വാസവും യുവത്വവും' എന്ന വിഷയത്തോടനുബന്ധിച്ച് ഡിബേറ്റ്, കൊളാഷ് എന്നീ മത്സരങ്ങൾ നടത്തി.
കൊട്ടിയൂർ:- സെന്റ് കമില്ലസ് സ്പെഷ്യൽസ്കൂൾ സന്ദർശിച്ച് കുട്ടികൾക്ക് മധുരപലഹാരം വിതരണം ചെയ്യുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
*കാവുംമന്ദം*:- ഭദ്രാവതി രൂപതയിലെ കുമ്പളവയൽ സന്ദർശിച്ച് നിർദ്ധനരായ കുട്ടികളുടെ സ്നേഹനിധിയിലേയ്ക്ക് സംഭാവന നൽകി.
*വാഴവറ്റ*:- മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മിഷനെ സംബന്ധിച്ച് കൊളാഷ് മത്സരം നടത്തി.
*ആടിക്കൊല്ലി*:- മിഷൻമാസത്തിൽ ഇടവകയിൽ വലിയ പത്തുമണി കൊന്തയും മിഷൻമരവും നിർമ്മിച്ചു.
*പാടിച്ചിറ*:- നടവയൽ ഓസ്സാംഭവൻ, പനമരം നവജ്യോതി വൃദ്ധസദനം എന്നിവ സന്ദർശിക്കുകയും അവർക്കാവശ്യമായ സാധനങ്ങൾ നൽകുകയും ചെയ്തു.
*കല്ലുവയൽ*:- ദീപശിഖ പ്രയാണം, മിഷൻപിരിവ്, റാലി എന്നിവ നടത്തി.
കോട്ടത്തറ:- വിശുദ്ധരുടെ ആൽബം തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം, വചനമര നിർമ്മാണം, മിഷൻസന്ദേശ പ്രദർശനം എന്നിവ നടത്തി.
*മുണ്ടേരി*:- കോളനി സന്ദർശനം, മിഷൻ എക്സിബിഷൻ, രോഗീസന്ദർശനം, അഖണ്ഡ ജപമാല എന്നിവ നടത്തി.
*അമ്പായത്തോട്*:- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസത്തിലേയ്ക്ക് സംഭാവന ചെയ്ത അക്സ സിബിയെ ആദരിക്കുകയും കരൾപകുത്തു നൽകിയ സോമി പൂത്തറയുമായി അഭിമുഖം നടത്തുകയും ചെയ്തു.
*പഴൂർ*:- അഖണ്ഡ ജപമാല, ജപമാല പ്രദക്ഷിണം എന്നിവ നടത്തി.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം.

**ബിനീഷ് തുമ്പിയാംകുഴി**
സെക്രട്ടറി, സി.എം.എൽ.

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ച്**

നവംബർ 5,6 തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ചിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അറുപത് വിദ്യാർത്ഥികൾ ക്യാമ്പിൽ സന്നിഹിതരായിരുന്നു. തിങ്കളാഴ്ച്ച വൈകുന്നേരം ആറുമണിക്ക് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ട്രെയിനിംഗ് ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികൾ തങ്ങളുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ വളർച്ചയെ വിലയിരുത്തി സംസാരിച്ചു. ഒക്ടോബർ മാസത്തിൽ ജന്മദിനം അനുസ്മരിക്കുന്ന വിദ്യാർത്ഥികൾക്ക് ആശംസനേരുകയും അവർക്ക്‌വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഒൻപതുമണി മുതൽ പത്ത് മണിവരെ സി. ഡോണ എസ്.സി.വി ലക്ഷ്യബോധത്തെകുറിച്ചും, വിദ്യാർത്ഥികളുടെ വളർച്ചയെ തടസപ്പെടുത്തുന്ന കാര്യങ്ങളെ എങ്ങനെ മറികടക്കാം എന്ന വിഷയത്തെ ആസ്പദമാക്കി വിദ്യാർത്ഥികൾക്ക് ക്ലാസ് നല്കി. ആറാം തീയതി വി.കുർബാനക്ക് ശേഷം 2018 ബാച്ചിന് ഇംഗ്ലീഷ് വിഷയത്തിൽ സെബാസ്റ്റ്യൻ പുരക്കൻ സാറും 2017 ബാച്ചിന് കെമിസ്ട്രി വിഷയത്തിൽ ആനന്ദ് സാറും 2016 ബാച്ചിന് ബയോളജി വിഷയത്തിൽ ജിനി ടീച്ചറും ക്ലാസുകൾ നല്കി. ട്രെയിനിംഗിന് നേതൃത്വം നല്കിയ സി. നോയൽമരിയ എസ്.എ.ബി.എസ്, ലിൻഷ മരിയ ഷാന്റി ഇവരെ നന്ദിയോടെ ഓർക്കുന്നു. വൈകുന്നേരം നാല് മണിയോടെ ക്ലാസ് അവസാനിച്ചു.

**തിരുസന്നിധിയിൽ**

യുവജന കൺവെൻഷനോടനുബന്ധിച്ച് ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും യുവജനങ്ങൾക്കുവേണ്ടി ഒക്ടോബർ 17 മുതൽ 21 വരെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും മാതാപിതാക്കൾ തങ്ങളുടെ സേവനം ആവശ്യമുള്ള സ്ഥലങ്ങളിൽ സ്തുത്യർഹമായ സേവനം നല്കുകയും ചെയ്തു. ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു. ഈ കൺവെൻഷൻ ദിനങ്ങളിൽ സാന്നിദ്ധ്യത്താലും പ്രാർത്ഥനയാലും അടുത്തും അകലെയും ആയിരുന്നുകൊണ്ട് സഹകരിച്ച എല്ലാവർക്കും നന്ദി.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**വാർഷിക സെനറ്റ്, രൂപതാ ഇലക്ഷൻ - ഡിസംബർ 21**

രൂപതയുടെ വാർഷിക സെനറ്റ് ഡിസംബർ 21 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ആരംഭിക്കുന്നു. രൂപതാ ഇലക്ഷൻ, ജൂബിലിവർഷ പരിപാടികളുടെ തീരുമാനം, പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞ, സംഘടനാചർച്ച തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. രൂപതാ സെനറ്റംഗങ്ങൾ - മേഖലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, കോഡിനേറ്റർ, സെനറ്റ് മെമ്പേഴ്സ് (3), 2018 വർഷത്തെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി (ആകെ 13 പേർ) എന്നിവരാണ് പങ്കെടുക്കേണ്ടത്. രൂപതാ സെനറ്റിനു മുൻമ്പായി മേഖലാ സെനറ്റ് സമ്മേളിച്ച് പാസ്സാക്കിയ റിപ്പോർട്ടാണ് രൂപതാ സെനറ്റിൽ അവതരിപ്പിക്കേണ്ടത്.

**ഡിസംബർ 22 - രജതജൂബിലി രൂപതാതല ഉദ്ഘാടനം**

കെ.സി.വൈ.എം. നമ്മുടെ രൂപതയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ രജത ജൂബിലിവർഷം 2018 ഡിസംബർ 10 ന് ആരംഭിക്കുകയാണ്. രജതജൂബിലിവർഷ പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം ഡിസംബർ 22 ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. രൂപതാ സെനറ്റംഗങ്ങളെ കൂടാതെ, യൂണിറ്റിൽ നിന്ന് ഡയറക്ടറും ആനിമേറ്ററും പ്രസിഡണ്ടും വൈസ്സ് പ്രസിഡണ്ടുമാണ് ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. ബഹുമാനപ്പെട്ട ജനറാളച്ചന്റെ നേതൃത്വത്തിൽ മുൻ ഡയറക്ടർമാർ സഹകാർമ്മികരുമാകുന്ന വിശുദ്ധ കുർബാന, പൊതു സമ്മേളനം, ജൂബിലി ആരംഭറാലി എന്നിവയാണ് കാര്യപരിപാടികൾ. ഒപ്പം തന്നെ സംഘടനാ ശാക്തീകരണത്തിനും, സാമുദായിക ശാക്തീകരണത്തിനും, സാമൂഹിക ഇടപ്പെടലുകൾ നടത്താനുതകുന്നതുമായ പരിപാടികൾ മേഖലകളിലും, യൂണിറ്റുകളിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ, യൂണിറ്റ് - കർമ്മ പരിപാടികളുടെ ലിസ്റ്റ് രൂപതാ ഓഫീസിലും ഏൽപ്പിക്കണം.

**പുതിയ പ്രവർത്തന വർഷത്തിലെ ഭാരവാഹികളുടെ ലിസ്റ്റ്**

2019 പ്രവർത്തന വർഷത്തേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് ഡിസംബർ 10 ന് മുൻപായും, മേഖലാ ഭാരവാഹികളുടെ ലിസ്റ്റ് ഡിസംബർ 17 ന് മുൻപായും രൂപതാ ഓഫീസിൽ എൽപ്പിക്കുമല്ലോ.

**രജതജൂബിലി യൂണിറ്റ്തല ഉദ്ഘാടനം:-** ഡിസംബർ 23 ന് ഞായറാഴ്ച്ച എല്ലാ യൂണിറ്റുകളിലും രജത ജൂബിലി ഉദ്ഘാടനം നടത്തുന്നു. കെ.സി. വൈ.എമ്മിന്റെ എംബ്ലം പതിപ്പിച്ച പതാക രൂപതാ ഓഫീസിൽ ലഭ്യമാണ്.

**ജനറാളച്ചനോടൊപ്പം:-** ഡിസംബർ 10 ന് ആരംഭിക്കുന്ന കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ജൂബിലിവർഷ കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ ബഹുമാനപ്പെട്ട വികാരി

ജനറാൾ അബ്രാഹം നെല്ലിക്കലച്ചനുമായി കൂടിക്കാഴ്ച്ച നടത്തി. ജൂബിലിവർഷത്തിൽ നടപ്പിൽ വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. ബഹുമാനപ്പെട്ട വികാരി ജനറാളച്ചൻ രക്ഷാധികാരിയും രൂപതാ പ്രസിഡണ്ട് അദ്ധ്യക്ഷനുമായിട്ടുള്ള രൂപതാതല കമ്മിറ്റിയും ഫൊറോനാ വികാരി രക്ഷാധികാരിയും, മേഖലാ പ്രസിഡണ്ട് അദ്ധ്യക്ഷനുമായുള്ള മേഖലാ കമ്മിറ്റിയും രൂപികരിക്കാൻ തീരുമാനിച്ചു.

**എസ്.എം.വൈ.എം. മീറ്റിംഗ് – കാക്കനാട്**:– സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കാക്കനാട് വച്ച് നടന്ന മീറ്റിംഗിൽ രൂപതാ സെക്രട്ടറി അലീന ജോയ്, സിൻഡിക്കേറ്റ് അംഗങ്ങളായ ബിബിൻ ചെമ്പക്കര, ഗ്രാലിയ അന്ന അലക്സ്, കല്ലോടി മേഖലയിൽ നിന്നും ജിയോ, റോഷ്ന വലിയംക്കണ്ടത്തിൽ എന്നിവരും പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ– കുറുമണി**:– 2019 വർഷത്തേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികൾ ക്ലമന്റ് പടിഞ്ഞാറെക്കടുപ്പിൽ – പ്രസിഡണ്ട്, ജെസ്ലിൻ അമ്പാട്ടുപടവിൽ – വൈസ്സ് പ്രസിഡണ്ട്, ജസ്റ്റിൻ മേപ്പാടം – സെക്രട്ടറി, അനുപ്രിയ മനയത്ത്ശ്ശേരി – ജോയിന്റ് സെക്രട്ടറി, അഖിൽ പുതുക്കാട്ടുകടുപ്പിൽ– ട്രഷറർ കോഡിനേറ്റർ – അനൂപ് തേരേടം, നീതു മാതേക്ക, മേഖല സെനറ്റ് – സുമേഷ് അമ്പാട്ടുപ്പറമ്പിൽ, ആനിമേറ്റർ – സി. ലിൻസി മരിയ സിഎംസി. ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും ആശംസയും.

**പാറത്തോട്ടം**:– കെ.സി.വൈ.എം. മാനന്തവാടി മേഖലാ സമിതിയുടെ നേതൃത്വത്തിൽ നടന്ന ജപമാല പ്രയാണത്തിന് സ്വീകരണം നൽകി, സമാപന ജപമാല പ്രദക്ഷിണത്തിന് യൂണിറ്റ് സമിതിയംഗങ്ങൾ നേതൃത്വം നൽകി. ജപമാല മാസാചരണത്തിന്റെ ഭാഗമായി കൊന്തമാല തയ്യാറാക്കി പള്ളിയുടെ മുൻവശം അലങ്കരിച്ചു. പേര്യ, തലപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ പ്രതിഷേധ മനുഷ്യ ചങ്ങലയിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്ത് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

**പാലേമാട്:–** സെപ്റ്റംബർ അവസാന ഞായറാഴ്ച്ച യുവജന ഞായറായി ആചരിച്ചു. വി. കുർബാനയിലുള്ള സജീവ പങ്കാളിത്വംകൊണ്ട് ശ്രദ്ധേയമായിരുന്നു യുവജനദിനാചരണം. തുടർന്ന് നടന്ന കെ.സി.വൈ.എം. മീറ്റിംഗിലെ യുവജന പങ്കാളിത്വവും മികവുറ്റതായിരുന്നു. ഒക്ടോബർ ജപമാല മാസ സമാപനത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ച് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. യുവജനവർഷത്തോടനുബന്ധിച്ച് നടക്കുന്ന രോഗീസന്ദർശനം ഒക്ടോബർ 18 ന് നടത്തി.

**സുൽത്താൻ ബത്തേരി**:– ബത്തേരി ഗവൺമെന്റ് ഹോസ്പ്പിറ്റലിൽ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണ വിതരണം നടത്തി. ദേവാലയവും പരിസരവും യുവജനങ്ങളുടെ നേതൃത്വത്തിൽ ശുചീകരിച്ചു.

**തലപ്പുഴ:–** നവംബർ 11 ഞായറാഴ്ച്ച 2019 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. അരുൺ വെളിയത്ത് – പ്രസിഡണ്ട്, സാന്ദ്ര തോട്ടാപ്പള്ളിൽ – വൈസ്സ് പ്രസിഡണ്ട്, അനു കുരീക്കൽ – സെക്രട്ടറി, ജസ്റ്റിൻ ചിറപ്പുറത്ത്– ജോയിന്റ് സെക്രട്ടറി, ദീപു വെളിയത്ത് ട്രഷറർ. ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും ആശംസയും.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ**
ജനറൽ സെക്രട്ടറി, കെ.സി.വൈ.എം.

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ഒക്ടോബർ 26 മുതൽ 29 വരെ നടന്ന MPC യിൽ 109 പേരും, നവംബർ 14-17 ൽ 111 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഡിസംബർ 02-05 : പാസ്റ്ററൽ സെന്റർ ദ്വാരക
ഡിസംബർ 27-30 : പാസ്റ്ററൽ സെന്റർ ദ്വാരക
ജനുവരി 06-09 : പാസ്റ്ററൽ സെന്റർ ദ്വാരക

**MPC 2019**

| MONTH | DATE | BEGINS AT | ENDS AT | VENUE |
|---|---|---|---|---|
| January | 06-09 | 9.00 am | 2.00 pm | Dwaraka |
| | 25-28 | 9.00 am | 2.00 pm | Dwaraka |
| February | 10-13 | 9.00 am | 2.00 pm | Dwaraka |
| March | 10-13 | 9.00 am | 2.00 pm | Dwaraka |
| | 22-25 | 4.00 pm | 1.00 pm | Manimooly |
| March April | March 31- April 03 | 9.00 am | 2.00 pm | Dwaraka |
| April | 14-17 | 9.00 am | 2.00 pm | Dwaraka |
| May | 05-08 | 9.00 am | 2.00 pm | Dwaraka |
| | 27-30 | 9.00 am | 2.00 pm | Dwaraka |
| June | 09-12 | 9.00 am | 2.00 pm | Dwaraka |
| July | 14-17 | 9.00 am | 2.00 pm | Dwaraka |
| August | 11-14 | 9.00 am | 2.00 pm | Dwaraka |
| September | 01-04 | 9.00 am | 2.00 pm | Dwaraka |
| October | 01-04 | 9.00 am | 2.00 pm | Dwaraka |
| | 25-28 | 9.00 am | 2.00 pm | Dwaraka |
| November | 11-14 | 9.00 am | 2.00 pm | Dwaraka |
| | 22-25 | 4.00 pm | 1.00 pm | Manimooly |
| December | 01-04 | 9.00 am | 2.00 pm | Dwaraka |
| | 27-30 | 9.00 am | 2.00 pm | Dwaraka |

**മരിയൻ സിംഗിൾസ്**

നവംബർ 12 ന് മീറ്റിംഗ് ചേർന്നു. പതിവുപോലെ പ്രാർത്ഥനയും ക്ലാസ്സും ചുങ്കക്കുന്നിലും, അമ്പായത്തോട്ടിലുമായി നടന്നു. അവിടെയുള്ള അംഗങ്ങളുടെ വീടുകൾ സന്ദർശിച്ചു. അടുത്ത മീറ്റിംഗ് ഡിസംബർ 10 തിങ്കളാഴ്ച.

**മാതൃവേദി**

**രൂപതാ വാർത്തകൾ**

നവംബർ 3 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മേഖലാ സന്ദർശനം വിശകലനം ചെയ്തു. ഗ്ലോബൽ സെനറ്റിൽ രൂപതയിൽ നിന്നും സെനറ്റംഗങ്ങളും രൂപതാ പ്രസിഡണ്ടും പങ്കെടുത്തു. രൂപതാവാർഷിക ജനറൽ ബോഡി ഡിസംബർ 15 ന് 9.30 am മുതൽ 1.30 pm വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. അടുത്ത 3 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളെയും അന്നാണ് തെരഞ്ഞെടുക്കുന്നത്. വാർഷികത്തിൽ പങ്കെടുക്കേണ്ടവർ: ശാഖാ മേഖലാ ആനിമേറ്റർമാർ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ശാഖാ മേഖലാ പ്രസിഡണ്ടുമാർ, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർമാർ, 2 കൗൺസിലർമാർ. ഇടവകയിൽ നിന്ന് എത്രപേർ വാർഷികത്തിന് എത്തുമെന്ന് ഡിസംബർ 8 നു മുമ്പായി മേഖലാ ഭാരവാഹികൾ വഴി രൂപതാകേന്ദ്രത്തിൽ അറിയിക്കുക. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപ.

**മേഖലാ വാർത്തകൾ**

**തരിയോട്**

ഒക്ടോബർ 26 ന് ചെന്നലോട് ശാഖയിൽവെച്ച് തരിയോട് മേഖലയുടെ എക്സിക്യൂട്ടിവ് യോഗം ചേർന്നു. മേഖലാ ഭാരവാഹികൾ ശാഖ റെക്കോർഡുകൾ പരിശോധിച്ചു. റിപ്പോർട്ടുകൾ വിലയിരുത്തി. 2017-2018 വർഷത്തെ ബെസ്റ്റ് ശാഖയായി കോട്ടത്തറ ശാഖ തെരഞ്ഞെടുത്തു. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കാവുംമന്ദം, ചെന്നലോട് ശാഖകൾ കരസ്ഥമാക്കി. ഒക്ടോബർ 20 ന് ചെന്നലോട് പള്ളിയിൽ വെച്ച് തരിയോട് മേഖലയുടെ ജപമാല റാലി നടത്തി. മേഖലയിൽനിന്നും ധാരാളം അമ്മമാർ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

2018-19 വർഷത്തെ മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി. മികച്ചശാഖയായി ഒറ്റപ്ലാവ് ശാഖയ്ക്കുള്ള സമ്മാനവും ട്രോഫിയും നൽകി. കയ്യെഴുത്ത് മാസികയ്ക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശാന്തിഗിരിക്കും സഹകരിച്ച മറ്റ് ശാഖകൾക്കും സമ്മാനം നൽകി. 3 വർഷക്കാലം മേഖലയെ നയിച്ച ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും പ്രോത്സാഹന സമ്മാനം നൽകി ആദരിച്ചു.

**മാനന്തവാടി**

2018-19 വർഷത്തെ പ്രവർത്തനം ഒക്ടോബർ 12 ന് ആലാറ്റിൽ ശാഖയിൽവെച്ച് നടത്തപ്പെട്ട ജപമാല റാലിയോടെ ഡയറക്ടർ സണ്ണി കൊല്ലാർതോട്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ ആരംഭംകുറിച്ചു. എല്ലാ ശാഖകളിൽനിന്നും നിറഞ്ഞ പങ്കാളിത്തം ഉണ്ടായിരുന്നു. മാതാക്കളോടൊപ്പം

പിതാക്കന്മാരും ജപമാല റാലിയിൽ പങ്കെടുത്തു. 200-ഓളം അംഗങ്ങൾ ഉണ്ടായിരുന്നു. ഒക്ടോബർ 18,19 തീയതികളിൽ മേഖലാ സന്ദർശനം നടത്തി. ലോഗോസ് പരീക്ഷയിൽ ധാരാളം അമ്മമാർ പങ്കെടുത്തു.

**മണിമൂളി**

പാലേമാട് ശാഖയിൽവെച്ച് നടത്തിയ മേഖലാതല ജപമാലറാലിയിൽ വിവിധ ശാഖകളിൽ നിന്നുമായി 300 അമ്മമാർ പങ്കെടുത്തു. മേഖലാ ഭാരവാഹികൾ ശാഖാ റെക്കോർഡുകൾ പരിശോധിച്ചു. തലഞ്ഞി ശാഖ മികച്ച ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു. പാലേമാട്, മണിമൂളി ശാഖകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കി. കയ്യെഴുത്ത് മാസിക മത്സരത്തിൽ പാതിരിപ്പാടം, തലഞ്ഞി, മണിമൂളി ശാഖകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ശാഖാ വാർത്തകൾ**

**പാലേമാട്**

വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ സിസ്റ്റേഴ്സിന് തിരുനാൾ ആശംസകൾ അറിയിച്ചു. മണിമൂളി മേഖലയുടെ ജപമാല റാലിയിൽ സംബന്ധിച്ചു. അഖണ്ഡ ജപമാലയിൽ ഈ മാസം എല്ലാ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**പുതിയിടംകുന്ന്**

ജപമാല ഭവനങ്ങളിലും ഇടവകയിലും ആഘോഷമായി നടത്തി. നിരവിൽപുഴയിൽ നിന്നും മേഖലാ ജപമാല റാലിയിൽ 20 അമ്മമാർ പങ്കെടുത്തു. മേഖലാ എക്സിക്യൂട്ടിവിൽ സംബന്ധിച്ചു. ഹോസ്പിറ്റൽ ശുശ്രൂഷ നടത്തി. 60 കിലോ അരിയും 1000 രൂപയും നൽകി. ഇടവകയിലെ രോഗികളായി ആശുപത്രിയിൽ കഴിയുന്നവരെ സന്ദർശിച്ചു.

**കോട്ടത്തറ**

ഭാരവാഹികളെ തെരഞ്ഞെടുത്തു. വി. കുർബാനയുടെ പങ്കാളിത്തത്തെക്കുറിച്ച് സി. ആൻസി ജോസ് ക്ലാസ് എടുത്തു. ജപമാല റാലി മുത്തുക്കുടകൾ പിടിച്ചും ജപമാല ചൊല്ലിയും സജീവമാക്കി. മേഖലാ ജപമാല റാലിയിലും വി. കുർബാനയിലും 15 പേർ പങ്കെടുത്തു. കൊന്ത നമസ്കാരത്തിലും ജപമാല മാസാചരണത്തിലും അമ്മമാരുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. കുരിശു പ്രയാണത്തിലും ജറീക്കോ പ്രയാണത്തിലും പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

**കാവുംമന്ദം**

ഓരോ കുടുംബയൂണിറ്റിലും അമ്മമാർ പരിഹാരമനുഷ്ഠിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മേഖലാ കൊന്തറാലിയിൽ പങ്കെടുത്തു. മിഷൻഞായർ ദിനത്തിൽ രൂപതയുടെ നേതൃത്വത്തിൽ നടത്തിയ റാലിയിൽ സജീവമായി പങ്കെടുത്തു. ഇടവകയിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. എലീശ്വാ സന്ദർശനം നടത്തി.

**പൂളപ്പാടം**

വാർഷിക ജനറൽ ബോഡി നടത്തി. ബഹു. വികാരി ഫാ.ജയിംസ് ചക്കിട്ടക്കുടിയിൽ മുഖ്യ സന്ദേശം നൽകി. ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. ജപമാല റാലി നടത്തി.

**ബത്തേരി**

മേഖലാ ജപമാല റാലിയിൽ തിരുസഭയുടെ വിശുദ്ധീകരണത്തിനായി ജപമാല ചൊല്ലി കാഴ്ചവെച്ചു. പള്ളിയുടേയും ഇടവക ജനങ്ങളുടേയും വിശുദ്ധീകരണത്തിനായി പള്ളിക്ക് ചുറ്റി ജപമാല ചൊല്ലി. ഇടവകയുടെ നേതൃത്വത്തിൽ റോഡപകടങ്ങളിൽ നിന്നും സംരക്ഷണത്തിനായി മീനങ്ങാടിയിലേക്ക് നടത്തിയ ജപമാല റാലിയിൽ പങ്കെടുത്തു. കരുണകൊന്ത, തിരുഹൃദയ ജപമാല എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. കാൻസർ രോഗിയായ ആനിചേച്ചിയെ ഹോസ്പിറ്റലിൽ സന്ദർശിച്ച് ധനസഹായം നൽകി. മിഷൻ റാലിയിൽപങ്കെടുത്തു. ആഗോള പ്രാവർത്തനങ്ങളുടെ വിജയത്തിനായി 3 മണിക്ക് നന്മ നിറഞ്ഞ മറിയം ചൊല്ലി പ്രാർത്ഥിച്ചു.

**കേളകം**

പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ജപമാലറാലി നടത്തി. വി. കുർബാന മദ്ധ്യേ എല്ലാ അമ്മമാരും കാഴ്ച സമർപ്പണം നടത്തി. എല്ലാ ദിവസവും സെമിത്തേരിയിൽപോയി ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് കേളകം സാൻജോസ് ദേവാലയത്തിൽവെച്ച് നടത്തി. മേഖലയിൽ മൂന്നാം സ്ഥാനത്തിന് അർഹരായി. കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു.

**പാറത്തോട്ടം**

10 ദിവസത്തെ കൊന്ത നമസ്കാരത്തിന് നേതൃത്വം നൽകി. ചെറുപുഷ്പ മിഷൻറാലിയിൽ ഭാഗഭാക്കുകളായി. സിമിത്തേരി വൃത്തിയാക്കി. റോഡിന്റെ ശോചനീയാവസ്ഥയ്ക്ക് പ്രതിവിധി നേടാൻ നാട്ടുക്കൂട്ടം നടത്തിയ മനുഷ്യചങ്ങലയിൽ പങ്കെടുത്തു.

**കല്ലുവയൽ**

10 ദിവസത്തെ ജപമാലയ്ക്കും കാഴ്ചവെപ്പിനും നേതൃത്വം നൽകി. ഭവനസന്ദർശനം നടത്തി. നടവയൽ മേഖല കല്ലുവയലിൽ വെച്ച് നടത്തിയ ജപമാല റാലിയിൽ ശാഖയിൽ നിന്നും 200 അമ്മമാർ സംബന്ധിച്ചു. ലോഗോസ് പരീക്ഷയിൽ പങ്കെടുത്തു. യുവജന കൺവെൻഷന്റെ വിജയത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. മേഖലാ ഭാരവാഹികൾ ശാഖ സന്ദർശിച്ചു.

**കുന്നൂർ**

യുവജന കൺവെൻഷന്റെ വിജയത്തിനായി ആരാധനയും ജപമാലയും നടത്തി. ഒക്ടോബർ 26 ന് അമ്മമാരുടെ നേതൃത്വത്തിൽ വി. കുർബാനയും ജപമാലയും നടന്നു. മധുരപലഹാരം വിതരണം ചെയ്തു. ഇടവകയുടെ വാർഷികാഘോഷത്തിൽ അമ്മമാർ സ്കിറ്റ്, സംഗീതം എന്നിവ അവതരിപ്പിച്ചു.

**മൺവയൽ**

ഒക്ടോബറിൽ ഭവനങ്ങൾ, കപ്പേള എന്നിവിടങ്ങളിൽ ജപമാലക്ക് നേതൃത്വം നൽകി. ജപമാലറാലി നടത്തി. മിഷൻറാലിയിൽ അമ്മമാർ സെറ്റുസാരിയുടുത്ത് ബൈബിളും ജപമാലയും പിടിച്ച് റാലിയിൽ പങ്കെടുത്തു.

**ജൂഡ്സ് മൗണ്ട്**

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് രൂപീകരിച്ചു. രോഗീ

സന്ദർശനം നടത്തി. അമ്മമാർ വി. കുർബാനമദ്ധ്യേ കാഴ്ചസമർപ്പണം നടത്തി. പ്രാർത്ഥനാദിനം ആചരിച്ചു.

**പറളിക്കുന്ന്**

വി. ഫ്രാൻസീസിന്റെ തിരുനാൾ ദിനത്തിൽ ഇടവക സിസ്റ്റേഴ്സിന് മംഗളാശംസകൾ നേർന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ജപമാലറാലി നടത്തി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

യൂണിറ്റിലും ഭവനങ്ങളിലും ദേവാലയത്തിലും ഉള്ള പ്രാർത്ഥന, ജപമാല, കാഴ്ചവെപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകി. കയ്യെഴുത്ത് മാസിക തയ്യാറാക്കി. മേഖലാ വിസിറ്റ് നടത്തി. ശാഖാ തെരഞ്ഞെടുപ്പ് നടത്തി. വി. യൂദാ തദ്ദേവൂസിന്റെ തിരുനാളിന് നേർച്ച ഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു. സഭ നേരിടുന്ന പ്രതിസന്ധികൾക്കും യുവജനങ്ങൾക്കും വേണ്ടി യൂണിറ്റ് തിരിച്ച് ദേവാലയത്തിൽ അമ്മമാർ അഖണ്ഡ ജപമാല ചൊല്ലി. മരിച്ചവരുടെ ഭവനങ്ങൾ, രോഗീസന്ദർശനം എന്നിവ നടത്തി. ജീവകാരുണ്യത്തിന്റെ ഭാഗമായി 1000-രൂപ കൊടുത്തു.

**വാഴവറ്റ**

യുവജന കൺവെൻഷന്റെ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. എലീശ്വാ സന്ദർശനം, രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് കുടുംബസംഗമം *എന്ത്രസ* നടത്തി. ശാഖാ തെരഞ്ഞെടുപ്പ് നടത്തി. വിവാഹ സഹായം നൽകി. മേഖലയിലെ മികച്ച 2-ാമത്തെ ശാഖയായി തെരഞ്ഞെടുത്തു. പച്ചക്കറികൃഷിയിൽ മേഖലയിൽ മൂന്നാം സ്ഥാനവും ക്യാഷ് അവാർഡും ട്രോഫിയും നേടി. വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസാക്കി. 'കുടുംബങ്ങളുടെ പാപ്പ' പ്രബന്ധാവതരണം നടത്തി.

**കളത്തുവയൽ**

ജപമാല മാസം ആചരിച്ചു. യുവജനങ്ങൾക്കായി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ശാഖാ തെരഞ്ഞെടുപ്പ് നടത്തി. മേഖലാ കൺവെൻഷനിൽ 70 പേർ പങ്കെടുത്തു. മികച്ച ശാഖയ്ക്കുള്ള അവാർഡും കയ്യെഴുത്ത് മാസികയ്ക്ക് 1-ാം സ്ഥാനവും കരസ്ഥമാക്കി. സംഭാവന കൂപ്പൺ വിറ്റതിന് 1-ാം സ്ഥാനവും വിഷരഹിത പച്ചക്കറിക്ക് 2-ാം സ്ഥാനവും ലഭിച്ചു. പൊതുപ്പണിയിൽ പങ്കെടുത്തു.

**വലിയകൊല്ലി**

മേഖലാ ജപമാല റാലിയിൽ 18 പേർ സംബന്ധിച്ചു. മേഖലാ ടീം ഇടവക സന്ദർശിച്ചു. ഒക്ടോബർ 28 ന് ദിവ്യബലിക്ക് അമ്മമാർ നേതൃത്വം നൽകി.

**ഇടിവണ്ണ**

ഒക്ടോബർ മാസത്തിൽ കുടുംബയൂണിറ്റിലും പള്ളിയിലും നടത്തിയ കൊന്തനമസ്കാരത്തിൽ സജീവമായി പങ്കെടുത്തു. 31 ന് നേർച്ച പായസ വിതരണം നടത്തി. എല്ലാ 2-ാം ശനിയാഴ്ചയും എക്സിക്യൂട്ടീവ് കൂടാൻ തീരുമാനിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (നവംബർ 2)**

രാവിലെ 10.30 ന് എൽഡറിംഗും കുമ്പസാരവും ആരംഭിച്ചു. തുടർന്ന് 12 മണിക്ക് സഹനജപമാലയും കുരിശിന്റെ വഴിയും നടത്തി. 2 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. ഒരു മാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. ബഹു. ഡയറക്ടറച്ചൻ വചനസന്ദേശം നൽകി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. ബ്രദർ ജോസ് മാളോല, ബ്രദർ ബേബി കുപ്പയിൽ തുടങ്ങിയവർ നേതൃത്വം നൽകി. 08.30 ന് വി.കുർബാന അർപ്പിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (നവംബർ 3)**

രാവിലെ 6 മുതൽ 7 വരെ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. സഹനജപമാല ചൊല്ലി കൺവെൻഷൻ വിജയത്തിനായി പ്രാർത്ഥിച്ചു. 08.45 ന് പൊതു ശുശ്രൂഷകൾ ആരംഭിച്ചു. ബ്രദർ ജോസഫ് വട്ടുകുന്നേൽ ആമുഖ ശുശ്രൂഷ നയിച്ചു. തലശ്ശേരി അതിരൂപതാംഗം റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ വചനപ്രഘോഷണം നടത്തി- വിശുദ്ധ കുർബാന അർപ്പിച്ചു. കുമ്പസാരം, സ്പിരിചൽ ഷെയറിംഗിൽ ധാരാളം പേർ പങ്കെടുത്തു. അനുഭവസാക്ഷ്യത്തിനും ലഘുഭക്ഷണത്തിനും ശേഷം നടന്ന ദിവ്യകാരുണ്യാരാധനയ്ക്കും പ്രദക്ഷിണത്തിനും ബഹു. ഡയറക്ടറച്ചൻ നേതൃത്വം നൽകി. ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രത്യേകമായ പ്രാർത്ഥന നടത്തി.

**രണ്ടാം വെള്ളി – തൂവാനീസ സംഗമം (നവംബർ 9)**

മാതാക്കളുടെ പ്രാർത്ഥനാദിനമായ രണ്ടാം വെള്ളിയാഴ്ച 09.30 മുതൽ 02.30 വരെയുള്ള ശുശ്രൂഷകളിൽ 20 അമ്മമാർ പങ്കെടുത്തു. റവ.സി. റ്റെസി എഫ്.സി.സി. ക്ലാസ്സെടുത്തു. ജപമാലയും വി.കുർബാനയും ഷെയറിംഗും ആരാധനയും ഉണ്ടായിരുന്നു.

**രണ്ടാം ശനി – സ്പിരിചൽ ഷെയറിംഗ് (നവംബർ 10)**

ഈ ദിവസങ്ങളിലെ ശുശ്രൂഷകൾക്ക് ധാരാളം പേർ എത്തി. ശനിയാഴ്ചത്തെ പൊതുശുശ്രൂഷയ്ക്ക് 84 പേർ പങ്കെടുത്തു. 8 ശുശ്രൂഷകർ നേതൃത്വം നൽകി.

**മൂന്നാം വെള്ളി – ജാഗരണം (നവംബർ 16)**

6 മണിക്ക് കുരിശിന്റെ വഴി നടത്തിക്കൊണ്ട് ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധന നടത്തി. അത്താഴത്തിനുശേഷം വചനസന്ദേശവും 12 മണിക്ക് വി. കുർബാനയും അർപ്പിച്ചു. ബഹു. ഡയറക്ടറച്ചൻ നേതൃത്വം നൽകി. ഇടമുറിയാതെ ജപമാലകളും മദ്ധ്യസ്ഥ പ്രാർത്ഥനകളും കരുണയുടെ ജപമാലയും നടന്നു. രാവിലെ 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ധ്യാനം (നവംബർ 18)**

അഞ്ച് ദിവസത്തെ ആന്തരിക സൗഖ്യ ധ്യാനത്തിന് റവ. ഫാ. സണ്ണി മഠത്തിൽ, റവ. ഫാ. ബാബു മൂത്തേടത്ത്, റവ. ഫാ. ജയ്മോൻ കളമ്പുകാട്ട്, ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, എൽസി കുളത്തിങ്കൽ, പൈലി തുറപ്പാട്ട് എന്നിവർ നേതൃത്വം നൽകി.

**നാലാം ശനി – രോഗീദിനം (നവംബർ 22)**

രാവിലെ 09.30 ന് ജപമാല, സ്തുതിയാരാധന, ദിവ്യകാരുണ്യാരാധന എന്നിവയ്ക്കുശേഷം വി.കുർബാനയർപ്പിക്കപ്പെട്ടു. തുടർന്ന് രോഗികൾക്കായി തൈലാഭിഷേക പ്രാർത്ഥന നടത്തി. ബഹു. ഡയറക്ടറച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏതാനും പേർ സൗഖ്യം സാക്ഷ്യപ്പെടുത്തി.

**ഇടവകധ്യാനം (നവംബർ 25–28)**

മംഗളം ഗുഡ്ഷെപ്പേർഡ് ദേവാലയത്തിൽ വച്ച് നാല് ദിവസത്തെ വാർഷിക ധ്യാനം നടത്തി. റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. ബാബു മൂത്തേടത്ത്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ഉണ്ണിയേശുവിന്റെ തിരുപിറവിക്കായി നാം ഒരുങ്ങുകയാണല്ലോ.ദൈവ പുത്രനായ യേശു മനുഷ്യരക്ഷക്കായി മണ്ണിൽ അവതരിച്ചപ്പോൾ സ്വർഗീയവൃന്ദം ആർത്തുപാടിയത് ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാന മെന്നായിരുന്നു. മനസ്സിൽ നന്മയുള്ളവർക്ക് സമാധാനമെന്നായിരുന്നു ഈ ആശംസയുടെ അർത്ഥം. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് മാലാഖാമാർ പാടിയ ഈ വാക്കുകൾക്ക് ഇന്ന് പ്രസക്തിയേറുകയാണ്. അപരനെ സഹോ ദരനായി കണ്ട് അവനെ സ്നേഹിക്കുവാൻ നാം മറന്നു പോകുകയാണ്. സ്വാർത്ഥതയുടെ പിടിയിലാണ് നാമിന്നുള്ളത്. സ്നേഹത്തിന്റെ അർത്ഥ തലങ്ങൾ പാടെമാറിപ്പോയി. ഹൃദയത്തിൽ തട്ടി അപരനെ സ്നേഹിതായെന്ന് വിളിക്കുവാൻ നമുക്കിന്നാവുന്നുണ്ടോ. സ്നേഹത്തിനും ഇന്ന് അളവും തൂക്ക വുമായി. സ്വപുത്രനെ ഭൂമിയിലേക്ക് -നമ്മൾ മനുഷ്യരിലൊരുവനായി നമ്മുടെ രക്ഷക്കായി അയച്ച പരമപിതാവിന് മനുഷ്യരായ നമ്മോടുള്ള സ്നേഹത്തിന് അളവുണ്ടായിരുന്നോ. നമ്മുടെയൊക്ക ഹൃദയത്തിൽനിന്ന് സ്നേഹം കൂടൊ ഴിഞ്ഞുപോയ അവസ്ഥയല്ലെ ഇന്നുള്ളത്. ജാതി-മതങ്ങളുടെ പേരിൽ-വിശ്വാ സത്തിന്റെ പേരിൽ ഇന്നു നമുക്കു ചുററും നടക്കുന്ന കോലാഹലങ്ങളുടെ യൊക്കെ അടിസ്ഥാനം സ്നേഹമില്ലായ്മയാണ്. സ്നേഹിക്കുവാൻ മറന്ന സമൂഹത്തിൽ ജീവിക്കുന്ന നാമെല്ലാവരും സ്നേഹത്തിന്റെ ജീവിക്കുന്ന പ്രതീ കങ്ങളാവണം. ഓരോ വിൻസെൻഷ്യന്റെയും ജീവിതം മറ്റുള്ളവർക്ക് മാതൃ കയാവട്ടെ. അപരന്റെ സുഖത്തിലും ദുഃഖത്തിലും അവനോടൊപ്പമായി -ആ ശ്വാസവും സ്നേഹവും പകരുന്നവരായി നാം മാറണം. കഴിഞ്ഞ ഒരു വർഷം നമ്മെ കാത്തു പരിപാലിച്ച ദൈവത്തിന് നന്ദി പറയാം. ഇക്കഴിഞ്ഞ വർഷം നമ്മിൽനിന്ന് വേർപിരിഞ്ഞു പോയവരെ നമുക്ക് അനുസ്മരിക്കാം. അടുത്ത ഒരു വർഷംകൂടി കഴിയുമ്പോൾ നമ്മിൽ എത്രപേർ അവശേഷിക്കുമെന്ന് നമുക്കറിയില്ല. സ്വർഗത്തെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന എല്ലാവർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും പുതുവത്സരം ആശംസിക്കുന്നു.

**സി.സി.യോഗം:-** സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്ത വാടി സെൻട്രൽ കൗൺസിൽ യോഗം നവംബർ 6-ന് നടവയൽ ഓസാ നാംഭവനിൽ ചേർന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സി.സി.ആത്മീയ ഉപദേഷ്ടാവ് റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി, ഓസാനാംഭവൻ എന്നിവയുടെ വരവ്-ചിലവ് കണ ക്കുകൾ ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം ഇവ യോഗം അംഗീകരിച്ചു സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി നടത്തുന്ന പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. ഓസാനാംഭവന്റെ പ്രവർത്തനങ്ങളെ സഹായിക്കുവാനായി മെഡിക്കൽ ടീം രൂപീകരിക്കുവാൻ തീരുമാനിച്ചു.

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി യുവജനവിഭാഗം കോ-ഓർഡി നേറ്ററായി ബ്ര. ബിനു കടുപ്പിൽ (കല്ലോടി)യെ സി.സി.പ്രസിഡന്റ് നോമി നേറ്റ് ചെയ്തു. ജനുവരി 12-ന് സംസ്ഥാന തലത്തിൽ നടക്കുന്ന യുവ ജനങ്ങൾക്കായുള്ള മത്സരങ്ങൾക്കു മുന്നോടിയായി സി.സി.തലത്തിൽ ഡിസം ബർ രണ്ടാംവാരത്തിൽ കലാമത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചു. സെൻറ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ശശിമല കോൺഫ്രൻസ് പ്രസിഡന്റായി രുന്ന സി.അച്ചാമ്മ മാഞ്ചിറയുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. പ്രാർത്ഥനകൾക്ക് സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, ബ്ര. രാജു വലിയാറ, ബ്ര.തങ്കച്ചൻ മേപ്പാടത്ത് എന്നിവർ നേതൃത്വം നല്കി.

**ഓസാനാംഭവൻ**:- ഓസാനാം ഭവനിലെ അപ്പച്ചന്മാർക്കും, ജീവനക്കാർക്കും പകർച്ചപനി ബാധിച്ച് ഗുരുതരാവസ്ഥയിലായ വിവരം ഇതിനകം നിങ്ങളേ വരും അിറിഞ്ഞിരിക്കുമല്ലോ. ജില്ലയിലെ ആരോഗ്യ വകുപ്പധികൃതരും, ഓസാ നാംഭവനെ സ്നേഹിക്കുന്നവരും അശ്രാന്തപരിശ്രമം നടത്തിയതിന്റെയും, ദൈവപരിപാലനയുടെയും ഫലമായി ഈ ആപത്ഘട്ടത്തെ നാം അതിജീ വിച്ചു. ഈ വിഷമസ്ഥിതിയിൽ ഓസാനാം ഭവനിലെത്തി നമ്മെ സഹായി ക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്ത മാനന്തവാടി രൂപതാധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം പിതാവ്, ശ്രീ.ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ, ശ്രീ.സി.കെ. ശശീന്ദ്രൻ എം.എൽ.എ, ഡെപ്യൂട്ടി കളക്ടർ ഇ.പി.മേഴ്സി, അസംപ്ഷൻ ആശുപത്രി അധികൃതർ, അസംപ്ഷൻ ആശുപത്രിയിലെ ഡോക്ടർമാർ, നഴ്സുമാർ, എസ്.എച്ച്. സഭാംഗങ്ങൾ, കേണിച്ചിറ പി. എച്ച്.സി, പുൽപ്പള്ളി സിഎച്ച്.സി എന്നിവയിലെ ഡോക്ടർമാർ, നഴ്സസ് സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലേഴ്സുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരെ നന്ദി യോടെ സ്മരിക്കുന്നു.

**വിൻസെൻഷ്യൻ കലണ്ടർ:-** സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ പ്രസിദ്ധീകരിച്ച കലണ്ടറിന്റെ വിത രണം വിജയപ്രദമാക്കിയ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളെയും സ്നേഹ പൂർവം അനുസ്മരിക്കുന്നു. ഇതിന് നേതൃത്വം നല്കിയ എ.സി. പ്രസിഡന്റു മാർ, കോൺഫ്രൻസ് ഭാരവാഹികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. കലണ്ടറിന്റെ പ്രകാശനകർമ്മം മാനന്തവാടി ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ രൂപതാ വികാരിജനറാൾ മോൺ. അബ്രഹാം നെല്ലിക്കൽ പ്രകാ ശനം ചെയ്തു. രൂപതാ മൈനർ സെമിനാരി ആദ്ധ്യാത്മിക പിതാവ് റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ, സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാ ന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര.ജോൺ നെടുങ്കൊമ്പിൽ, ബ്ര. വിൻസെന്റ് വടക്കുംചേരി എന്നിവർ ആശംസകളർപ്പിച്ചു.

**ഓസാനാംഭവൻ സന്ദർശനം:-** 2018 ഡിസംബർ മാസത്തിൽ ഓസാനാം ഭവനിൽ സന്ദർശനം നടത്തേണ്ടത് കുറുമ്പാല, തരിയോട് എ.സി.യിലെ കോൺഫ്രൻസുകളാണ്. അതാത് എ.സി. പ്രസിഡന്റുമാർ വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**വയനാട്ടിൽ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാതൃക യായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി**

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാന മായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രളയ ദുരിതർക്കുവേണ്ടി നടപ്പിലാക്കിയ ദുരിതാശ്വാസ പ്രവർത്തനങ്ങളും ഇപ്പോഴും തുടർന്നുകൊ ണ്ടിരിക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളും ഇതിനോടകം ഏറെ ശ്രദ്ധി ക്കപ്പെട്ട് കഴിഞ്ഞു. മാനന്തവാടി രൂപത നേരിട്ട് നേതൃത്വം നൽകിവരുന്ന ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് പുറമെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി 39262264 രൂപയുടെ പ്രവർത്തനങ്ങളാണ് നാളിതു വരെ നടപ്പിലാക്കിയത്. മാനന്തവാടി രൂപതയുടെതടക്കം 07 കോടിയിലധികം രൂപയുടെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് വയനാട്ടിൽ നേതൃത്വം നൽകുവാൻ മാനന്തവാടി രൂപതയ്ക്കും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്കും സാധിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കൾ, വസ്ത്ര ങ്ങൾ, Wash കിറ്റ്, പാത്രങ്ങൾ, ആയുർവേദിക് മരുന്നുകൾ, മെഡിക്കൽ ക്യാമ്പു കൾ, കുടിവെള്ള പദ്ധതികൾ, കറവപശുക്കളുടെ വിതരണം, ആട് വിത രണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയത്. കാരിത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവീസ്, ആരതി ഫൗണ്ടേഷൻ, CNEWA, തമിഴ്നാട് സോഷ്യൽ സർവീസ് സൊസൈറ്റി, സീമെൻസ്, HCL, യൂണിസെഫ്, GOONJ തുടങ്ങിയ പ്രസ്ഥാനങ്ങളാണ് സാമ്പത്തിക സഹായം നൽകിയത്. ഇനി പുനരധിവാസ പ്രവർത്തനങ്ങളുടെ ഘട്ടമാണ്. മാനന്ത വാടി രൂപതയ്ക്കൊപ്പം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും പുനരധിവാസ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ച് കഴിഞ്ഞു. കാർഷിക മേഖലയുടെ പുനരുജ്ജീവനം, വളർത്തുമൃഗങ്ങളുടെ വ്യാപനം, കുടി വെള്ള-ശുചിത്വ പദ്ധതികൾ, ഭവനങ്ങൾ നന്നാക്കൽ, സർക്കാർ സ്കൂളുകൾ നന്നാക്കൽ, അംഗൻവാടികൾ നന്നാക്കൽ, അംഗൻവാടികൾക്ക് പഠന ഉപ കരണങ്ങൾ വിതരണം ചെയ്യൽ തുടങ്ങിയ പുനരധിവാസ പ്രവർത്തനങ്ങൾ ആണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കുവാൻ ഉദ്ദേ ശിക്കുന്നത്. കാരിത്താസ് ഇന്ത്യ, യുണൈറ്റഡ് വേ തുടങ്ങിയ ഏജൻസി കൾ ഇതിനോടകം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി പ്രോഗ്രാം ഫലപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. ഈ മാസം 20 കുടുംബങ്ങൾക്കായുള്ള അപേക്ഷ സമർപ്പിച്ചു. 25 കുടുംബ ങ്ങൾക്കായുള്ള ഭവനനിർമ്മാണ സഹായധന പദ്ധതിയുടെ ഒരുക്കങ്ങൾ നടന്നുവരുന്നു. പ്രളയബാധിത മേഖലാ ഡയറക്ടർമാർക്കായി എറണാകുളം

റീജണൽ ഓഫീസിൽ വച്ചുനടത്തിയ മീറ്റിംഗിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ സംബന്ധിച്ചു.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്. ഫാഷൻ ഡിസൈനിംങ്, ഫുഡ് പ്രോസസ്സിംഗ്, തയ്യൽ പരിശീലനം തുടങ്ങിയ കോഴ്സുകളുടെ ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ ബാച്ചുകളുടെ പരീക്ഷയും അതുപോലെ ജോലിയും നൽകി. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റ് കോഴ്സുകൾക്ക് 10-ാം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്.

**വികാസ് പീഡിയ**

കേന്ദ്ര സർക്കാരിന്റെ ആസ്പിരേഷണൽ ജില്ലാപദ്ധതി നടപ്പിലാക്കുന്ന വയനാട്ടിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിന് വികാസ്പീഡിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി തുടങ്ങി. ജില്ലാഭരണകൂടവും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുമായി ചേർന്നാണ് വിവിധ പരിപാടികൾ നടത്തുന്നത്. ഇതുകൂടാതെ കഴിഞ്ഞ മാസങ്ങളിൽ നെഹ്റു യുവക് കേന്ദ്ര, കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് എന്നിവരുമായി ചേർന്ന് സെമിനാറുകളും ബോധവൽക്കരണ പരിപാടികളും നടത്തി. കോട്ടയം ജില്ലയിലും കോഴിക്കോട് ജില്ലയിലും ഡിജിറ്റൽ ഓൺലൈൻ സേവനങ്ങളെ ഏകോപിപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ജില്ലാതല ഉദ്യോഗസ്ഥരുമായി വികാസ്പീഡിയ സ്റ്റേറ്റ് കോഡിനേറ്റർ സി.വി. ഷിബു കൂടിക്കാഴ്ച നടത്തി.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

BIOWIN

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി എന്നത് കേവലമൊരു കൃഷിരീതി എന്നതിനെക്കാളുപരി ഒരു ജീവിതരീതിയാണ് എന്ന ആശയത്തെ മുൻനിർത്തി ആവാസവ്യവസ്ഥയുടെ ജൈവികത നഷ്ടപ്പെടുത്താതെ പ്രകൃതിവിഭവങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ടും രാസവസ്തുക്കളെ പൂർണ്ണമായി മാറ്റിനിർത്തിക്കൊണ്ട് അനുവർത്തിക്കേണ്ട ഒന്നാണ് ജൈവകൃഷി. കർഷകർക്ക് ഉയർന്ന ജീവിതനിലവാരവും ആരോഗ്യപരമായ സുസ്ഥിതിയും ഉറപ്പാക്കുന്നതിനുമായി ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ കർഷകരുടെ പങ്കാളിത്തത്തോടെ ഊർജിത പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കർഷികഗ്രൂപ്പ് മീറ്റിംഗുകൾ**

പ്രളയാനന്തര പ്രതിഭാസങ്ങളുടെ പശ്ചാത്തലത്തിൽ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ, ജൈവകൃഷിരീതിയുടെ മാനദണ്ഡങ്ങൾ, വിളകളുടെ പരിപാലനം, സംഭരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വില്ലേജ് ഫാം ക്ലബ്ബുകളിൽ ചർച്ചകൾ സംഘടിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തു. ഗ്രൂപ്പ് ലീഡേഴ്സിന്റെ പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുകയും വില്ലേജ് ഫാം ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പന്നങ്ങൾ ആഭ്യന്തരവിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനായി തവിഞ്ഞാൽ, മാനന്തവാടി, പുൽപ്പള്ളി, പനമരം, മീനങ്ങാടി എന്നീ 5 ICS കളുടെ എക്സ്റ്റേണൽ ഓഡിറ്റ് പൂർത്തിയാക്കുകയും തുടർപരിപാടികൾ സ്വീകരിക്കുകയും ചെയ്തു. ഓഡിറ്റ് പൂർത്തിയാകാത്ത 13 ICS കളുടെ സർട്ടിഫിക്കേഷൻ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് ഓഡിറ്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ ജൈവസർട്ടിഫിക്കേഷൻ പാതയിലുള്ള കൃഷിയിടങ്ങളുടെ ഇന്റേണൽ ഇൻസ്പെക്ഷനും നടന്നുകൊണ്ടിരിക്കുന്നു.

**സെമിനാറുകൾ**

ആനുകാലിക പ്രസക്തമായ ഭൗമപ്രതിഭാസങ്ങൾ പ്രളയശേഷം

കാർഷികമേഖലയുടെ സന്തുലിതാവസ്ഥക്കു ഭംഗംവരുത്തുന്ന സാഹചര്യത്തിൽ ജൈവകൃഷിരീതികളുടെ പ്രസക്തി, മാനദണ്ഡങ്ങൾ, പ്രളയാനന്തര സമസ്യകൾ, കാർഷികമേഖലയുടെ തകർച്ച-പരിഹാരമാർഗ്ഗങ്ങൾ, വിളസംരക്ഷണവും സംഭരണവും തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് പതിനെട്ടോളം സ്ഥലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. ബയോവിൻ അഗ്രോ റിസർച്ച് പ്രക്യൂർമെന്റ് മാനേജർ ശ്രീ. ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ. റോണി ജോർജ്ജ്, റീജിയണൽ ഫീൽഡ് ഓഫീസർമാരായ ശ്രീ. എൽദോ, ശ്രീ. ഡൊമിനിക്, ശ്രീ. സുജേഷ്, ശ്രീമതി റോസ, ശ്രീമതി സുജ, ശ്രീമതി ഷീല എന്നിവർ ക്ലാസ്സുകൾ നയിക്കുകയും സംശയനിവാരണം നടത്തുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം മൂലം സെമിനാറുകൾ ശ്രദ്ധേയമായിരുന്നു.

**പ്രളയബാധിതർക്ക് ഒരു കൈത്താങ്ങ്**

പ്രളയബാധിതമേഖലകളിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായഹസ്തവുമായി ബയോവിൻ അഗ്രോ റിസർച്ച് പ്രളയബാധിത മേഖലകൾ സന്ദർശിക്കുകയും ഭക്ഷണ പൊതികൾ, റൈസ്കിറ്റ്, മറ്റ് നിത്യോപയോഗ സാമഗ്രിഹികൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു.

**വോഫ എക്സിക്യൂട്ടീവ് മീറ്റിംഗ്**

വോഫയുടെ പ്രവർത്തന പദ്ധതികൾ വിലയിരുത്തുന്നതിനായി 2018 ഒക്ടോബർ മാസത്തിൽ വോഫയുടെ എക്സിക്യൂട്ടീവ് യോഗം ചേരുകയും ഭവന-പുനരുദ്ധാരണത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധിക്കുകയും അർഹരാണെന്ന് ബോധ്യമായ 13 അപേക്ഷകളിൽമേൽ സാമ്പത്തിക സഹായമായി 11,25,000 രൂപ അനുവദിച്ചു.

**കോട്ടിക്ക ജർമ്മനി 2018**

ജർമ്മനിയിലെ ഹാംമ്പർഗ്ഗിൽ വെച്ച് നടന്ന 'കോട്ടിക്ക 2018' പ്രോഗ്രാമിൽ വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, മാർക്കറ്റിംഗ് മാനേജർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ പങ്കെടുത്തു. നിലവിൽ വോഫയുടെ കാപ്പി വാങ്ങുന്ന ജർമ്മനി, ഇറ്റലി മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി ചെയ്യുന്ന കമ്പനികളുടെ പ്രതിനിധികളെ കണ്ടെത്തുന്നതിനും 2019 വർഷത്തേക്ക് കാപ്പിക്ക് കൂടുതൽ ഓഡറുകൾ മുൻകൂട്ടി വാങ്ങുന്നതിനും പ്രസ്തുത ബിസിനസ്സ് മീറ്റിംഗുകൾ മുഖേന സാധിച്ചു.

**സന്ദർശനങ്ങൾ**

2018 ഒക്ടോബർ മാസത്തിൽ ജർമ്മനിയിൽ വെച്ച് നടന്ന കോട്ടിക്ക ട്രേഡ് ഫെയറിനു ശേഷം ജർമ്മനി, ഇറ്റലി എന്നീ രാജ്യങ്ങളിലെ സുഗന്ധ വ്യഞ്ജനങ്ങൾ, കാപ്പി, ഫ്രീസ് ഡ്രൈഡ് (Freeze Dried) പഴങ്ങൾ വാങ്ങുന്ന കമ്പനികൾ സന്ദർശിക്കുകയും അതുവഴിയായി

ജർമ്മനിയിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങൾ ഇറക്കുമതി ചെയ്യുന്ന Empelde ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനി സന്ദർശിച്ചതുവഴിയായി ഒരു കണ്ടയ്നർ സുഗന്ധവ്യഞ്ജനത്തിനായുള്ള ഓർഡർ നേടിയെടുക്കുന്നതിനും സാധിച്ചു.

**മാർക്കറ്റിംഗ്**

ഒക്ടോബർ മാസത്തിൽ ജൈവ-ഫെയർട്രേഡ് കാപ്പി, കുരുമുളക്, മഞ്ഞൾപ്പൊടി, ഇഞ്ചി എന്നീ ഉല്പ്പന്നങ്ങൾക്ക് ജർമ്മനി, നെതർലാന്റ്, ബൽജിയം, ഡെൻമാർക്ക്, സ്പെയിൻ എന്നീ രാജ്യങ്ങളിൽ നിന്നും ഓഡറുകൾ സ്വീകരിക്കുന്നതിന് സാധിച്ചു.

കൂടാതെ 2019 വർഷത്തേക്ക് വോഫ, കഫേ എന്നീ കർഷക സംഘടനകളിൽ നിന്നും കാപ്പി സംഭരിക്കുന്നതിനായി മുൻകൂട്ടി ഓഡറുകൾ സ്വീകരിക്കുകയും ഇറ്റലിയിൽ പ്രവർത്തിക്കുന്ന കാപ്പി ഇറക്കുമതി ചെയ്യുന്ന കമ്പനിയുടെ പ്രതിനിധിയിൽ നിന്നും കാപ്പിക്ക് ഓർഡർ സ്വീകരിക്കുന്നതിനും ഡിസംബർ മാസത്തിൽ കമ്പനിയുടെ സന്ദർശനവും ഉണ്ടാകുന്ന വിധത്തിൽ ക്രമീകരിക്കുകയും ചെയ്തു.

**കഫേ**

**NAPP Audit**

പ്രളയക്കെടുതിയിൽ അകപ്പെട്ടവരും കഫേയിൽ അംഗങ്ങളായവരുമായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും വിവരങ്ങൾ ക്രോഡീകരിക്കുന്നതിനുമായി Network of Asia & Pacific Producers (NAPP) ന്റെ ആഭിമുഖ്യത്തിൽ ഓഡിറ്റ് നടക്കുകയുണ്ടായി. NAPP പ്രതിനിധി ശ്രീ. വർഗ്ഗീസ് നേതൃത്വം നൽകിയ ഓഡിറ്റിൽ വയനാട്ടിലെ വിവിധ പ്രദേശങ്ങളിലായി 20-ഓളം കർഷകരെ കാണുകയും അവരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. ഓഡിറ്റിൽ കഫേ കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയി, ICS കോർഡിനേറ്റർ ശ്രീ. റോണി ജോർജ്ജ് എന്നിവർ സംബന്ധിച്ചു.

**മീറ്റിംഗുകൾ**

ഫെയർട്രേഡ് ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ബാംഗ്ലൂർ NAPP ഹെഡ്കോട്ടേഴ്സിൽ വെച്ച് ചേർന്ന മീറ്റിംഗിൽ കഫേയെ പ്രതിനിധീകരിച്ച് ശ്രീ. പി.എ. ജോസഫ് പങ്കെടുത്തു. കാലവർഷക്കെടുതിയിൽ വയനാടൻ കർഷകർ അഭിമുഖീകരിച്ച പ്രശ്നങ്ങൾ ഉന്നയിക്കുകയും ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അനുസൃതമായ ക്രമീകരണങ്ങൾ കൈക്കൊള്ളേണ്ടതാണെന്ന് ഫെയർട്രേഡ് NAPP പ്രതിനിധികളെ ബോധ്യപ്പെടുത്തുകയുണ്ടായി.

**എക്സിബിഷൻ**

NAPP. AGM നോടനുബന്ധിച്ച് നടന്ന എക്സിബിഷനിൽ സംഘടനയെ പ്രതിനിധീകരിച്ച് ഫാ. ബിജു കോയ്ക്കാട്ടിൽ പങ്കെടു

ക്കുകയുണ്ടായി. പുതിയ വാണിജ്യമേഖലകൾ കണ്ടെത്തുന്നതിനും വയനാടൻ കോഫിയുടെ ഗുണമേന്മ പരിചയപ്പെടുത്തുന്നതിനും എക്സിബിഷൻ സഹായകരമായി.

**ടാർപോളിൻ ഷീറ്റ് വിതരണം**

2018-19 വർഷത്തിൽ സംഘടനവഴി നൽകുന്ന ടാർപോളിൻ ഷീറ്റിന്റെ വിതരണോദ്ഘാടനം കല്ലോടിയിൽ വെച്ച് നടക്കുകയുണ്ടായി. സംഘടനയിൽ അംഗങ്ങളായ 7623 മെമ്പർമാർക്ക് തീർത്തും സൗജന്യമായി 12 X 12 സൈസ് വലിപ്പമുള്ള ടാർപോളിൻ വിതരണം ചെയ്യുകയുണ്ടായി.

**പഞ്ചായത്ത്തല ലീഡേഴ്സ് മീറ്റിംഗ്**

സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനുമായി സംഘടനയുടെ പഞ്ചായത്ത്തല ലീഡേഴ്സ് മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. 27 പഞ്ചായത്തുകളിൽ നിന്നുമായി 250 -ഓളം കർഷക പ്രതിനിധികൾ മീറ്റിംഗിൽ സംബന്ധിച്ച് സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ സ്വരുക്കൂട്ടുകയും ചെയ്തു.

**മെഡിക്കൽ സപ്പോർട്ട്**

സംഘടനയുടെ സാമൂഹിക പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ക്യാൻസർ, കിഡ്നി രോഗബാധിതരായ 182 അപേക്ഷകൾക്ക് 5500 രൂപ തോതിൽ സാമ്പത്തിക സഹായം വിതരണം ചെയ്യുകയുണ്ടായി.

**ബോണസ് വിതരണം**

സംഘടനയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഉത്പന്നം സംഭരിച്ചതുവഴിയായി 790396 രൂപ അധിക വിലയായി നൽകുകയുണ്ടായി. സംഭരിക്കപ്പെട്ട ഓരോ കിലോഗ്രാം കാപ്പിക്കും 4 രൂപ വീതമാണ് അധിക വില നൽകിയത്.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്ന് സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഒക്ടോബർ മാസത്തിൽ കാപ്പി, കുരുമുളക്, പൈനാപ്പിൾ, മുരിങ്ങയില, പപ്പായ, മഞ്ഞൾ, തെരുവപ്പുല്ല് തുടങ്ങിയവ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ദേശീയ അന്തർദേശീയ വിപണികളിലേക്ക് വിപണനം നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ഗ്രാമമാറ്റൊലി:-** റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ വെള്ളമുണ്ട പഞ്ചായത്തിൽ ഒഴുക്കൻമൂലയിൽ നവംബർ 3 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ.മനോജ് കാക്കോനാൽ, ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട്, വിവിധ പ്രോഗ്രാം പ്രൊഡ്യൂസർമാർ എന്നിവർ നേതൃത്വം നൽകി.

**മാറ്റൊലിക്കൂട്ടം:-** മാറ്റൊലിക്കൂട്ടം വെള്ളമുണ്ടയിൽ ഒക്ടോബർ 21 ന് രൂപീകരിച്ചു. വിജ്ഞാൻ ലൈബ്രറി ഹാളിൽ നടന്ന പരിപാടിയിൽ ലൈബ്രറി സെക്രട്ടറി എം.ശശിമാസ്റ്റർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് കെ.കെ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ടി.ജി ബെന്യാമിൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ടി.ജി ബെന്യാമിൻ പ്രസിഡന്റ്, എം. ശശി മാസ്റ്റർ സെക്രട്ടറി, എം.സഹദേവൻ ട്രഷററുമായി ഭരണസമിതി രൂപീകരിക്കുകയും ചെയ്തു.

**പങ്കാളിത്തം:-** യൂണിസെഫിന്റേയും ബിബിസി മീഡിയ ആക്ഷന്റേയും സംയുക്താഭിമുഖ്യത്തിൽ നവംബർ 2, 3 തിയ്യതികളിൽ തിരുവനന്തപുരത്ത് വെച്ച് നടന്ന കമ്മ്യൂണിറ്റി റേഡിയോകൾക്ക് വേണ്ടിയുള്ള Radio saving lives strengthening disaster preparedness and enhancing residence program ൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, അലീന ജോയ്, സരിത ചന്ദ്രൻ, ജോസ്മിൻ ജോസഫ് എന്നിവർ പങ്കെടുത്തു.

**സന്ദർശനം:-** വിവിധ പ്രോഗ്രാമുകളിൽ പങ്കെടുത്ത് സംസാരിക്കുന്നതിനായി ഡോ. ദിനീഷ്, ഡോ. അമൽ ശ്യാം, അസി.ഡി.എം.ഒ. ഡോ.നൂന മർജ, ഡോ. അഭിലാഷ്. ബി, ഡി.വൈ.എസ്.പി പ്രിൻസ് അബ്രാഹം എന്നിവർ മാറ്റൊലിയിൽ എത്തി. പഠനത്തിന്റെ ഭാഗമായി ഗവ.ഹയർസെക്കണ്ടറി സ്കൂൾ കതിരൂർ, മീഡിയ വൺ അക്കാദമി കോഴിക്കോട്, ഗവ. ടെക്നിക്കൽ സ്കൂൾ ബത്തേരി, എം.കെ.എച്ച്.എം.എം.ഓ. ഹയർസെക്കണ്ടറി സ്കൂൾ മണാശ്ശേരി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ മാറ്റൊലി സന്ദർശിച്ചു.

**പാനൽ ചർച്ച:-** വന്യമൃഗശല്യവും ശാശ്വതപരിഹാരവും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. വയനാട് വന്യമൃഗശല്യ പ്രതിരോധ ആക്ഷൻ കമ്മിറ്റി ചെയർമാൻ റ്റി.സി ജോസഫ്, വടക്കനാട് വന്യമൃഗശല്യ പ്രതിരോധ ആക്ഷൻ കമ്മിറ്റി ചെയർമാൻ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, നോർത്ത് വയനാട് ഡി.എഫ്.ഓ.ആർ. കീർത്തി, നോർത്ത് വയനാട് എ.ഡി.സി.എഫ് എം.വി.ജി കണ്ണൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ബിബിൻ പടമല മോഡറേറ്ററായിരുന്നു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:-** വായിലെ ക്യാൻസർ എന്ന വിഷയത്തിൽ ഒക്ടോബർ 26 ന് ഡോ.ഷാനവാസ് പള്ളിയാലും സിക്കിൾ സെൽ അനീമിയ-ചികിത്സയും പ്രതിവിധിയും എന്ന വിഷയത്തിൽ ഒക്ടോബർ 30 ന് ഡോ. സുവീശ്രീ അനൂപും വന്ധ്യതയും ആയുർവേദവും എന്ന വിഷയത്തിൽ നവം

ബർ 6 ന് ഡോ. സാജിത ഷറഫുദ്ദീനും ജീവിതശൈലി ചിട്ടപ്പെടുത്തി പ്രമേഹം എങ്ങനെ പരിഹരിക്കാം എന്ന വിഷയത്തിൽ നവംബർ 14 ന് മാനന്തവാടി ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് ഫിസിഷ്യനും പ്രമേഹരോഗ വിദഗ്ധനുമായ ഡോ. ഷീനാസ് ബാബുവും തത്സമയ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്തു. നവംബർ 15 ന് സബ്കളക്ടർ എൻ.എസ്.കെ. ഉമേഷ് റേഡിയോ മാറ്റൊലി സംഘടിപ്പിച്ച തത്സമയ പരിപാടിയിൽ പങ്കെടുത്തു. നവംബർ 16 ന് ജില്ലാ സ്കൂൾ കലോത്സവം 2018 തത്സമയ പ്രക്ഷേപണം നടത്തി. ജോസഫ് പള്ളത്ത്, റെനീഷ്, ഭാഗ്യ ലക്ഷ്മി, ജോസ്മിൻ, ലിഷ എന്നിവർ നേതൃത്വം നല്കി. നവംബർ 17 ന് സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി ശ്രോതാക്കളുമായി സംവദിച്ചു.

**ശിശുദിനാചരണം:-** നവംബർ 14 ശിശുദിനമായി ആചരിക്കുന്നതിന്റെ ഭാഗ മായി വ്യത്യസ്തങ്ങളായ പരിപാടികൾ പ്രക്ഷേപണം ചെയ്തു. രാവിലെ 11 മണി മുതൽ 12 വരെയും ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെയും മഞ്ചാടിക്കൂട്ടം എന്ന പരിപാടി പ്രക്ഷേപണം ചെയ്തു. ഏയ്ഞ്ജല മെറിൻ നോബിൾ ചുറ്റുവട്ടം അവതരിപ്പിച്ചു. കല്ലോടി സെന്റ് ജോസഫ്സ് യു. പി. സ്കൂൾ വിദ്യാർത്ഥികൾ പ്രത്യേക ചിത്രീകരണവും പ്രക്ഷേപണം ചെയ്തു.

**ജനങ്ങൾക്കൊപ്പം:-** പഞ്ചായത്തുകൾക്ക് ജനകീയമുഖം നൽകുന്നതിന് നടപ്പാക്കുന്ന മിഷൻ വയനാട് 2018 പദ്ധതിയെകുറിച്ച് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ ജോയ് ജോൺ വിവരങ്ങൾ നൽകി. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെകുറിച്ചും മണ്ണ് സംരക്ഷണം, വിളപരിപാലനം തുടങ്ങിയ കാര്യങ്ങളെകുറിച്ചും പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷാജി അലക്സാണ്ടർ നൽകിയ വിവരങ്ങളും പ്രക്ഷേപണം ചെയ്തു.

**കരംപിടിച്ച് കരുത്തോടെ:-** പ്രളയാനന്തര വയനാടിന്റെ വീണ്ടെടുപ്പിന് റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന പരമ്പരയാണ് കരംപിടിച്ച് കരുത്തോടെ. പ്രകൃതി ദുരന്തത്തിൽ വേദനിക്കുന്നവരെ കൈപ്പിടിച്ചു യർത്തുന്നതിനാണ് പരമ്പര ലക്ഷ്യമിടുന്നത്. ജനങ്ങളുടെ ശാരീരിക -മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ, കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, ആരോഗ്യ-ശുചിത്വ ബോധവത്കരണം, പകർച്ചവ്യാധി പ്രതിരോധ മാർഗ്ഗങ്ങൾ, പരിസ്ഥിതി അവബോധം തുടങ്ങി വ്യത്യസ്ത പരിപാടികൾ അതിജീവനം പരമ്പരയിൽ ഉൾപ്പെടുന്നു. യുണിസെഫിന്റെ സഹായത്തോടെയാണ് പരമ്പര പ്രക്ഷേപണം ചെയ്യുന്നത്.

**നേരും പൊരുളും:-** രാത്രിയാത്രയും റോഡപകടങ്ങളും, തിരുവനന്തപുരം കാസർഗോഡ് അർദ്ധഅതിവേഗപാത, നോട്ടുനിരോധനം രണ്ടുവർഷം പിന്നി ടുമ്പോൾ, ക്ഷീരമേഖല എന്നിവ നേരുംപൊരുളും ചർച്ചചെയ്തു.

**മനസൗഖ്യ:-** ആഹാരശീല വൈകല്യങ്ങളെകുറിച്ച് ചെന്നലോട് ലൂയിസ് മൗണ്ട് മാനസികാരോഗ്യ കേന്ദ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ലിൻജോ സി.ജെയും അകാരണഭയം എന്ന വിഷയത്തെക്കുറിച്ച് സൈക്യാട്രിക് കൗൺസിലറും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടറുമായ ഫാ.ബിജോ കറുകപ്പിള്ളിയും വിവരങ്ങൾ പങ്കുവെച്ചു.

**അരങ്ങ്:-** ശ്രീകണ്ഠാപുരം ഗവ.ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടൻപാട്ടും അന്തരിച്ച പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറെ കുറിച്ചുള്ള ഓർമ്മകുറിപ്പും പ്രേമരാജൻ ചീക്കല്ലൂർ എഴുതി അവതരിപ്പിച്ച കണ്ണനോട് എന്ന കവിതയും പടിഞ്ഞാറത്തറ സ്വദേശി നിഖില മോഹൻ ആലപിച്ച ചലച്ചിത്ര ഗാനവും ഒഴുക്കൻമൂല സ്വദേശി നിയ റോസ് തോമസ്, എൻ. കെ പ്രവീൺ എന്നിവർ ആലപിച്ച ഗാനവും അകകണ്ണിൽ ഒരുണ്ണി എന്ന കഥാവിഷ്കാരവും അരങ്ങിൽ ഉൾപ്പെടുത്തി.

**ധന്യമീ ജീവിതം:-** പാലമുക്ക് സ്വദേശി തുരുത്തിയിൽ കെ. മമ്മൂട്ടി മാസ്റ്റർ, പള്ളിക്കൽ സ്വദേശി മൊയ്തു ബി എന്നിവരുടെ ജീവിതാനുഭവങ്ങളാണ് ധന്യമീ ജീവിതം പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**പ്രത്യേക പരിപാടികൾ:-** 2018-ൽ നോബൽ പുരസ്കാരം നേടുക വഴി ലോകശ്രദ്ധയിലേക്ക് എത്തിയവരെ പരിചയപ്പെടുത്തിയ നോബൽ 2018 എന്ന പ്രത്യേക പരിപാടി, നവരാത്രിയോടനുബന്ധിച്ചുള്ള പരിപാടി ഉപാസന, ഒക്ടോബർ 29 ലോക സോറിയാസിസ് ദിനത്തോടനുബന്ധിച്ച് ജില്ലാശുപത്രിയിലെ ത്വക് രോഗവിദഗ്ധൻ ഡോ.അമൽ ശ്യാമുമായുള്ള സോറിയാസിസ് പരിഹരിക്കാം എന്ന പ്രത്യേക അഭിമുഖം, ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആരോഗ്യവകുപ്പ് നടപ്പാക്കുന്ന ഊരുമിത്രം പദ്ധതിയെക്കുറിച്ച് ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.പി.ദിനീഷ് പങ്കു വെച്ചത്, വിദ്യാഭ്യാസമന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥിന്റെ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങളായ മികവിലേക്ക് ഉയരാൻ എന്ന പ്രത്യേക പരിപാടി, കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് വോളിബോൾ അക്കാദമിയെ കുറിച്ചുള്ള പ്രത്യേക പരിപാടിയായ മികവിലേക്ക് ഒരു സ്മാഷ്, ഏറെ കാലമായി പൊതുരംഗത്തും സാമൂഹികരംഗത്തും നിറഞ്ഞു നിൽക്കുന്ന വെള്ളമുണ്ട എട്ടേനാൽ സ്വദേശി കെ.സത്യന്റെ പ്രവർത്തനങ്ങളെകുറിച്ച് സന്നദ്ധപ്രവർത്തനത്തിലെ വേറിട്ടമുഖം എന്ന പ്രത്യേക പരിപാടി എന്നിവ പ്രക്ഷേപണം ചെയ്തു.

**ഓവർഡ്രൈവ്:-** ജാവ ബൈക്കിന്റെ മെക്കാനിക്കൽ ഫീച്ചേഴ്സ്, മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ ടിയാഗോ JTP, ടിഗോർ JTP എന്നീ പതിപ്പുകളെ ക്കുറിച്ചും ഹീറോയുടെ എക്സ്പൾസ് മോട്ടോർ സൈക്കിളിനെക്കുറിച്ചും മാരുതിയുടെ പുതിയ സിയാസ് മോഡലുകൾക്കായി സർവീസ് ക്യാംപയിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും മാരുതി എർട്ടിഗയുടെ രണ്ടാം തലമുറ നിരത്തുകളിലെത്തുന്നതും വാഹനങ്ങളുടെ നമ്പർപ്ലേറ്റിൽ പൂജ്യത്തിനും ഇടംവരുന്നതും ഓവർഡ്രൈവിൽ ഉൾപ്പെടുത്തി.

**ടെക്നോമാറ്റൊലി:-** ഗൂഗിൾ പിക്സൽ 3, നോക്കിയ 3.1 പ്ലസ്, നോക്കിയ 8110, വൺ പ്ലസ് 60 എന്നീ ഫോണുകളുടെ സവിശേഷതകളും എൻവി എക്സ് 360 ലാപ്ടോപ്പുകളുടെ പ്രത്യേകതയും ടെക്നോമാറ്റൊലി പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:-** ഡൊണേറ്റ് എ കൗ ക്യാമ്പയിൻനെകുറിച്ച് കൽപ്പറ്റ ക്ഷീരവികസന ഓഫീസർ വി.എസ്.ഹർഷ നൽകിയ വിവരങ്ങളും മൃഗചികിത്സാരംഗത്ത് നിലനിൽക്കുന്ന നാട്ടുചികിത്സാ രീതികളെ കുറിച്ചുമാണ് ക്ഷീരവാണി പങ്കുവെച്ചത്.

**വയൽനാട്:-** എടവക പഞ്ചായത്തിലെ ചെമ്പിലോട്ട് സ്വദേശി മോഹൻ,

വാളാട് കോളിച്ചാലിലുള്ള സിജു, ഒഴുക്കൻമൂല സ്വദേശികളായ കരിമ്പിനാൽ ഷാജി, റെജി പുന്നോലിൽ, ബെന്നി പുന്നോലിൽ എന്നിവരുടെ കാർഷിക വിശേഷങ്ങളാണ് വയൽനാട് പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**ഹോമിയോകെയർ:-** ജീവിത ശൈലീരോഗങ്ങളേയും ഹോമിയോപ്പതി നിഷ്കർഷിക്കുന്ന ചികിത്സാ രീതികളേയും കുറിച്ച് അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രിയിലെ ആയുഷ്മാൻഭവ പ്രോജക്ടിലെ യോഗാ ട്രെയിനർ ഡോ.സുനിൽകുമാർ നൽകിയ വിവരങ്ങൾ ആണ് ഹോമിയോകെയർ പരിപാടി പങ്കുവെച്ചത്.

**പ്രതിഭയും അതിഥിയും:-** അന്ധതയെ അക്ഷരങ്ങളിലൂടെ തോൽപ്പിക്കുന്ന കാര്യമ്പാടി മാനിക്കുനി സ്വദേശി നിഷ പി.എസ്. ആണ് പ്രതിഭയും അതിഥിയും പരിപാടിയിൽ പങ്കെടുത്തത്. അഞ്ചോളം കവിതാ സമാഹരങ്ങളാണ് ഇവരുടേതായി പുറത്തിറങ്ങിയിട്ടുള്ളത്. ആനുകാലിക വിഷയങ്ങൾക്കൊപ്പം പ്രകൃതിയും പച്ചപ്പുമെല്ലാമാണ് നിഷയുടെ കവിതയ്ക്ക് വിഷയമാകുന്നത്.

**കുടുംബവേദി:-** പ്രകൃതി നമ്മുക്ക് നൽകുന്ന പ്രചോദനത്തെകുറിച്ചാണ് കുടുംബവേദി പങ്കുവെച്ചത്.

**സ്മരണാഞ്ജലി:-** വള്ളത്തോൾ, ശ്രീവിദ്യ, നരേന്ദ്രപ്രസാദ് എന്നിവരെ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:-** വടക്കുനോക്കി യന്ത്രം, അയലത്തെ അദ്ദേഹം എന്നീ ചിത്രങ്ങൾ പ്രക്ഷേപണം ചെയ്തു.

**ആയുർകെയർ:-** അരിവാൾ രോഗത്തിന് ആയുർവേദത്തിലൂടെയുള്ള ചികിത്സാരീതികളെകുറിച്ചാണ് ആയുർകെയർ പ്രക്ഷേപണം ചെയ്തത്. വിവരങ്ങൾ നൽകിയത് ഡോ. സുവിശ്രീ അനൂപ് ആണ്.

**എഴുത്തരങ്ങ്:-** ബിസ്മിത സാഗർ തിരുവനന്തപുരം രചിച്ച അമ്മ, ഡോ.സ്വർഗ്ഗീയ അസ്ഗർ രചിച്ച മുൻ കാമുകിക്കൊപ്പം, പ്രൊഫ ശാന്തി മത്തായി രചിച്ച കളിക്കൂട്ടുകാരൻ, സച്ചിൻ എസ് എഴുതിയ ഭ്രാന്ത്, ഡോ.എബി ലൂക്കോസ് ഇരുമ്പനം എഴുതിയ മഴ, ഈ കാത്തിരിപ്പിന് ഒരു സുഖം എന്നീ കഥകളും ഫ്രൊഫ. ശാന്തി മത്തായി രചിച്ച സ്നേഹിതർ, ബോലെസ് ഫ്രീഡം, ആർത്തവം, ഒരു ചുമ്പനം, ശിൽപ മോഹൻ നിരവിൽപ്പുഴ എഴുതി അവതരിപ്പിച്ച കാടിന്റെ മക്കൾ എന്നീ കവിതകളുമാണ് എഴുത്തരങ്ങിൽ ഉൾപ്പെടുത്തിയത്.

**ഞങ്ങൾക്കുമുണ്ട് പറയാൻ:-** കേരളപ്പിറവി, വയനാട് പിറവി, മലയാള ദിനം എന്നിവയോടനുബന്ധിച്ച് നവംബർ ഒന്നിന് വയനാട്ടുകാർക്ക് പങ്കുവെക്കാനുള്ള പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് ഞങ്ങൾക്കുമുണ്ട് പറയാൻ പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**ചിത്രവിശേഷം:-** കായംകുളം കൊച്ചുണ്ണിയുടെ അവലോകനം ചിത്ര വിശേഷത്തിൽ ഉൾപ്പെടുത്തി.

**മയിൽപ്പീലി:** പള്ളിക്കൽ പാതിരിച്ചാൽ ചേമ്പിലോട്ട് പ്രദേശത്തെ 16-ാം വാർഡിലെ കുരുന്നുകൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളാണ് പ്രക്ഷേപണം ചെയ്തത്.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ, റേഡിയോ മാറ്റൊലി

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നവംബർ 17 ന് അരുൾനിലയം ദേവാലയത്തിൽവെച്ച് ഇവാലുവേഷൻ മീറ്റിങ്ങ് ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. മേഖലയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

- ബോസ്പാറ യൂണിറ്റ് അംഗം ശ്രീമതി വിനിജ യൂണിറ്റ് ലോൺ ഉപയോഗിച്ച് പലചരക്ക് കടയും Tea Shop ഉം ആരംഭിച്ചു.
- ധർമ്മഗിരി യൂണിറ്റ് മാസം 1,50,000 രൂപ യൂണിറ്റ് ലോൺ കൊടുത്തു വരുന്നു. വിവിധ SHG കൾ ഓണഫണ്ട്, ദീപാവലി ഫണ്ട് എന്നിവ നടത്തിവരുന്നു.
- കൽപ്ര യൂണിറ്റ് സ്വയം തൊഴിലിന്റെ ഭാഗമായി നല്ലയിനം ആടുകൾ, മുയലുകൾ എന്നിവയുടെ ഫാമുകൾ നടത്തുന്നു.
- കയ്യൂന്നി യൂണിറ്റ് SHG കൾ സന്ദർശിക്കുകയും ഓഡിറ്റിങ്ങ് നടത്തുകയും ചെയ്തു. രോഗീസഹായം, എണ്ണപലഹാര നിർമ്മാണം, വിതരണം എന്നിവ നടത്തിവരുന്നു.
- കുന്നലാടി യൂണിറ്റ് കുടനിർമ്മാണം, സോപ്പുപൊടി, Hand Wash എന്നിവയുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുകയും നിർമ്മിച്ച് കൊടുക്കുകയും ചെയ്യുന്നു.
- ഗാന്ധിജയന്തിയോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും റോഡിനിരുവശവും കാടുവെട്ടൽ, പ്ലാസ്റ്റിക് നിർമാർജ്ജനം തുടങ്ങിയ പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.
- NDS ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ബെക്കി യൂണിറ്റ് കോഡിനേറ്റർ സന്ദർശിച്ചു. വിമലഗിരി, മൺവയൽ, അരുൾനിലയം, ധർമ്മഗിരി യൂണിറ്റുകൾ കുടനിർമ്മാണം, വാഷിംങ്ങ് പൗഡർ, പേപ്പർ ബാഗ് എന്നിവയുടെ നിർമ്മാണ പരിശീലനം ആവശ്യപ്പെടുകയും ചെയ്തു.

**ജീവസ് ഹെൽത്ത് ഇൻഷൂറൻസ് പ്രോഗ്രാം**

ജീവസ് ഹെൽത്ത് ഇൻഷൂറൻസിൽ എല്ലാ യൂണിറ്റുകളും പങ്കാളികളാകാൻ തീരുമാനിച്ചു.

**NDS & Save a Family ഭവനനിർമ്മാണ പദ്ധതി**

ഭവനനിർമ്മാണ പദ്ധതിയിലേക്ക് യൂണിറ്റുകളിൽ നിന്നും പേര് നിർദ്ദേശിച്ചവരുടെ അപേക്ഷകൾ സ്വീകരിച്ചു.

## Trade License

NDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ സ്വയംതൊഴിൽ പദ്ധതികൾവഴി ഉത്പാദിപ്പിക്കുന്ന ഉത്പങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനായി Trade License ന് അപേക്ഷ നൽകുവാൻ തീരുമാനിച്ചു.

**ജൈവകർഷകർ**

വിമലഗിരി, ധർമ്മഗിരി, ചളിവയൽ, മൺവയൽ എന്നിവിടങ്ങളിലായി 100 ജൈവകർഷകരെ ബയോവിനിൽ ചേർത്തു.

**ജൈവതേയില സംഭരണം**

ജൈവകർഷകരിൽനിന്ന് തേയില ചപ്പ് സംഭരിക്കുന്നതിന്റെ ഭാഗമായി മീറ്റിംങ്ങ് കൂടുകയും പൈലറ്റ് പ്രോജക്ടായി കയ്യൂന്നിയിൽ നിന്നുള്ള കർഷകരിൽ നിന്ന് എത്രയുംപെട്ടെന്ന് തേയിലചപ്പ് സംഭരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തി.

**ചികിത്സാ സഹായ വിതരണം**

ബയോവിനിൽ അംഗങ്ങളായ 25 കർഷകർക്ക് 5500 രൂപ വീതം ചികിത്സാ സഹായം വിതരണം ചെയ്തു.

## Organic Certification Programme

നീലഗിരി റീജണിൽനിന്നും പുതിയതായി 325 ഓളം ജൈവകർഷകളെ Organic Farming Certification Programme ൽ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

# ജയിൽ മിനിസ്ട്രി

പതിവുപോലെ എസ്.എച്ച്. സിസ്റ്റേഴ്സ് വൈത്തിരി സബ്ബ് ജയിലിലും എഫ്.സി.സി. സിസ്റ്റേഴ്സ് മാനന്തവാടി ജില്ലാ ജയിലിലും കൗൺസിലിങ്ങ് നടത്തി. മിഷൻ മാസത്തിന്റെ പ്രേഷിതചൈതന്യം ഉൾകൊണ്ട് ഒക്ടോബർ 28 ന് വൈത്തിരി സെന്റ് മേരീസ് ഇടവകയിലെ മിഷൻലീഗ് അംഗങ്ങൾ മാനന്തവാടി ജില്ലാ ജയിൽ സന്ദർശിച്ചു. വ്യത്യസ്തങ്ങളായ കലാപരിപാടികളിലൂടെ തടവറമക്കൾക്ക് ഉന്മേഷവും പ്രതീക്ഷയും നല്കി. സന്ദർശനത്തിന് സി. ക്രിസ്റ്റി അൽഫോൻസ് എസ്.എച്ച്, ഡോ. ഷീല ജോജോ, ആൻസി കണ്ണംപുഴ എന്നിവർ നേതൃത്വം നല്കി.

നവംബർ 18 ന് വെള്ളൂന്നി പ്രൊവിഡൻസ് പള്ളിയിലെ മിഷൻലീഗ് അംഗങ്ങൾ വൈത്തിരി സബ്ബ്ജയിൽ സന്ദർശിച്ച് വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ചു. ഇവരെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയച്ച ബഹു. ജോണി കപ്യാരുമലയിൽ അച്ചൻ, സന്ദർശനത്തിന് നേതൃത്വം നല്കിയ സി. എയ്ഞ്ചൽ എസ്. എച്ച്, മിഷൻലീഗ് അംഗങ്ങൾ എന്നിവർക്ക് നന്ദി അർപ്പിക്കുന്നു. നവംബർ 27 ന് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ കോഴിക്കോട് സോണൽ മീറ്റിങ്ങ് വൈത്തിരിയിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**October-November 2018**

The University Syndicate Commission visited the college for an inspection in connection with the granting of Permanent Affiliation to the PG Programme in Computer Science and UG Programme in Physics. In the intercollegiate Table Tennis competitions, the Women's Team of the college won the championship and the Men's Team secured the second place. A few students secured selection to the University Team. In the intercollegiate Wrestling competitions, our Men's Team secured the third place.

The KSEB Officers Association conducted the college level Power Quiz competition in which Vishnu CA and Jibimol James who secured the first and second prizes respectively got qualified for the District level competitions. The IQAC and the Department of Malayalam jointly organized a competition for finding equivalent Malayalam words for English words/expressions as part of the celebrations in connection with the Malayala Bhasha Vaaram (1-7 November 2018).

The college gained eligibility for financial assistance by RUSA (Rashtriya Ucchathar Shiksha Abhiyan) and its modalities have been finalized. Mr Sonabin V Sabu of II B Sc Physics got an opportunity to participate in the Camp-cum-Seminar held in BARC Mumbai in which he presented a paper on Nuclear Science and Technology.

**Dr. Savio James**
Principal

## CEADOM വിദ്യാഭ്യാസ മേഖല

മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകരുടെയും, പ്രിൻസിപ്പൽമാരുടെയും മീറ്റിംഗ് 2018 ഡിസംബർ 6,7 തിയതികളിൽ രാവിലെ 10 മണിക്ക് ദ്വാരക എ.യു.പി. സ്ക്കൂളിൽ വെച്ച് നടക്കുന്നതാണ്. ഡിസംബർ 6–ന് എൽ.പി., യു.പി. പ്രധാനാധ്യാപകരുടെയും ഡിസംബർ 7– ന് ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി പ്രധാനാധ്യാപകരുടെയും, പ്രിൻസിപ്പൽമാരുടെയും മീറ്റിംഗുകൾ നടക്കും. കോർപ്പറേറ്റ് വിദ്യാലയങ്ങളിലെ മുഴുവൻ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെയും മീറ്റിംഗ് ഡിസംബർ 22 ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക എ.യു.പി. സ്ക്കൂളിൽ വെച്ച് നടക്കുന്നതാണ്.

വിവിധ ജില്ല, ഉപജില്ല മേളകൾ പൂർത്തിയായപ്പോൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങൾ മികച്ച വിജയം കരസ്ഥമാക്കി എന്നത് അഭിനന്ദനീയമായ കാര്യമാണ്. മേളകളിൽ ജേതാക്കളായ എല്ലാ വിദ്യാലയങ്ങളിലേയും അദ്ധ്യപകർക്കും, വിദ്യാർത്ഥികൾക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിനന്ദനങ്ങൾ.

കോർപ്പറേറ്റിന് കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും ശിശുദിനം വളരെ ഭംഗിയായി ആഘോഷിച്ചു. ശിശുദിനത്തോട് അനുബന്ധിച്ച് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച വിദ്യാലയങ്ങൾക്ക് അഭിനന്ദനങ്ങൾ.

ഈ വർഷത്തെ മോറൽ സയൻസ് പരീക്ഷ കെ.സി.ബി.സി.–യുടെ നേതൃത്വത്തിൽ ജനുവരി 11 ന് അതാത് വിദ്യാലയങ്ങളിൽ നടത്തുന്നതായിരിക്കും. 4,7,10,12 ക്ലാസുകളിൽ 1,2,3 സ്ഥാനം നേടിയ കുട്ടികൾക്കായി സംസ്ഥാനതലത്തിൽ ഫെബ്രുവരി 9 ന് നടക്കുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ മാനന്തവാടി കോർപ്പറേറ്റിന് കീഴിൽ മൂന്ന് മേഖലകളിൽ വെച്ച് പരീക്ഷ നടത്തുന്നതാണ്.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**December 2018**

| | | |
|---|---|---|
| 01 | - | Zion CRC |
| 02-05 | - | Marriage Preparation Course |
| 07 | - | Department of Youth Ministry |
| 08 | - | DYM (Convention Follow up) |
| | - | Department of Catechism (HM Conference) |
| | - | Counselling |
| 10 | - | Marian Singles |
| 12 | - | Priest Conference |
| 15 | - | SMMA Varshikam |
| 16- 20 | - | Zion Retreat |
| 21-22 | - | KCYM Annual Senate Meeting, Silver Jubilee Inauguration |
| 26-29 | - | CML |
| 27- 30 | - | MPC |

**Fr. Paul Vazhappilly**
Director, Pastoral Centre

# *Bishop's Programme*



***December 2018***

| | |
|---|---|
| *01 Sat .....................* | *Kalpetta: De Paul Public School, Annual Day* |
| *03 Mon 07 Fri ........* | *KCBC* |
| *08 Sat ....................* | *Dwaraka: Concluding Ceremony of Youth Year* |
| *09 Sun ...................* | *Kallody: Foundation Stone laying for the Presbytery* |
| *10 Mon ..................* | *Finance Council & Consulter's Meet: Bishop's House* |
| *12 Wed ...................* | *Dwaraka: Priest's Conference* |
| *13 Thu ...................* | *Pachilakad: Jesuit House* |
| *14 Fri 21 Fri ..........* | *Out of station* |
| *22 Sat .....................* | *Visitor's day* |
| *23 Sun ....................* | *Minor Seminary: Minor Orders* |
| *24 Mon ..................* | *Visitor's day* |
| *25 Tue ....................* | *Christmas* |
| *26 Wed ...................* | *Boy's Town: Priestly Ordination of Dn. Joseph Chackalackal* |
| *27 Thu ....................* | *Panavally: Priestly Ordination of Dn. Thomas Chavaranal* |
| *28 Fri .....................* | *Out of station* |
| *29 Sat .....................* | *Adikolly: Priestly Ordination of Dn. Varghese Kanipallil* |
| *30 Sun ....................* | *Out of Station* |
| *31 Mon ...................* | *Vazhavatta: Priestly Ordination of Dn. Sebastian Thenpallil* |

### *January 2019*

| | | |
|---|---|---|
| *01* | *Tue Afternoon.....* | *Kurumani: Priestly Ordination of Dn. Joseph Padinjarekaduppil MCBS* |
| *02* | *Wed....................* | *Niravilpuzha: Priestly Ordination of Dn. Sibin Vemballykunnel MSFS* |
| *03* | *Thu ....................* | *Kayyunni: School Anniversary* |
| *04* | *Fri ....................* | *Out of Station* |
| *05* | *Sat ....................* | *Arinchermala: Priestly Ordination of Dn. Paulose Pulickathottiyil VC* |
| *06* | *Sun 19 Sat .........* | *Kakkanad: Synod* |
| *20* | *Sun ..................* | *Kadachikunnu: Jubilee Celebration of the Parish* |
| *21* | *Mon .................* | *Visitors' day* |
| *22* | *Tue ....................* | *Meenangadi: Priestly Ordination of Dn. Ribhin Mundackal TOR* |
| | *Afternoon .......* | *Karani: Jubilee Celebration of the Parish* |
| *23* | *Wed....................* | *Karani: Priestly Ordination of Dn. Bijin Srambickal TOR* |
| *24* | *Thu 26 Sat .........* | *Out of Station* |
| *27* | *Sun ..................* | *Pastoral Visit: Marakavu* |
| *28* | *Mon .................* | *Chungakkunnu: Priestly Ordination of Dn. Shabin Kanjirathinkal OSFC* |
| *29* | *Tue ....................* | *New Priests Day* |
| *30* | *Wed ..................* | *Visitors' day* |